കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിക് എടുത്ത് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

3) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

4) കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബിക് പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:** മേൽപ്പരാമർശിച്ച യോഗ്യതകൾക്കു പുറമെ 14.01.2019ലെ സ.ഉ.(കൈ) നം/8/19/പൊവിവ പ്രകാരം കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബി എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി ഡബിൾ മെയിൻ ഡിഗ്രി യോഗ്യതയും ടി തസ്തികയ്ക്കുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

ബി) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ.ടെറ്റ്) പാസ്സായിരിക്കണം

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

31.03.2012നു മുൻപ് സർവീസിൽ പ്രവേശിച്ച പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക് , ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡൻഡ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ KTET പാസ്സാകണമെന്ന് നിർബന്ധമില്ല.

കുറിപ്പ് 1 ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

സി) അപേക്ഷാ തീയതിയിൽ പൊതുവിദ്യാഭ്യസ വകുപ്പിൽ ക്ലാർക്കായോ ടൈപ്പിസ്റ്റായോ അറ്റൻഡറായോ ഓഫീസ് അറ്റൻഡറായോ അഞ്ചു വർഷത്തിൽ കുറയാതെ സർവ്വീസ് ഉണ്ടായിരിക്കണം.

**കുറിപ്പ് :** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് വകുപ്പ് മേലധികാരിയിൽ നിന്നും താഴെ കൊടുത്ത മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) കൈവശം വെയ്ക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ: 522/2019
## ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം)

**1 വകുപ്പ്** : വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം)
**3 ശമ്പളം** : Rs. 25200–54000/
**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തിരുവനന്തപുരം 2 (രണ്ട്)
കൊല്ലം 1 (ഒന്ന്)
കാസർഗോഡ് 1 (ഒന്ന്)

**കുറിപ്പ്:** (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ (എം.എസ്) നമ്പർ 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16–3–1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ വിജ്ഞാപനപ്രകാരം ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) ഈ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളുടെ 3 % 07.05.2019ലെ G.O(P) No.5/2019/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5 നിയമനരീതി** :നേരിട്ടുള്ള നിയമനം.

**6 പ്രായപരിധി :** 18–40. (ഉദ്യോഗാർത്ഥികൾ 02.01.1979നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് ) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**7 യോഗ്യതകൾ :** 1) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത. (ജി.ഒ(എം.എസ്.)നം. 232/2009/പൊ.വി.വ തീയതി 30.11.2009)

2) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ സംസ്കൃത ഭാഷയിലുള്ള ബിരുദം

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (സംസ്കൃതം) പഠനത്തിലുള്ള ടൈറ്റിൽ.

**അല്ലെങ്കിൽ**

കേരള സർക്കാർ നൽകുന്ന സംസ്കൃത ഭാഷയിലുള്ള ഓറിയന്റൽ സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല നടത്തുന്ന സംസ്കൃതത്തിലുള്ള പ്രിലിമിനറി പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകളുടെ കീഴിൽ പ്രവർത്തിക്കുന്ന സംസ്കൃത കോളേജിൽ നിന്നുള്ള പ്രീയൂണിവേഴ്സിറ്റി അല്ലെങ്കിൽ പ്രീഡിഗ്രി പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മിഷണർ നടത്തുന്ന സംസ്കൃത ടിച്ചർ പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ആർട്സ് അല്ലെങ്കിൽ സയൻസ് കോളേജിൽ നിന്നും പ്രീഡിഗ്രി പരീക്ഷ, സംസ്കൃത സാഹിത്യവും സംസ്കൃത ശാസ്ത്രവും ഐശ്ചിക വിഷയങ്ങളായി പഠിച്ച് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നടത്തുന്ന സംസ്കൃത സാഹിത്യം, സംസ്കൃത ശാസ്ത്രം, ഹിസ്റ്ററി, ഇക്കണോമിക്സ് എന്നിവ കോമ്പിനേഷനായുള്ള പ്ലസ് 2 കോഴ്സ് പാസ്സായിരിക്കണം. (ജി.ഒ(എം.എസ്.)നം. 155/2007/പൊ.വി.വ തീയതി 17.08.2007)

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ: ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ് :** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം–2കാണുക :**

## കാറ്റഗറി നമ്പർ: 523/2019
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) (യു.പി.സ്കൂൾ) (തസ്തിക മാറ്റം വഴി)

**1 വകുപ്പ്** : വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) (യു.പി.സ്കൂൾ) (തസ്തിക മാറ്റം വഴി)
**3 ശമ്പളം** : ₹ 25200–54000/
**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
എറണാകുളം 2 (രണ്ട്
തൃശ്ശൂർ 1 (ഒന്ന്)
കോഴിക്കോട് 2 (രണ്ട്)
കണ്ണൂർ 1 (ഒന്ന്)

**കുറിപ്പ്:** (ii) തസ്തികമാറ്റം വഴി നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ ആയിരിക്കേണ്ടതാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16–3–1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ.ആർ. ഡി സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരികണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവിശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5 നിയമന രീതി**: തസ്തികമാറ്റം വഴിയുള്ള നിയമനം

**6 പ്രായം** : ബാധകമല്ല.

**7 യോഗ്യതകൾ** : 1 കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഹിന്ദി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഹിന്ദി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

**അല്ലെങ്കിൽ**

മദ്രാസിലെ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ പ്രവീണും കൂടാതെ കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഹിന്ദി പ്രചാരസഭയുടെ സാഹിത്യാചാര്യയും കൂടാതെ കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.

**അല്ലെങ്കിൽ**

ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ രാഷ്ട്രഭാഷ വിശാരദും കൂടാതെ കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഹിന്ദി പ്രചാരസഭയുടെ ഹിന്ദി ഭൂഷൺ പരീക്ഷയും കൂടാതെ കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.

കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സി.ടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത

കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) 31.03.2012നു മുൻപ് സർവ്വീസിൽ പ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ/ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല. (G.O.(Ms) No.134/2017/G.Edn. Dated 30.10.2017)

3 അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്കായോ ടൈപ്പിസ്റ്റായോ അറ്റൻഡറായോ ഓഫീസ് അറ്റൻഡന്റായോ അഞ്ച് വർഷത്തിൽ കുറയാതെ സർവ്വീസ് ഉണ്ടായിരിക്കണം. (GO (P) No.129/11/ G.Edn dated 31.05.2011)

(iii) മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം വെക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ മാത്രം ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

## കാറ്റഗറി നമ്പർ: 524/2019
## ഡ്രോയിംഗ് ടീച്ചർ (ഹൈസ്കൂൾ)

1 **വകുപ്പ്** : വിദ്യാഭ്യാസം

2 **ഉദ്യോഗപ്പേര്** : ഡ്രോയിംഗ് ടീച്ചർ (ഹൈസ്കൂൾ)

3 **ശമ്പളം** : ₹25200–54000/

4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| കൊല്ലം | 1 (ഒന്ന്) |
| ആലപ്പുഴ | 3 (മൂന്ന്) |
| എറണാകുളം | 2 (രണ്ട്) |
| തൃശ്ശൂർ | 1 (ഒന്ന്) |
| കോഴിക്കോട് | 1 (ഒന്ന്) |
| കണ്ണൂർ | 2 (രണ്ട്) |

**കുറിപ്പ്** (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ (എം.എസ്) നമ്പർ 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16–3–1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ വിജ്ഞാപനപ്രകാരം ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

(vi) ഈ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളുടെ 3 % 07.05.2019ലെ G.O(P) No.5/2019/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം.

6 **പ്രായം** : 18–40.(ഉദ്യോഗാർത്ഥികൾ 02.01.1979നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് ) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

7 **യോഗ്യതകൾ :** 1 എസ്.എസ്.എൽ.സി യോ തത്തുല്യ യോഗ്യതയോ ജയിച്ചിരിക്കണം.

2 ഡ്രോയിംഗിലുള്ള ഗ്രൂപ്പ് സർട്ടിഫിക്കറ്റ് ( കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ)

**അല്ലെങ്കിൽ**

കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റ് ഇൻ ഡ്രോയിംഗ് ആന്റ് പെയിന്റിംഗ് (രണ്ട് വർഷ കോഴ്സ്)

**അല്ലെങ്കിൽ**

കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നൽകുന്ന ഡിപ്ലോമ ഇൻ പെയിന്റിംഗ്

**അല്ലെങ്കിൽ**

ഡ്രോയിംഗിലുള്ള ഗ്രൂപ്പ് ഡിപ്ലോമ (( കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ)

**അല്ലെങ്കിൽ**

ഫൈൻ ആർട്സ് കോളേജ്, തിരുവനന്തപുരം നൽകുന്ന നാഷണൽ ഡിപ്ലോമ ഇൻ അപ്ലൈഡ് ആർട്സ്

**അല്ലെങ്കിൽ**

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബാച്ച്ലർ ഓഫ് ഫൈൻ ആർട്സ് (പ്രിപ്പറേറ്ററി) എക്സാമിനേഷൻ

**അല്ലെങ്കിൽ**

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബി.എഫ്.എ ഇൻ പെയിന്റിംഗ് ബിരുദം.

**അല്ലെങ്കിൽ**

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബി.എഫ്.എ ഇൻ അപ്ലൈഡ് ആർട്ട്സ് ബിരുദം.

**അല്ലെങ്കിൽ**

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബി.എഫ്.എ ഇൻ പെയിന്റിംഗ് (കണ്ടെൻസ്ഡ്) ബിരുദം

**അല്ലെങ്കിൽ**

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബി.എഫ്.എ (സ്കൾപ്ച്ചർ) ബിരുദം

**അല്ലെങ്കിൽ**

കേരള സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റ് കോഴ്സ് എക്സാമിനേഷൻ ഇൻ കോമേഴ്സ്യൽ ആർട്സ്

**അല്ലെങ്കിൽ**

പരീക്ഷാ കമ്മീഷണറോ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോ നൽകുന്ന നാഷണൽ ഡിപ്ലോമ ഇൻ ഫൈൻ ആർട്സ് (5 വർഷ കോഴ്സ്)

**അല്ലെങ്കിൽ**

കേരള സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ ഫൈൻ ആർട്സ്

3 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

***കുറിപ്പ് :*** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം–1 കാണുക:**

## കാറ്റഗറി നമ്പർ: 525/2019
## ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ
## (യു. പി. സ്ക്കൂൾ)(മലയാളം മാധ്യമം)

1 **വകുപ്പ്** : വിദ്യാഭ്യാസം

2 **ഉദ്യോഗപ്പേര്** : ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (യു.പി.സ്ക്കൂൾ)(മലയാളം മാധ്യമം)

3 **ശമ്പളം** : ₹ 25200–54000/

4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

വയനാട് – 1

തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് } പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്** (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ (എം.എസ്)നമ്പർ 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16–3–1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ വിജ്ഞാപനപ്രകാരം ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം.

6 **പ്രായം** : 18–40. (ഉദ്യോഗാർത്ഥികൾ 02.01.1979നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും)

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

7 **യോഗ്യതകൾ :** 1 കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2 a) കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ജയിച്ചിരിക്കണം.

**കുറിപ്പ്:** i) കർണ്ണാടകം, തമിഴ് നാട് എന്നീ സംസ്ഥാനങ്ങളുടെ സർട്ടിഫിക്കറ്റ് ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ യോഗ്യതയും മേൽ യോഗ്യതയ്ക്ക് പകരമായി സ്വീകരിക്കുന്നതാണ്.

(GO (MS) No 213/2010/G.Edn dated 1.11.2010)

ii) GO(MS) No. 247/2011/G.Edn തീയതി 07.12.2011 എന്ന ഉത്തരവ് പ്രകാരം കർണ്ണാടക സെക്കന്ററി എഡ്യൂക്കേഷൻ എക്സാമിനേഷൻ ബോർഡിന്റെ ഡി.പി.എഡ് കോഴ്സ് പ്രസ്തുത ബോർഡിന്റെ സി.പി.എഡ് കോഴ്സിനു തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**അല്ലെങ്കിൽ**

b) കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡ് നടത്തുന്ന ഫിസിക്കൽ എഡ്യൂക്കേഷനിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ് കോഴ്സ് ജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

c) കേരളത്തിലെ ഏതെങ്കിലും സർവകലാശാല നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ റഗുലർ പഠനത്തിലൂടെ നേടിയ ഫിസിക്കൽ എഡ്യൂക്കേഷനിലുള്ള ബി.പി.എഡ്, എം.പി.എഡ് തുടങ്ങിയ ബിരുദങ്ങളിൽ ഏതെങ്കിലും നേടിയിരിക്കണം.

(മുകളിൽ (a), (b) & (c) എന്നിവ G.O(MS)No.48/2001/G.Edn. തീയതി 9.2.2001പ്രകാരം).

**അല്ലെങ്കിൽ**

d) എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷാ യോഗ്യതയോ ഉള്ള വിമുക്ത ഭടന്മാർക്ക് (ആർമി/നേവി/എയർഫോഴ്സ്) താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

i) ആംഡ് ഫോഴ്സിലെ ഫിസിക്കൽ ട്രെയിനിംഗ് കോഴ്സ് (അസിസ്റ്റന്റ് ഇൻസ്ട്രക്റ്റേഴ്സ് ബേസിക് കോഴ്സ് ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ).

**അല്ലെങ്കിൽ**

ii)ആർമി ഫിസിക്കൽ ട്രെയിനിംഗ് കോർപ്സ് ഇൻസ്ട്രക്റ്റേഴ്സ് കോഴ്സ്.

**അല്ലെങ്കിൽ**

iii) നേവൽ ഫിസിക്കൽ ട്രെയിനിംഗ് കോർപ്സ് ഇൻസ്ട്രക്റ്റേഴ്സ് കോഴ്സ്.

**അല്ലെങ്കിൽ**

iv) എയർഫോഴ്സ് ഗ്രൗണ്ട് ട്രെയിനിംഗ് ഇൻസ്ട്രക്റ്റേഴ്സ് കോഴ്സ്.

3 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**കുറിപ്പ് :** ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം–2 കാണുക:**

## കാറ്റഗറി നമ്പർ: 526/2019
## മ്യൂസിക് ടീച്ചർ (ഹൈസ്കൂൾ)

1 **വകുപ്പ്** : വിദ്യാഭ്യാസം

2 **ഉദ്യോഗപ്പേര്** : മ്യൂസിക് ടീച്ചർ (ഹൈസ്കൂൾ)

3 **ശമ്പളം** : ₹ 25200–54000/

4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| കൊല്ലം | 02 (രണ്ട്) |
| മലപ്പുറം | 06 (ആറ്) |
| കണ്ണൂർ | 01 (ഒന്ന്) |

**കുറിപ്പ്** (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ (എം.എസ്)നമ്പർ 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16–3–1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ വിജ്ഞാപനപ്രകാരം ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

(vi) ഈ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളുടെ 3 % 07.05.2019ലെ G.O(P) No.5/2019/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം.

6 **പ്രായം** : 18–40. (ഉദ്യോഗാർത്ഥികൾ 02.01.1979നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് ) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

7 ***യോഗ്യതകൾ :*** 1 കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും ലഭിച്ചതോ അംഗീകരിച്ചതോ ആയ മ്യൂസിക് ബിരുദം.

**അല്ലെങ്കിൽ**

(എ) കേരളത്തിലെ ഗവൺമെന്റ് അല്ലെങ്കിൽ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**കൂടാതെ**

(ബി) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന വോക്കൽ മ്യൂസിക്കിലുള്ള ഗാന പ്രവീണ/ഗാന ഭൂഷണ പരീക്ഷ

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന വയലിൻ, വീണ എന്നിവയിലുള്ള ഗാനഭൂഷണം ഡിപ്ലോമ

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകിയ മ്യൂസിക് സീനിയർ സർട്ടിഫിക്കറ്റ്.

**അല്ലെങ്കിൽ**

മദ്രാസിലെ സെൻട്രൽ കോളേജ് ഓഫ് കർണാടിക് മ്യൂസിക് നൽകിയ സംഗീത വിദ്വാൻ ടൈറ്റിൽ

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകിയ ഗാന പ്രവീണ/ഗാന ഭൂഷണം (മൃദംഗം)

2 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ് :** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം–1 കാണുക:**

## കാറ്റഗറി നമ്പർ: 527/2019
## ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II)

**1. വകുപ്പ്** : ആരോഗ്യവകുപ്പ്/മുനിസിപ്പൽ കോമൺ സർവ്വീസ്

**2. തസ്തികയുടെ പേര്** : ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II

**3. ശമ്പളം** : ₹ 22,200–48000/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തൃശ്ശൂർ – 01 (ഒന്ന്)
മറ്റു 13 ജില്ലകൾ – പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ അയക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാടിസ്ഥാനത്തിൽ 27.05.71ലെ സർക്കാർ ഉത്തരവ് (എം.എസ്)154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശുപാർശ ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർജില്ലാ സ്ഥലംമാറ്റങ്ങളുടെ കാര്യത്തിൽ 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർ ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ പാടുള്ളതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 18–41 ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമനാനുസൃത ഇളവുണ്ടായിരിക്കും.

കുറിപ്പ്: യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക).

**7. യോഗ്യതകൾ: ജനറൽ:**1)എസ്.എസ്.എൽ.സി

**2. ടെക്നിക്കൽ:** കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ആക്സിലറി നഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (18 മാസം ദൈർഘ്യമുള്ള പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നു ലഭിച്ച ആക്സിലറി നഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് /ആക്സിലറി നഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം

**അല്ലെങ്കിൽ**

കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്

3) കേരള നഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ്** :1. പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം നിർദ്ദിഷ്ട സാമാന്യ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ അഭാവത്തിൽ എട്ടാം സ്റ്റാൻഡേർഡ് പാസായവരേയും പരിഗണിക്കുന്നതാണ്. നിശ്ചിത യോഗ്യതയുള്ള പട്ടികവർഗ്ഗത്തിൽപ്പെട്ട പൂർണ്ണയോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിലും പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വേണ്ടി നീക്കിവച്ചിരിക്കുന്ന ക്വാട്ട നികത്തുന്നതിനും മാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ.

2) പട്ടികജാതിയിലും മറ്റ് പിന്നോക്ക വിഭാഗത്തിലുംപെട്ട ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ നിർദ്ദിഷ്ട സാമാന്യ വിദ്യാഭ്യാസ യോഗ്യത നേടിയവരുടെ അഭാവത്തിൽ ടി യോഗ്യത പൂർത്തിയായ എസ്.എസ്.എൽ.സി കോഴ്സ് എന്ന് ഇളവ് ചെയ്ത് കൊടുക്കുന്നതാണ്. പട്ടികജാതിയിലും മറ്റ് പിന്നോക്ക വിഭാഗത്തിലുംപെട്ട ഉദ്യോഗാർത്ഥികൾക്ക് നീക്കിവച്ചിരിക്കുന്ന കോട്ട നിർത്തുന്നതിനും നിശ്ചിത യോഗ്യത നേടിയ പൂർണ്ണയോഗ്യരായ പട്ടികജാതിയിലും മറ്റ് പിന്നോക്ക വിഭാഗത്തിലുംപെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിലും മാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളൂ.

3) ഭിന്നശേഷിവിഭാഗക്കാർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല. പൊതുവ്യവസ്ഥകളിലെ 2,5 ഖണ്ഡികകളിൽ ഭിന്നശേഷി വിഭാഗത്തിന് നൽകുന്ന ആനുകൂല്യങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ: 528/2019
## ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II)

**1 വകുപ്പ്** : ആയുർവേദ കോളേജ്

**2 ഉദ്യോഗപ്പേര്** : ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II

**3 ശമ്പളം** : ₹22,200–48000/

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
കണ്ണൂർ 01 (ഒന്ന്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി.ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ച് വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (MS) 4/61/പിഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കുവാൽ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) 03.01.2013 ലെ G.O (P) No.01/13/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളുടെ 3% ( മൂന്ന് ശതമാനം) Locomotor disabiltiy/Cerebral Palsy, Hearing Impairment എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. Blindness/Low vision വിഭാഗത്തിലുള്ള ഭിന്നശേഷിക്കാരെ 3% ഭിന്നശേഷി സംവരണത്തിന് ഐഡന്റിഫൈ ചെയ്തിട്ടില്ലാത്തതിനാൽ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ ടി വിഭാഗക്കാർ അർഹരല്ല.

**നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** : 19–36. ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01. 2000നും (രണ്ടു തീയതികളും ഉൾപ്പെടെ). ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്കവിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക.

**7 യോഗ്യതകൾ :** (1) സയൻസ് ഗ്രൂപ്പിലുള്ള പി.ഡി.സി ജയിച്ചിരിക്കണം അല്ലെങ്കിൽ കേരള സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യത.

(2) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന മെഡിക്കൽ ലബോറട്ടറി ടെക്നോളജി കോഴ്സ് വിജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്ല്യമായ യോഗ്യത.

## കാറ്റഗറി നമ്പർ: 529/2019
## ഫാർമസിസ്റ്റ് ഗ്രേഡ് II)

**1 വകുപ്പ്** : ആരോഗ്യം

**2 ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II

**3 ശമ്പളം** : ₹ 22200–48000

**4 ഒഴിവുകളുടെ എണ്ണം** : എല്ലാ ജില്ലകളിലും – പ്രതീക്ഷിത ഒഴിവുകൾ

**നോട്ട്:** (ii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിൽ ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി. ഒ. (എം.എസ്.) 154/71/പി.ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ ജി. ഒ. (എം.എസ്) നം. 4/61/പി.ഡി എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല .

(v) 01.01.1999 ലെ G.O(P) No.1/99/P&ARD, G.O.(P) No.20/98/P&ARD dated 11.07.1998 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളുടെ 3%(മൂന്ന് ശതമാനം) Locomotor Disabiltiy/ Cerebral Palsy വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. Blindness/Low vision, Hearing Impairment വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ 3% ഭിന്നശേഷി സംവരണത്തിന് ഐഡന്റിഫൈ ചെയ്തിട്ടില്ലാത്തതിനാൽ ടി വിഭാഗക്കാർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01.2001നും (രണ്ടു തീയതികളും ഉൾപ്പെടെ). ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ ക്കാർക്കും മറ്റ് പിന്നോക്കവിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക.

**7 യോഗ്യതകൾ :** (i) പ്രീഡിഗ്രീ/പ്ലസ് ടു/വി.എച്ച്.എസ്.ഇ.

(ii) ഫാർമസിയിൽ ലഭിച്ചിട്ടുള്ള ഡിപ്ലോമ (D-Pharm)

(iii) കേരള സംസ്ഥാന ഫാർമസി കൗൺസിലിൽ നിന്നും ലഭിച്ച രജിസ്ടേഷൻ.

## കാറ്റഗറി നമ്പർ: 530/2019
## പോലീസ് കോൺസ്റ്റബിൾ
## (ആംഡ് പോലീസ് ബറ്റാലിയൻ)

**1. വകുപ്പ്** : പോലീസ്

**2. ഉദ്യോഗപ്പേര്** : പോലീസ് കോൺസ്റ്റബിൾ (ആംഡ് പോലീസ് ബറ്റാലിയൻ)

**കുറിപ്പ്:** ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**3. ശമ്പളം** : Rs. 22,200–48,000/

**4. ഒഴിവുകളുടെ എണ്ണം** : ബറ്റാലിയൻ അടിസ്ഥാനത്തിൽ

| | |
|---|---|
| തിരുവനന്തപുരം (എസ്.എ.പി.) | പ്രതീക്ഷിത ഒഴിവുകൾ |
| പത്തനംതിട്ട (കെ.എ.പി III) | |
| ഇടുക്കി (കെ.എ.പി V) | |
| എറണാകുളം (കെ.എ.പി I) | |
| തൃശ്ശൂർ (കെ.എ.പി II) | |
| മലപ്പുറം (എം.എസ്.പി) | |
| കാസറഗോഡ് (കെ.എ.പി IV) | |

ബറ്റാലിയൻ, ബറ്റാലിയൻ ഉൾപ്പെടുന്ന ജില്ലകളും പോലീസ് ജില്ലകളും നിയമനച്ചുമതല യുള്ള പി.എസ്.സി ജില്ലാ ഓഫീസ്

1. എസ്.എ.പി തിരുവനന്തപുരം റവന്യൂ ജില്ല (തിരുവനന്തപുരം സിറ്റി, റൂറൽ പോലീസ് ഡിസ്ട്രിക്ട്) തിരുവനന്തപുരം
2. കെ.എ.പി III കൊല്ലം, ആലപ്പുഴ, പത്തനംതിട്ട റവന്യൂ ജില്ലകൾ (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട പോലീസ് ഡിസ്ട്രിക്ടുകൾ) പത്തനംതിട്ട
3. കെ.എ.പി V കോട്ടയം, ഇടുക്കി റവന്യൂ ജില്ലകൾ (കോട്ടയം, ഇടുക്കി എന്നീ പോലീസ് ഡിസ്ട്രിക്ടുകൾ) ഇടുക്കി
4. കെ.എ.പി I എറണാകുളം റവന്യൂ ജില്ല (കൊച്ചി സിറ്റി ആന്റ് എറണാകുളം റൂറൽ പോലീസ് ഡിസ്ട്രിക്ടുകൾ) എറണാകുളം
5. കെ.എ.പി II തൃശ്ശൂർ, പാലക്കാട് റവന്യു ജില്ലകൾ (തൃശ്ശൂർ, പാലക്കാട് പോലീസ് ഡിസ്ട്രിക്ടുകൾ) തൃശ്ശൂർ
6. എം.എസ്.പി മലപ്പുറം, കോഴിക്കോട് റവന്യു ജില്ലകൾ (മലപ്പുറം പോലീസ് ഡിസ്ട്രിക്ട്, കോഴിക്കോട് സിറ്റി ആന്റ് റൂറൽ പോലീസ് ഡിസ്ട്രിക്ടുകൾ) മലപ്പുറം
7. കെ.എ.പി IV കണ്ണൂർ, വയനാട്, കാസറഗോഡ് റവന്യൂ ജില്ലകൾ (കണ്ണൂർ, വയനാട്, കാസറഗോഡ് പോലീസ് ഡിസ്ട്രിക്ടുകൾ) കാസറഗോഡ്

തെരഞ്ഞെടുപ്പ് ബറ്റാലിയൻ അടിസ്ഥാനത്തിൽ നടത്തുന്നതിനാൽ, അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക്, നിയമനം ലഭിക്കുന്ന ബന്ധപ്പെട്ട ജില്ലാ ആംഡ് റിസർവ്വ് പോലീസിലേക്ക് മാത്രമേ സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളു.

**കുറിപ്പ് :** 1) ഈ വിജ്ഞാപന പ്രകാരം ഒരു ഉദ്യോഗാർത്ഥി ഏതെങ്കിലും ഒരു ബറ്റാലിയനിലേക്ക് മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളു.

2) ഓരോ ബറ്റാലിയനും പ്രത്യേക റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തുന്നതാണ്. ഈ റാങ്ക് പട്ടികകൾക്ക് അവ അംഗീകരിക്കുന്ന തീയതി മുതൽ ഒരു വർഷത്തെ കാലാവധി ഉണ്ടായിരിക്കും. മേൽ സൂചിപ്പിച്ചതും റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്നതുമായ ഒഴിവുകളിലേയ്ക്ക് നിയമനശിപാർശ നടത്തുന്നതാണ്.

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം.(ബറ്റാലിയൻ അടിസ്ഥാനത്തിൽ)

**6. പ്രായം** : 18–26; ഉദ്യോഗാർത്ഥികൾ 02.01.1993 നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:** ഉയർന്ന പ്രായപരിധി മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ പ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 29 വയസ്സായും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 31 വയസ്സായും വിമുക്ത ഭടൻമാരായ ഉദ്യോഗാർത്ഥികൾക്ക് 40 വയസ്സായും നിജപ്പെടുത്തിയിരിക്കുന്നു. (വയസ്സിളവ് സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) നോക്കുക) പ്രായപരിധിയിലെ ഇളവുകൾ സംബന്ധിച്ച പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 പ്രകാരമുള്ള മറ്റ് വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7. യോഗ്യതകൾ:** (എ) വിദ്യാഭ്യാസം : ഹയർസെക്കൻഡറി (പ്ലസ് ടു) പാസ്സായിരിക്കണം അഥവാ തത്തുല്യമായ പരീക്ഷ ജയിച്ചിരിക്കണം.

**ബി) ശാരീരിക യോഗ്യതകൾ**

(1) ഉയരം: കുറഞ്ഞത് 168 സെന്റി മീറ്റർ

(2) നെഞ്ചളവ് : കുറഞ്ഞത് 81 സെ.മീ (കുറഞ്ഞത് 5 സെ.മീ വികാസവും വേണം)

**കുറിപ്പ്** : പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 160 സെ.മീ ഉയരവും 76 സെ.മീ നെഞ്ചളവും ഉണ്ടായിരുന്നാൽ മതിയാകും. എന്നാൽ നെഞ്ചളവിന്റെ വികാസം 5 സെ.മീ വേണമെന്ന നിബന്ധന പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും ബാധകമാണ്.

3. കാഴ്ചശക്തി

താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്**

1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

2)മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതായിരിക്കും.

നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രംഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**കുറിപ്പ്:** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പ

രീക്ഷയോടൊപ്പം എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയിൽ വീണ്ടുമൊരവസരം നൽകുന്നതല്ല.

ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷാ സമയത്ത് താഴെ ചേർത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജനിൽ/ജൂനിയർ കൺസൾട്ടന്റിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ/ഗുഡ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

8. തെരഞ്ഞെടുപ്പിനായുള്ള താൽക്കാലിക ഷെഡ്യൂൾ ഒ.എം.ആർ പരീക്ഷാ തീയതി : 2020 ജൂൺ ജൂലൈ

ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും : 2020 നവംബർ ഡിസംബർ.

## കാറ്റഗറി നമ്പർ: 531/2019
## ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവേദം)

**1. വകുപ്പ്** : ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ /ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് / ആയുർവേദ കോളേജുകൾ

**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവേദം)

**3. ശമ്പളം** : ₹ 20,000–45,800/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 1 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 1 |
| കോട്ടയം | 6 |
| ഇടുക്കി | 12 |
| എറണാകുളം | 5 |
| തൃശൂർ | 4 |
| പാലക്കാട് | 3 |
| കോഴിക്കോട് | 1 |
| വയനാട് | 4 |
| കണ്ണൂർ | 3 |
| കാസറഗോഡ് | 2 |

(ii)ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) 29/06/2019 ലെ GO(സാധാ)നം.394/2019/SJD പ്രകാരം 3% ഭിന്നശേഷി സംവരണത്തിനായി ഒഴിവുകൾ മാറ്റിവയ്ക്കുന്നതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം**: (1) ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ /ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്/ 18–36. ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും)

(2) ആയുർവേദ കോളേജുകൾ

19–36 ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് ) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക.

**7. യോഗ്യതകൾ : ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ/ആയുർവേദ കോളേജുകൾ**

(i) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

(ii) കേരള ഗവൺമെന്റ് അംഗീകരിച്ച ആയുർവേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്/ ഡിപ്ലോമ

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്**

ഗവൺമെന്റ് അംഗീകൃത ആയുർവേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ്.

## കാറ്റഗറി നമ്പർ: 532/2019
## ഫാർമസിസ്റ്റ് (ഹോമിയോ)

**1. വകുപ്പ്** : ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് (ഹോമിയോ)

**3. ശമ്പളം** : ₹ 20,000 – 45,800/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
കോട്ടയം 01 (ഒന്ന്)

കുറിപ്പ്: (ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് (MS) 154/71/PD ലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (M.S) 4/61/PD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല.

(iii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്.

(v) 01.01.1999ലെ G.O (P) No. 01/99/P&ARD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഈ തസ്തികയുടെ 3% (മുന്ന് ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. Hearing Impairment, Blindness or Low Vision വിഭാഗങ്ങളെ 3% ഭിന്നശേഷി സംവരണത്തിന് ഐഡന്റിഫൈ ചെയ്തിട്ടില്ലാത്തതിനാൽ ടി ഭിന്നശേഷി വിഭാഗക്കാർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** (എ) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത.

(ബി) കേരള ഗവൺമെന്റ് നടത്തുന്ന നഴ്സ് കം ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം ലഭിച്ച സർട്ടിഫിക്കറ്റ് അഥവാ തത്തുല്യമായ യോഗ്യത.

## കാറ്റഗറി നമ്പർ: 533/2019 – 535/2019
## ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II / പൗൾട്രി അസിസ്റ്റന്റ് /മിൽക്ക് റെക്കോഡർ / സ്റ്റോർകീപ്പർ / എന്യൂമറേറ്റർ

**1. വകുപ്പ്** : മൃഗസംരക്ഷണം

**2. ഉദ്യോഗപ്പേര്** : ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II /പൗൾട്രി അസിസ്റ്റന്റ്/ മിൽക്ക് റെക്കോഡർ/ സ്റ്റാർകീപ്പർ/എന്യൂമറേറ്റർ

**3. ശമ്പളം** : ₹20000–45800/രൂപ

**4. നിയമനരീതി** : നേരിട്ടുള്ള നിയമനം (താഴെപ്പറയുന്ന മൂന്ന് വിഭാഗങ്ങളിൽ നിന്നും മാത്രം.)

| ക്രമ നം. | കാറ്റഗറി നമ്പർ | വിഭാഗം |
|---|---|---|
| 1 | 533/2019 | കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ് മാരിൽ നിന്നും |
| 2 | 534/2019 | വിമുക്തഭടന്മാർ / വിമുക്തഭടന്മാരുടെ ആശ്രിതർ പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർ എന്നിവരിൽ നിന്നും |
| 3 | 535/2019 | പൊതു വിഭാഗത്തിൽ നിന്നും |

**5. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| ജില്ലയുടെ പേര് | വിഭാഗം | | |
|---|---|---|---|
| | കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ് മാർ | ജവാൻ | പൊതു വിഭാഗം |
| 1 തിരുവനന്തപുരം | കണക്കാക്കപ്പെട്ടിട്ടില്ല | കണക്കാക്കപ്പെട്ടിട്ടില്ല | കണക്കാക്കപ്പെട്ടിട്ടില്ല |
| 2 കൊല്ലം | ” | ” | ” |
| 3 പത്തനംതിട്ട | ” | ” | ” |
| 4 ആലപ്പുഴ | ” | ” | ” |
| 5 കോട്ടയം | ” | ” | ” |
| 6 ഇടുക്കി | ” | 2 | ” |
| 7 എറണാകുളം | ” | 3 | ” |
| 8 തൃശൂർ | ” | കണക്കാക്കപ്പെട്ടിട്ടില്ല | ” |
| 9 പാലക്കാട് | ” | ” | ” |
| 10 മലപ്പുറം | ” | 1 | ” |
| 11 കോഴിക്കോട് | ” | 2 | ” |
| 12 വയനാട് | ” | കണക്കാക്കപ്പെട്ടിട്ടില്ല | ” |
| 13 കണ്ണൂർ | ” | ” | ” |
| 14 കാസറഗോഡ് | ” | ” | ” |

**കുറിപ്പ്** (i) ആകെ ഒഴിവുകളുടെ 15% മൃഗസംരക്ഷണ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിലോ മിനിസ്റ്റീരിയൽ സർവ്വീസിലോ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലോ ഉൾപ്പെടുന്ന ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയും 10% വിമുക്തഭടന്മാരിൽ നിന്നും അവരുടെ ആശ്രിതരിൽ നിന്നും പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതരിൽ നിന്നും നേരിട്ടുള്ള നിയമനത്തിനായും ബാക്കിയുള്ള 75% ഒഴിവുകളുടെ 75% കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരിൽ നിന്നും 25% ഓപ്പൺ ക്വാട്ടയിൽ നിന്നും നേരിട്ട് നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് പ്രകാരം സംവരണം ചെയ്തിരിക്കുന്നു.

(ii) കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർ തങ്ങളുടെ സർവ്വീസ് സംബന്ധിച്ച വിവിരങ്ങളടങ്ങുന്ന, ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിച്ച, സർവ്വീസ് സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. ടി വിഭാഗക്കാർക്കായി നീക്കി വച്ചിരിക്കുന്ന ഒഴിവുകൾ നിലവിലുള്ള സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി നികത്തുന്നതായിരിക്കും. കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർക്ക് നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്ക് അവരുടെ അഭാവത്തിൽ ഓപ്പൺ ക്വാട്ടയിലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

(iii) വിമുക്തഭടന്മാർ, വിമുക്തഭടന്മാരുടെ ആശ്രിതർ, പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർ എന്നീ വിഭാഗത്തിൽപ്പെട്ട അപേക്ഷകർ പ്രസ്തുത ബന്ധം തെളിയിക്കുന്നതിലേയ്ക്ക് സ്ഥലത്തെ തഹസീൽദാരിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. തഹസീൽദാരുടെ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ വിമുക്തഭടന്മാർ, പ്രതിരോധ സേനാംഗങ്ങൾ എന്നിവരുമായുള്ള ബന്ധം തെളിയിക്കുന്നതിനും ഇവരുടെ പേര്, സൈന്യത്തിലെ റാങ്ക്, മേൽവിലാസം എന്നീ സൈനിക സേവന വിവരങ്ങളും അടങ്ങിയ, ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും ലഭിക്കുന്ന, സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(iv) വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർക്കുമായി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ താഴെപ്പറയുന്ന മുൻഗണനാ ക്രമത്തിലായിരിക്കും നികത്തപ്പെടുന്നത്.

(എ വിമുക്തഭടന്മാർ

(ബി)യുദ്ധത്തിൽ കൊല്ലപ്പെടുകയോ കാണാതാവുകയോ ചെയ്ത ജവാന്മാരുടെ ഭാര്യമാരും കുട്ടികളും.

(സി)വിമുക്തഭടന്മാരുടേയും / മരണമടഞ്ഞ വിമുക്തഭടന്മാരുടേയും ഭാര്യമാരും കുട്ടികളും.

(ഡി) സർവ്വീസിലിരിക്കുന്ന ജവാന്മാരുടെ ഭാര്യമാരും കുട്ടികളും.

(ഇ) യുദ്ധത്തിൽ കൊല്ലപ്പെട്ട ജവാന്മാരുടെ ആശ്രിതരായ സഹോദരന്മാരും സഹോദരിമാരും.

(എഫ്) വിമുക്തഭടന്മാരുടേയും സർവ്വീസിലിരിക്കുന്ന ജവാന്മാരുടെയും ആശ്രിതരായ സഹോദരന്മാരും സഹോദരിമാരും.

കുറിപ്പ് : ജനറൽ റസർവ്വ് എഞ്ചിനീയറിംഗ് സേനാംഗങ്ങളുടെ ആശ്രിതർ പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതരുടെ പരിധിയിൽ വരുന്നതല്ല.

(v) വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും പ്രതിരോധ സേനാംഗങ്ങളുടെ ആശ്രിതർക്കും കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർക്കും പ്രായപരിധി ഉൾപ്പെടെയുള്ള എല്ലാ യോഗ്യതകളും ഉള്ളപക്ഷം പൊതുവിഭാഗത്തിലെ ഒഴിവുകളിലേക്കും അപേക്ഷിക്കാവുന്നതാണ്. ആയതിലേയ്ക്ക് അവർ പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

(vii)യോഗ്യതയുള്ള പക്ഷം ഉദ്യോഗാർത്ഥികൾ മേൽപ്പറഞ്ഞ മൂന്ന് കാറ്റഗറികളിലേയ്ക്കും വെവ്വേറെ അപേക്ഷിക്കാവുന്നതാണ്. എന്നാൽ ഒന്നിൽ കൂടുതൽ ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല. ഇതിനു വിരുദ്ധമായി ഒരു ഉദ്യോഗാർത്ഥി ഒന്നിലധികം ജില്ലകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുന്നതിന് ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(viii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി.ഡി. എന്ന സർക്കാർ ഉത്തരവിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991 ലെ ജി.ഒ. (പി) നം. 36/91/പി ആന്റ് എ.ആർ.ഡി.യിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി.ഒ. (പി) 12/96/പി. ആന്റ് എ. ആർ.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇരിക്കുന്നവർ ഇതേ ഉദ്യോഗത്തിനു മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(ix) കമ്മീഷൻ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾ താൽക്കാലികമായി നിയമിക്കപ്പെടുന്നതും അവരെ സ്റ്റോക്ക്മാൻ ട്രെയിനിംഗ് കോഴ്സ് / ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ് ട്രെയിനിംഗ് കോഴ്സിന് പങ്കെടുപ്പിക്കുന്നതും വിജയകരമായി ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കുന്നവരുടെ താൽക്കാലിക നിയമനം അവരുടെ ആദ്യ നിയമനം മുതൽ സ്വീകരിച്ച് പരിശീലനകാലം റഗുലർ സർവീസിനായി പരിഗണിക്കുന്നതുമാണ്. ആദ്യ പ്രാവശ്യം പരിശീലന കോഴ്സ് വിജയകരമായി പൂർത്തിയാക്കാത്തവർക്ക് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിന് മൂന്ന് അവസരങ്ങൾ കൂടി അനുവദിക്കുന്നതാണ്. നാലാമത്തെ പ്രവാശ്യവും ഉദ്യോഗാർത്ഥികൾ കോഴ്സ് വിജകരമായി പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടാൽ അവരുടെ താൽക്കാലിക നിയമനം റദ്ദുചെയ്യുന്നതും അവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്. ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗിന് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഒരു റാങ്കിംഗ് ഉണ്ടായിരിക്കുന്നതല്ല.

(x) തെരഞ്ഞെടുക്കപ്പെടുന്നപക്ഷം ട്രെയിനികൾ കുറഞ്ഞത് അഞ്ച് വർഷക്കാലമെങ്കിലും കേരള സർക്കാരിന്റെ കീഴിൽ സേവനമനുഷ്ഠിച്ചു കൊളളാമെന്ന ഒരു ഉടമ്പടി നിർദ്ദിഷ്ട ഫാറത്തിൽ എഴുതിവയ്ക്കേണ്ടതാണ്. ഈ സേവനകാലത്തിനിടയ്ക്കോ പരിശീലന സമയത്തോ പിരിഞ്ഞു പോകുന്ന ട്രെയിനികൾ സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം സർക്കാരിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

(xi) ഓരോ ട്രെയിനിയും ശാരീരിക യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റ് സർവ്വീസിൽ അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങിയ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**6. പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടിക ജാതി / പട്ടിക വർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ്മാരായി സർവ്വീസിൽ ഇരിക്കുന്നവർക്ക് അവരുടെ സേവനകാലത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ).

**കുറിപ്പ് :** (യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് (എല്ലാ ഇളവുകളും ഉൾപ്പെടെ) കവിയാൻ പാടുള്ളതല്ല. ഈ വിജ്ഞാപനത്തിലെ പാർട്ട് II പൊതുവ്യവസ്ഥയിലെ ഖണ്ഡിക 2 കാണുക (ഖണ്ഡിക 2 (i) ഒഴികെ).

**7 യോഗ്യതകൾ :** ലൈവ് സ്റ്റോക്ക് മാനേജ്മെന്റിലുള്ള വി.എച്ച്.എസ്.ഇ പാസ്സായിരിക്കണം.

**കുറിപ്പ്** :(i) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഈ തസ്തികയക്ക് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

## കാറ്റഗറി നമ്പർ: 536/2019
## ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II / പൗൾട്രി അസിസ്റ്റന്റ് /മിൽക്ക് റെക്കോഡർ / സ്റ്റോർകീപ്പർ / എന്യൂമറേറ്റർ

**1. വകുപ്പ്** : മൃഗസംരക്ഷണം

**2. ഉദ്യോഗപ്പേര്** : ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്II / പൗൾട്രി അസിസ്റ്റന്റ്/മിൽക്ക് റെക്കോഡർ / സ്റ്റോർകീപ്പർ / എന്യൂമറേറ്റർ

**3. ശമ്പളം** : ₹20000–45800

**4. നിയമനരീതി** : ഡിപ്പാർട്ടുമെന്റൽ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം

**5. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| ക്രമ നം | ജില്ലയുടെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | കണക്കാക്കപ്പെട്ടിട്ടില്ല |
| 2 | കൊല്ലം | ” |
| 3 | പത്തനംതിട്ട | ” |
| 4 | ആലപ്പുഴ | ” |
| 5 | കോട്ടയം | ” |
| 6 | ഇടുക്കി | 1 |
| 7 | എറണാകുളം | കണക്കാക്കപ്പെട്ടിട്ടില്ല |
| 8 | തൃശൂർ | ” |
| 9 | പാലക്കാട് | ” |
| 10 | മലപ്പുറം | 1 |
| 11 | കോഴിക്കോട് | കണക്കാക്കപ്പെട്ടിട്ടില്ല |
| 12 | വയനാട് | കണക്കാക്കപ്പെട്ടിട്ടില്ല |
| 13 | കണ്ണൂർ | ” |

**കുറിപ്പ് (i)** ആകെ ഒഴിവുകളുടെ 15% മൃഗസംരക്ഷണ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിലോ മിനിസ്റ്റീരിയൽ സർവ്വീസിലോ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലോ ഉൾപ്പെടുന്ന ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി നേരിട്ട് നിയമിക്കുന്നതിന് സംവരണം ചെയ്തിരിക്കുന്നു.

(ii) മൃഗ സംരക്ഷണ വകുപ്പിലെ ജീവനക്കാർക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്ന ഒഴിവുകളിലേയ്ക്ക് അപേക്ഷിക്കുന്നവർ തങ്ങളുടെ സർവ്വീസ് സംബന്ധിച്ച വിവരങ്ങളടങ്ങുന്ന ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിച്ച സർവ്വീസ് സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(iv) ഒന്നിൽ കൂടുതൽ ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല. ഇതിനു വിരുദ്ധമായി ഒരു ഉദ്യോഗാർത്ഥി ഒന്നിലധികം ജില്ലകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുന്നതിന് ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി. ഒ. (എം. എസ്.) 154/71/പി.ഡി. എന്ന സർക്കാർ ഉത്തരവിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991 ലെ ജി.ഒ. (പി) നം. 36/91/പി ആന്റ് എ.ആർ.ഡി.യിലെ വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി.ഒ. (പി) 12/96/പി. ആന്റ് എ. ആർ.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇരിക്കുന്നവർ ഇതേ ഉദ്യോഗത്തിനു മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**6. പ്രായം** : ഉയർന്ന പ്രായപരിധി ബാധകമല്ല

**7. യോഗ്യതകൾ :**

(i)ലൈവ് സ്റ്റോക്ക് മാനേജ്മെന്റിലുള്ള വി.എച്ച്.എസ്.ഇ പാസ്സായിരിക്കണം.

(ii) മുകളിൽ പറഞ്ഞിരിക്കുന്ന യോഗ്യതയുള്ളവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി യോ തത്തുല്യ യോഗ്യതയോ നേടിയ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

**കുറിപ്പ്** :(1) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഈ തസ്തികയക്ക് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

**8. നിയമനരീതി:** (1)കമ്മീഷൻ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾ താൽക്കാലികമായി നിയമിക്കപ്പെടുന്നതും അവരെ സ്റ്റോക്ക്മാൻ ട്രെയിനിംഗ് കോഴ്സ് / ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ് ട്രെയിനിംഗ് കോഴ്സിന് പങ്കെടുപ്പിക്കുന്നതും വിജയകരമായി ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കുന്നവരുടെ താൽക്കാലിക നിയമനം അവരുടെ ആദ്യ നിയമനം മുതൽ സ്വീകരിച്ച് പരിശീലനകാലം റഗുലർ സർവീസിനായി പരിഗണിക്കുന്നതുമാണ്. ആദ്യ പ്രാവശ്യം പരിശീലന കോഴ്സ് വിജയകരമായി പൂർത്തിയാക്കാത്തവർക്ക് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിന് മൂന്ന് അവസരങ്ങൾ കൂടി അനുവദിക്കുന്നതാണ്. നാലാമത്തെ പ്രവാശ്യവും ഉദ്യോഗാർത്ഥികൾ കോഴ്സ് വിജകരമായി പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടാൽ അവരുടെ താൽക്കാലിക നിയമനം റദ്ദുചെയ്യുന്നതും അവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്. ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗിന് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഒരു റാങ്കിംഗ് ഉണ്ടായിരിക്കുന്നതല്ല.

(ii)തെരഞ്ഞെടുക്കപ്പെടുന്നപക്ഷം ട്രെയിനികൾ കുറഞ്ഞത് അഞ്ച് വർഷക്കാലമെങ്കിലും കേരള സർക്കാരിന്റെ കീഴിൽ സേവനമനുഷ്ഠിച്ചു കൊളളാമെന്ന ഒരു ഉടമ്പടി നിർദ്ദിഷ്ട ഫാറത്തിൽ എഴുതിവയ്ക്കേണ്ടതാണ്. ഈ സേവനകാലത്തിനിടയ്ക്കോ പരിശീലന സമയത്തോ പിരിഞ്ഞു പോകുന്ന ട്രെയിനികൾ സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം സർക്കാരിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

(iii)ഓരോ ട്രെയിനിയും ശാരീരിക യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റ് സർവ്വീസിൽ അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങിയ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ: 537/2019
## നഴ്സസ് ഗ്രേഡ് II (ആയുർവേദം)

**1 വകുപ്പ്** : ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

**2 ഉദ്യോഗപ്പേര്** : നഴ്സസ് ഗ്രേഡ് II (ആയുർവേദം)

**3 ശമ്പളം** : ₹ 20,000–45,800/

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| തിരുവനന്തപുരം | – 1 |
| കൊല്ലം | – 1 |
| പത്തനംതിട്ട | – 4 |
| ആലപ്പുഴ | – 5 |
| കോട്ടയം | – 6 |
| എറണാകുളം | – 3 |
| തൃശ്ശൂർ | – 10 |
| പാലക്കാട് | – 2 |
| കോഴിക്കോട് | – 3 |
| കണ്ണൂർ | – 1 |
| കാസറഗോഡ് | – 1 |

**നോട്ട്:** (ii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയ്ക്ക് ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷകൾ അയക്കുവാൻ പാടില്ലാത്തതും അപേക്ഷിക്കുന്ന ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

iii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി. ഒ.(എം.എസ്.) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലുമൊരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന വ്യക്തിക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായപരിധി** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്**: യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് കക പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക

**7 യോഗ്യതകൾ :** 1.എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത .

2. കേരള ഗവൺമെന്റ് അംഗീകരിച്ച ആയുർവേദ നഴ്സസ് കോഴ്സ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

## കാറ്റഗറി നമ്പർ: 538/2019
## സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) (പുരുഷൻ)
## പാർട്ട് I നേരിട്ടുള്ള വിജ്ഞാപനം

**1. വകുപ്പ്** : എക്സൈസ്

**2. ഉദ്യോഗപ്പേര്** : സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനി) (പുരുഷൻ) (ഭിന്നശേഷിയുള്ളവരും വനിതകളും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.)

**3. ശമ്പളം** : ₹ 20,000 –45,800/

**4. ഒഴിവുകളുടെ എണ്ണം** : എല്ലാ ജില്ലകളിലും – പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്:** (i) 10.11.2010 ലെ G.O(P)No. 264/10/TD (SRO 1025/10), 03.10.2015 ലെ ജി.ഒ.(പി) നമ്പർ. 178/2015/TD (എസ്. ആർ. ഒ നമ്പർ 669/2015), 21.10.2018 ലെ G.O(Rt)No. 766/2018/TD എന്നിവ പ്രകാരമാണ് ഈ തസ്തികയുടെ പേര്, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

(iii) ഈ വിജ്ഞാപനപ്രകാരം ഒരു ഉദ്യോഗാർത്ഥി ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. ആയതിന് വിരുദ്ധമായി അപേക്ഷകൾ സമർപ്പിക്കുകയും തുടർന്ന് തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്ന പക്ഷം ടിയാളെ റാങ്ക് പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതും ടിയാൾക്ക് എതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

(iv) ഈ വിജ്ഞാപന പ്രകാരം ജില്ലാടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും. [04.04.2016 തീയതിയിലെ AV(2) 2376/14/GW നമ്പർ വിജ്ഞാപനം അസാധാരണ ഗസറ്റ് തീയതി 15.04.2016). ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിയമനശിപാർശ നടത്തുന്നതാണ്.

(v) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്.

ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) ഈ വിജ്ഞാപന പ്രകാരം നേരിട്ടുള്ള നിയമനത്തിൽ വിമുക്ത ഭടൻമാർക്ക് മുൻഗണന നൽകുന്നതായിരിക്കും.

(vii) എൻ.സി.സി 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള കേഡറ്റുമാർക്ക് യഥാക്രമം 2%, 3%, 5% വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

(viii) ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലുമുള്ള (എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കുറഞ്ഞത് 180 പ്രവൃത്തിദിനമെങ്കിലും) അടിസ്ഥാന പരിശീലനം വിജയകരമായി പൂർത്തിയാക്കേണ്ടതുണ്ട്. പരിശീലനത്തിലേർപ്പെടുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരെ രണ്ട് വർഷത്തിനുള്ളിൽ പരിശീലനം വിജയകരമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതും പരാജയപ്പെടുന്ന പക്ഷം അവരെ പ്രൊമോഷന് പരിഗണിക്കുന്നതല്ല.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

(ആകെയുള്ള കേഡർ സ്ട്രെംഗ്തിന്റെ 97% നേരിട്ടുള്ള നിയമനം വഴി നികത്തുകയോ നേരിട്ടുള്ള നിയമനത്തിനായി മാറ്റി വയ്ക്കുകയോ ചെയ്യുന്നതാണ്.

**6. പ്രായം:** 19–31; ഉദ്യോഗാർത്ഥികൾ 02.01.1988 നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:** (i) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിലുൾ പ്പെട്ടവർക്കും പൊതു വ്യവസ്ഥകളിലെ ഭാഗം 2(i) പ്രകാരം നിയമാനുസൃത വയസിളവുണ്ടായിരിക്കും.

(ii) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50(അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക (2(i) ഒഴികെ).

**7. യോഗ്യതകൾ:** 1 പ്ലസ് ടു പരീക്ഷയോ/തത്തുല്യപരീക്ഷയോ പാസ്സായിരിക്കണം

**2 ശാരീരിക യോഗ്യതകൾ**

കുറഞ്ഞത് 165 സെ. മീ ഉയരം ഉണ്ടായിരിക്കണം. 81 സെ.മീ കുറയാതെ നെഞ്ചളവും കുറഞ്ഞത് 5 സെ.മീ വികാസവും ഉണ്ടായിരിക്കണം.

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 160 സെ.മീ ഉയരവും 76 സെ.മീ നെഞ്ചളവും മതിയാകുന്നതാണ്. എന്നാൽ 5 സെ.മീ വികാസം അവർക്കും ഉണ്ടായിരിക്കണം.

**3. കായികശേഷിയും കാഴ്ച ശക്തിയും**

(i)ഔട്ട് ഡോർ ജോലികൾ സജീവമായി ചെയ്യാനുള്ള കായികശേഷിയും ശാരീരിക യോഗ്യതയും, കഴിവും ഉണ്ടെന്നു കാണിക്കുന്നതും അസിസ്റ്റന്റ് സർജനിൽ താഴെയല്ലാത്ത ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഓരോ ഉദ്യോഗാർത്ഥിയും ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

(ii)താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

സി) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയൊ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(iii) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(iv) ഉദ്യോഗാർത്ഥികൾ കായികക്ഷമതാ/എൻഡ്യൂറൻസ് പരീക്ഷാ സമയത്ത് ഗസറ്റ് വിജ്ഞാപനത്തിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജനിൽ/ജൂനിയർ കൺസൾട്ടന്റിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതും ആയത് സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് പ്രൊഫൈലിൽ Upload ചെയ്യേണ്ടതുമാണ്. മാതൃക ഇതോടൊപ്പം ചേർക്കുന്നു.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്**: കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**4. എൻഡ്യൂറൻസ് ടെസ്റ്റ്:** എല്ലാ ഉദ്യോഗാർത്ഥികളും 2.5 കിലോമീറ്റർ ദൂരം 13 മിനിറ്റിനുള്ളിൽ ഓടി പൂർത്തിയാക്കണം.

**5. കായികക്ഷമതാ പരീക്ഷ:** ഓരോ ഉദ്യോഗാർത്ഥിയും നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|
| 1. 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. ഹൈ ജംപ് | 132.20 സെ.മീ. |
| 3. ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. പുട്ടിംഗ് ദ ഷോട്ട് (7264.ഗ്രാം) | 609.60 സെ.മീ. |
| 5. ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. റോപ് ക്ലൈമ്പിംഗ് (കൈകൾമാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**കുറിപ്പ്:** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് അല്ലെങ്കിൽ എൻഡ്യൂറൻസ് ടെസ്റ്റിനോടൊപ്പം എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയിൽ/എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുക്കു

വാൻ വീണ്ടും അവസരം നൽകുന്നതല്ല.

## കാറ്റഗറി നമ്പർ: 539/2019
## സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി)

**1. വകുപ്പ്** : എക്സൈസ്
**2. ഉദ്യോഗപ്പേര്** : സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനി)
**3. ശമ്പളം :** ₹20,000 - 45,800/
**4. ഒഴിവുകളുടെ എണ്ണം:** എല്ലാ ജില്ലകളിലും - പ്രതീക്ഷിത ഒഴിവുകൾ
**5. നിയമനരീതി :** തസ്തികമാറ്റം വഴിയുള്ള നിയമനം

**കുറിപ്പ്** (i) 3 % ഒഴിവുകൾ എക്സൈസ് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുൾപ്പെട്ട നിർദ്ദിഷ്ട യോഗ്യതയുള്ള പുരുഷ/വനിത അപേക്ഷകരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി സംവരണം ചെയ്തിരിക്കുന്നു. അപ്രകാരം യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുള്ള അപേക്ഷകരുടെ അഭാവത്തിൽ ഇത്തരത്തിൽ സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ പുരുഷ ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം വഴി നികത്തുന്നതാണ്.

(ii) ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലുമുള്ള (എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കുറഞ്ഞത് 180 പ്രവൃത്തിദിനമെങ്കിലും) അടിസ്ഥാന പരിശീലനം വിജയകരമായി പൂർത്തിയാക്കേണ്ടതുണ്ട്. പരിശീലനത്തിലേർപ്പെടുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥരെ രണ്ട് വർഷത്തിനുള്ളിൽ പരിശീലനം വിജയകരമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നതും പരാജയപ്പെടുന്ന പക്ഷം അവരെ പ്രൊമോഷന് പരിഗണിക്കുന്നതല്ല.

(iii) ട്രെയിനിംഗിന് അയയ്ക്കപ്പെടുന്നവർ ട്രെയിനിംഗ് പൂർത്തിയാക്കാമെന്നും ട്രെയിനിംഗിനു ശേഷം എക്സൈസ് കമ്മീഷണർ നിർദ്ദേശിക്കുന്ന രീതിയിലുള്ള കുറഞ്ഞ കാലത്തേക്ക് ഗവൺമെന്റിനെ സേവിച്ചു കൊള്ളാമെന്നുള്ള ഒരു ബോണ്ട് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ട്രെയിനിംഗിന് ചെലവായ തുകയും നഷ്ടപരിഹാരവും നൽകാൻ ബാദ്ധ്യസ്ഥരായിരിക്കും.

(iv) എക്സൈസ് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക്, തസ്തിക മാറ്റം വഴിയുള്ള വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം അപേക്ഷ സമർപ്പിക്കാവുന്നതാണ്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷിക്കുന്നവർ സർവ്വീസ് സംബന്ധമായ എല്ലാ വസ്തുതകളും അവരവരുടെ പ്രൊഫൈലിൽ Employment Details എന്ന ലിങ്കിൽ നൽകിയ ശേഷം സർവ്വീസ് മേധാവി സാക്ഷ്യപ്പെടുത്തി പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയും ഇതോടൊപ്പം നൽകുന്നു.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

(v) നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനും അപേക്ഷിക്കുവാൻ യോഗ്യതയുള്ളവർ രണ്ടിനും ഒരേ ജില്ലയിൽ തന്നെ അപേക്ഷിക്കണമെന്നില്ല. എന്നാൽ രണ്ട് വ്യത്യസ്ത കാറ്റഗറികളിലും ഓൺലൈനായി അപേക്ഷിച്ചിരിക്കണം. രണ്ട് റാങ്ക് പട്ടികയിലും ഉൾപ്പെട്ടവർ ഏതെങ്കിലും ഒരു ലിസ്റ്റിൽ നിന്നും നിയമിതനായാൽ മറ്റേ ലിസ്റ്റിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 18(iii) പ്രകാരം നീക്കം ചെയ്യപ്പെടുന്നതായിരിക്കും.

(vi) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 ലെ ഉപഖണ്ഡിക 7 ഉം ഖണ്ഡിക 5 ഉം ഈ തസ്തികയ്ക്ക് ബാധകമല്ല.

**6. പ്രായപരിധി** : 01.01.2019ൽ 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ: 1 വിദ്യാഭ്യാസ യോഗ്യത:** പ്ലസ് ടു പരീക്ഷയോ/ തത്തുല്യപരീക്ഷയോ പാസ്സായിരിക്കണം.

**2. ശാരീരിക യോഗ്യതകൾ:** എക്സൈസ് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ട പുരുഷ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 162 സെ. മീ ഉയരവും വനിതാ ഉദ്യോഗാർത്ഥികൾക്ക് 152 സെ.മീ ഉയരവും ഉണ്ടായിരിക്കണം.

**3. കായികശേഷിയും കാഴ്ചശക്തിയും:** (i)ഔട്ട് ഡോർ ജോലികൾ സജീവമായി ചെയ്യാനുള്ള കായികശേഷിയും ശാരീരിക യോഗ്യതയും, കഴിവും ഉണ്ടെന്നു കാണിക്കുന്നതും അസിസ്റ്റന്റ് സർജനിൽ താഴെയല്ലാത്ത ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഓരോ ഉദ്യോഗാർത്ഥിയും ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

(ii).താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

(iii) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(iv) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(v) ഉദ്യോഗാർത്ഥികൾ കായികക്ഷമതാ/എൻഡ്യൂറൻസ് പരീക്ഷാ സമയത്ത് ഗസറ്റ് വിജ്ഞാപനത്തിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജനിൽ/ജൂനിയർ കൺസൾട്ടന്റിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും തെളിയിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതും ആയത് സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് പ്രൊഫൈലിൽ Upload ചെയ്യേണ്ടതുമാണ്. മാതൃക ഇതോടൊപ്പം ചേർക്കുന്നു.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

(4) എൻഡ്യൂറൻസ് ടെസ്റ്റ് (Endurance Test): പുരുഷ ഉദ്യോഗാർത്ഥികൾ 2.5 കിലോമീറ്റർ ദൂരം 13 മിനിട്ടിലും വനിതാ ഉദ്യോഗാർത്ഥികൾ ഇതേ ദൂരം 15 മിനിട്ടിലും ഓടി പൂർത്തികരിക്കണം.

(5) കായികക്ഷമതാ പരീക്ഷാ ഓരോ ഉദ്യോഗാർത്ഥിയും നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

**പുരുഷ ഉദ്യോഗാർത്ഥികൾ**

| | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.20 സെ.മീ. |
| 3 | ലോംഗ് ജമ്പ് | 457.20 സെ.മീ. |
| 4 | പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6 | വടത്തിൽ കയറ്റം (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7 | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**വനിതാ ഉദ്യോഗാർത്ഥികൾ**

| | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജമ്പ് | 1.06 മീറ്റർ |
| 3 | ലോംഗ് ജമ്പ് | 3.05 മീറ്റർ |
| 4 | പുട്ടിംഗ് ദ് ഷോട്ട് (4 കി.ഗ്രാം) | 4.88 മീറ്റർ |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ബാൾ | 14 മീറ്റർ |
| 7 | ഷട്ടിൽ റേസ് (25 X 4m) | 26 സെക്കന്റ് |
| 8 | സ്കിപ്പിങ്ങ് (1 മിനിറ്റ്) | 80 പ്രാവശ്യം |

**കുറിപ്പ്:** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് അല്ലെങ്കിൽ എൻഡ്യൂറൻസ് ടെസ്റ്റിനോടൊപ്പം എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയിൽ/എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

## കാറ്റഗറി നമ്പർ: 540/2019
## ആയുർവേദ തെറാപ്പിസ്റ്റ്

**1. വകുപ്പ്** : ഭാരതീയ ചികിത്സാ വകുപ്പ്
**2. ഉദ്യോഗപ്പേര്** : ആയുർവേദ തെറാപ്പിസ്റ്റ്
**3. ശമ്പളം** : ₹19000-43600/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കണ്ണൂർ - 02 (രണ്ട്)

**കുറിപ്പ് :-(ii)** ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/ പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01. 1961-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ വകുപ്പിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18-36. ഉദ്യോഗാർത്ഥികൾ 02.01.1983-നും 01.01.2001-നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതമായ വയസ്സിളവുണ്ടായിരിക്കും.

**കുറിപ്പ്:-** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :** (1) എസ്.എസ്.എൽ.സി വിജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(2) കേരള സർക്കാർ നടത്തുന്ന ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സ് ജയിച്ചിരിക്കണം.

കുറിപ്പ് :- (ii)ഈ തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ 3% ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട പൂർണ്ണമായ കാഴ്ചശക്തിയില്ലാത്തവർക്കും കുറഞ്ഞകാഴ്ചയുള്ളവർക്കും 03.01.2013-ലെ G.O(P)No.1/13/SJD അനുസരിച്ച് സംവരണം ചെയ്തിരിക്കുന്നു. ചലനവൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണവൈകല്യമുള്ളവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് ടി തസ്തികയിലേയ്ക്ക് അപേക്ഷ അയയ്ക്കുവാൻ അർഹതയില്ല.

## കാറ്റഗറി നമ്പർ: 541/2019
## പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്)

**1. വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്)
**3. ശമ്പളം** : ₹19000-43600/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ എറണാകുളം - 1 (ഒന്ന്)

**കുറിപ്പ്:-**(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ എറണാകുളംജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**കുറിപ്പ്:-** 03.01.2013 ലെ G.O(P)No.01/2013/SJD ഉത്തരവും ആയത് പരിഷ്കരിച്ചുകൊണ്ടുള്ള 26.11.2018 ലെ G.O(P)No.20/2018/SJD ഉത്തരവും 07.05.2019 ലെ G.O(P)No.5/2019/SJD ഉത്തരവും പ്രകാരം ഒഴിവുകളുടെ 3% യോഗ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** :18-40. ഉദ്യോഗാർത്ഥികൾ 02/01/1979നും 01/01/2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ്** :- യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് ) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** :-1) അറബി ഭാഷയിലുള്ള ബിരുദമോ പാർട്ട് മൂന്നിൽ പാറ്റേൺ രണ്ടിലെ ഐച്ഛിക വിഷയങ്ങളിൽ അറബി ഒരു വിഷയമായെടുത്ത് നേടിയ ബിരുദമോ ഉണ്ടായിരിക്കണം. പ്രസ്തുത ബിരുദം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ ബി.എഡ്./ബി.റ്റി/എൽ.റ്റി.യും ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിലും (പ്രസ്തുത ടൈറ്റിൽ ബന്ധപ്പെട്ട ബിരുദത്തിന്റെ പാർട്ട് 3ന് തുല്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളപക്ഷം). കൂടാതെ കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ-** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:-** i)ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

ii) അറബി ഭാഷയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബി.എഡ്/ബി.റ്റി/എൽ.റ്റി യോഗ്യതയുള്ളപക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

iii) ബി.എഡ്. ബന്ധപ്പെട്ട ഭാഷയിൽ (അറബിക്) ആയിരിക്കണം.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം-1 കാണുക:**

## കാറ്റഗറി നമ്പർ: 542/2019
## ഇലക്ട്രീഷ്യൻ

**1. വകുപ്പ്** : ഗവ. ആയുർവേദ കോളേജ്
**2. ഉദ്യോഗപ്പേര്** : ഇലക്ട്രീഷ്യൻ
**3. ശമ്പളം** : ₹ 18000-41500
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ എറണാകുളം - 01 (ഒന്ന്)

(ii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള എറണാകുളം ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല.

(v) 03.01.2013 ലെ G.O (P) No.01/13/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളുടെ 3% ( മൂന്ന് ശതമാനം) Locomotor disability/Cerebral Palsy, Hearing Impairment എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു. Blindness/Low vision വിഭാഗത്തിലുള്ള ഭിന്നശേഷിക്കാരെ 3% ഭിന്നശേഷി സംവരണത്തിന് ഐഡന്റിഫൈ ചെയ്തിട്ടില്ലാത്തതിനാൽ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ ടി വിഭാഗക്കാർ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 20-36 ഉദ്യോഗാർത്ഥികൾ 02.01.1983-നും 01.01.1999-നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:-** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :-** (i) എസ്. എസ്. എൽ. സി

(ii) ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ

**അല്ലെങ്കിൽ**

രണ്ടു വർഷത്തെ ഐ .റ്റി .ഐ പരിശീലനത്തിനു ശേഷം ലഭിച്ചിട്ടുള്ള ഇലക്ട്രീഷ്യൻ ട്രേഡിലുള്ള എൻ. റ്റി. സി അല്ലെങ്കിൽ ഐ .റ്റി .ഐ ൽ 18 മാ

സത്തെ കോഴ്സും 6 മാസത്തെ ഇൻപ്ലാന്റ് ട്രെയിനിംഗും കഴിഞ്ഞ ശേഷം ഇലക്ട്രീഷ്യൻ ട്രേഡിൽ ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ്.

## കാറ്റഗറി നമ്പർ: 543/2019
## ഇലക്ട്രീഷ്യൻ

| | |
|---|---|
| 1. **വകുപ്പ്** | : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |
| 2. **ഉദ്യോഗപ്പേര്** | : ഇലക്ട്രീഷ്യൻ |
| 3. **ശമ്പളം** | : ₹18,000–41,500 |
| 4. **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ. |
| | പാലക്കാട് 01 (ഒന്ന്) |
| | മലപ്പുറം 01 (ഒന്ന്) |
| | കണ്ണൂർ 01 (ഒന്ന്) |

**കുറിപ്പ്:**-(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991–ലെ ജി.ഒ.(പി)നം.36/91/പി.ആന്റ് എ.ആർ.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.
(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.

6. **പ്രായം** : 19–37 ഉദ്യോഗാർത്ഥികൾ 02.01.1982–നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും)

**കുറിപ്പ്:**-യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് കകലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

7. **യോഗ്യതകൾ** : 1) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ ജയിച്ചിരിക്കണം.
2) ഇൻഡസ്ട്രിയൽ ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും രണ്ട് വർഷത്തെ ട്രെയിനിംഗ് പൂർത്തിയായ ശേഷം ഇലക്ട്രീഷ്യൻ ട്രേഡിൽ ലഭിച്ച നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്.

**അല്ലെങ്കിൽ**

ഇൻഡസ്ട്രിയൽ ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 18 മാസത്തെ കോഴ്സും 6 മാസത്തെ ഇൻപ്ലാന്റ് ട്രെയിനിംഗും പൂർത്തിയാക്കിയശേഷം ലഭിക്കുന്ന ഇലക്ട്രീഷ്യൻ ട്രേഡിലുള്ള സർട്ടിഫിക്കറ്റ്.

**കുറിപ്പ്:**- ii. 03.01.2013 G.O(P) No.1/2013/SJD ഉത്തരവ് അനുസരിച്ച് fresh ഒഴിവുകളുടെ 3%,Locomotor disability/cerebral palsy,Hearing Impairment എന്നീ വിഭാഗങ്ങളിൽപ്പെട്ട ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് സംവരണം ചെയ്തിരിക്കുന്നു.3%ഭിന്നശേഷിസംവരണത്തിന് Blindness/Low vision വിഭാഗത്തിലുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികളെ identify ചെയ്തിട്ടില്ലാത്തതിനാൽ ടി വിഭാഗക്കാർ ടി തസ്തികയിലേക്ക് അപേക്ഷ അയക്കുവാൻ അർഹതയില്ല .

## കാറ്റഗറി നമ്പർ: 544/2019
## മെക്കാനിക്ക്

| | |
|---|---|
| 1. **വകുപ്പ്** | : തുറമുഖം |
| 2. **ഉദ്യോഗപ്പേര്** | : മെക്കാനിക്ക് |
| 3. **ശമ്പളം** | : ₹ 18,000–41,500/ |
| 4. **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ. |
| | കൊല്ലം 01 (ഒന്ന്) |
| | കോഴിക്കോട് 01 (ഒന്ന്) |

**കുറിപ്പ്:**-(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ്(എം.എസ്)154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961–ലെ ജി.ഒ.(എം.എസ്) നം.4/61/പി.ഡിയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.
(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.

6. **പ്രായം** : 19–36 ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01.2000–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃതമായ വയസിളവുണ്ടായിരിക്കും.

**കുറിപ്പ്:**-യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

7. **യോഗ്യതകൾ**: i) ഇംഗ്ലീഷ് ഭാഷ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് നേടിയിരിക്കണം.
ii) സർക്കാർ ട്രേഡ് സ്കൂളിൽ നിന്നും ജനറൽ മെക്കാനിക്സിൽ സർട്ടിഫിക്കറ്റ് നേടിയിരിക്കണം.

**അല്ലെങ്കിൽ**

സ്ട്രക്ച്ചറൽ ആന്റ് മിസെലേനിയസ് ജോലികൾ ചെയ്യുന്ന സ്ട്രക്ച്ചറൽ വർക്.ഷോപ്പിൽ നിന്നും വെൽഡിംഗിൽ ഉള്ള രണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം നേടിയിരിക്കണം.
iii) ഫിറ്ററായിട്ടുള്ള ഒരു വർഷത്തെ പ്രവൃത്തി പരിചയം നേടിയിരിക്കണം.

**കുറിപ്പ്**: ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** (1)ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കണം.
**(2)**എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.
iV) **കാഴ്ച്ച ശക്തി**: താഴെ പറയുന്ന വിധത്തിൽ (കണ്ണട കൂടാതെ) കാഴ്ച്ചശക്തിയുണ്ടായിരിക്കണം.

| | വലതു കണ്ണ | ഇടതു കണ്ണ് |
|---|---|---|
| എ) ദൂരകാഴ്ച | V-6/6 | V-6/6 |
| ബി) സമീപകാഴ്ച | Reads-0.6 | Reads0.6 |

സി) കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ ഏതെങ്കിലും തരത്തിലുള്ള രോഗാവസ്ഥ (ഉദാ: ട്രെക്കോമ മുതലായവ) എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

**കുറിപ്പ്** :–അസ്സിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാതെയുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും താഴെപ്പറയുന്ന മാതൃകയിൽ വാങ്ങിയ മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** :–കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ ഓരോ ഐറ്റത്തിന് നേരേയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനെയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ച വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**പ്രൊബേഷൻ:–** തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ സർവ്വീസിൽ പ്രവേശിപ്പിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

## കാറ്റഗറി നമ്പർ: 545/2019
## മെക്കാനിക്ക്

| | |
|---|---|
| 1 **വകുപ്പ്** | : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |
| 2. **ഉദ്യോഗപ്പേര്** | : മെക്കാനിക്ക് |
| 3. **ശമ്പളം** | : Rs.18,000–41,500/ |
| 4. **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ. |
| | കോട്ടയം 01 (ഒന്ന്) |
| | എറണാകുളം 02 (രണ്ട്) |

**കുറിപ്പ്**:-(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ്(എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാല ത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961–ലെ ജി.ഒ.(എം.എസ്)നം.4/61/പി.ഡിയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.
(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

*5.* **നിയമന രീതി** : നേരിട്ടുള്ള നിയമനം.

6. **പ്രായം** : 19–36ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01.2000–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റുപിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃതമായ വയസിളവുണ്ടായിരിക്കും.

**കുറിപ്പ്:**-യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

7. **യോഗ്യതകൾ:** i) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും താഴെപ്പറയുന്ന ഏതെങ്കിലും ട്രേഡിൽ ലഭിച്ചിട്ടുള്ള നാഷണൽട്രേഡ് സർട്ടിഫിക്കറ്റ്.
(എ) മെക്കാനിക്ക് (ട്രാക്ടർ)
(ബി)മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ)
(സി)മെക്കാനിക്ക് (ഡീസൽ)
(ഡി)ഫിറ്റർ
ii) ബന്ധപ്പെട്ട ട്രേഡിൽ ഒരു വർഷത്തിൽ കുറയാതെയുള്ള പ്രയോഗിക പരിചയം- ടി പരിചയം ഐ.ടി.എ. ട്രേഡ് സർട്ടിഫിക്കറ്റ് നേടിയതിനുശേഷമുള്ളതായിരിക്കണം. ഉദ്യോഗാർത്ഥികൾക്ക് ഈ ജോലിയിലുള്ള വൈദഗ്ധ്യം പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷവഴി നിശ്ചയിക്കുന്നതായിരിക്കും.
ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** (1)ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കണം.
(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കാറ്റഗറി നമ്പർ: 546/2019
## ഫീൽഡ് വർക്കർ

| | |
|---|---|
| 1. **വകുപ്പ്** | : ആരോഗ്യവകുപ്പ് |
| 2. **തസ്തികയുടെ പേര്** | : ഫീൽഡ് വർക്കർ |
| 3. **ശമ്പളം** | : ₹17000–37500/ |
| 4. **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |

തിരുവനന്തപുരം
കൊല്ലം
ആലപ്പുഴ
പത്തനംതിട്ട
കോട്ടയം
ഇടുക്കി
എറണാകുളം
തൃശ്ശൂർ
പാലക്കാട്
മലപ്പുറം
കോഴിക്കോട്
വയനാട്
കണ്ണൂർ
കാസർഗോഡ്
} പ്രതീക്ഷിത ഒഴിവുകൾ

**കുറിപ്പ്:**- (ii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ അയയ്ക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിൽ ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ് . ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.
(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശിപാർശ ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർജില്ലാ സ്ഥലം മാറ്റങ്ങളുടെ കാര്യത്തിൽ 02.12.1991–ലെ ജി.ഒ (പി) 36/1991/ഉ.ഭ.പ.വ. എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കുവിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഏതെങ്കിലും ജില്ലയിൽ ഇതേ ഉദ്യോഗത്തിലിരിക്കുന്നവർ ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ പാടുള്ളതല്ല.

5. **നിയമന രീതി:** നേരിട്ടുള്ള നിയമനം.

6. **പ്രായം** : 18–36:-ഉദ്യോഗാർത്ഥികൾ 02.01.1983–നും 01.01.2001–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 ( അൻപത്) വയസ്സ് കഴിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്-IIലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2 ) നോക്കുക.

7. **യോഗ്യതകൾ**:(1) എട്ടാം സ്റ്റാൻഡേർഡ് വരെ പഠിച്ചിരിക്കണം. അല്ലെങ്കിൽ തത്തുല്യയോഗ്യത.
(2) മികച്ച ശാരീരിക ക്ഷമത ഉണ്ടായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള അംഗവൈകല്യമോ അസുഖങ്ങളോ ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

***കുറിപ്പ്:-*** (1) ശാരീരിക ക്ഷമത അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാതെയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം.
അംഗവൈകല്യമുള്ള ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.
അംഗവൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്ക് അനുവദനീയമായിട്ടുള്ള സൗജന്യങ്ങൾ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2, 5 എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ളത് ഈ തസ്തികയ്ക്ക് ബാധകമല്ല.

## കാറ്റഗറി നമ്പർ: 547/2019
## ബോട്ട്കീപ്പർ

1. **വകുപ്പ്** : എൻ.സി.സി.
2. **ഉദ്യോഗപ്പേര്** : ബോട്ട്കീപ്പർ (വിമുക്തഭടന്മാർ/ടെറിട്ടോറിയൽ ആർമിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മാത്രം)

**3. ശമ്പളം** : Rs 17,000–37,500/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ.
തിരുവനന്തപുരം 01 (ഒന്ന്)
കൊല്ലം 01 (ഒന്ന്)

**കുറിപ്പ്:–** (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991–ലെ ജി.ഒ.(പി)നം.36/91/പി.ആന്റ് എ.ആർ.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (വിമുക്തഭടന്മാർ/ടെറിട്ടോറിയൽ ആർമിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മാത്രം)

**6. പ്രായം** : 21–36 ഉദ്യോഗാർത്ഥികൾ 02.01.1983–നും 01.01.1998–നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും)

**കുറിപ്പ്:**–യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7 യോഗ്യതകൾ** :1) മലയാളമോ തമിഴോ കന്നടയോ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.
2) നീന്തൽ അറിഞ്ഞിരിക്കണം
3) നല്ല കായികശേഷി ഉണ്ടായിരിക്കണം.
4) ബോട്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ലഘുവായ പരിജ്ഞാനം ഉണ്ടായിരിക്കണം.

**അഭിലക്ഷണീയം:–**
1. ബോട്ട് കീപ്പറായുള്ള മുൻപരിചയം.
2. ബോട്ടുകൾ പെയിന്റ് ചെയ്യുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള കഴിവ്.

**കുറിപ്പ്:–** ഭിന്നശേഷിക്കാർ ടി തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല

## കാറ്റഗറി നമ്പർ: 548/2019
## ലാസ്റ്റ് ഗ്രേഡ് സെർവന്റ്

**1. വകുപ്പ്** : വിവിധം
**2. ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സെർവന്റ്
**3. ശമ്പളം** : ₹ 16,500– 35,700/
**4. ഒഴിവുകളുടെ എണ്ണം** : എല്ലാ ജില്ലകളിലും – കണക്കാക്കപ്പെട്ടിട്ടില്ല.

**കുറിപ്പ്** (i) 04.06.2016 തീയതിയിലെ ജി.ഒ.(പി.)നം.12/2016/പി.&എ.ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് വിജ്ഞാപനം തയ്യാറാക്കിയിരിക്കുന്നതv.(iii) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) നിയമനാധികാരികൾ എഴുതി അറിയിക്കുന്ന ആസ്ഥാന ഒഴിവുകൾ തിരുവനന്തപുരം ജില്ല തുടങ്ങി കാസർഗോഡ് വരെയുള്ള ജില്ലകളിലേക്ക് ക്രമമായി കമ്മീഷന്റെ ഹെഡ് ഓഫീസിൽ നിന്നും അലോട്ട് ചെയ്ത് കൊടുക്കുന്നതും, എല്ലാ ജില്ലകളുടെയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഏതൊരു ഉദ്യോഗാർത്ഥിയും അപ്രകാരമുള്ള ഒഴിവുകളിലേക്കും നിയമിക്കപ്പെടാവുന്നതാണ്. അപ്രകാരം നിയമിതരാകുന്നവർക്ക് 28.09.2013ലെ GO(P)No.27/2013/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ ബാധകമാകുന്നതാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971–ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961–ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) ഗവൺമെന്റ് സെക്രട്ടറിയേറ്റ്,കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, നിയമസഭാ സെക്രട്ടറിയേറ്റ്, സംസ്ഥാന ആഡിറ്റ്, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് എന്നീ വകുപ്പുകളുടെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള ലാസ്റ്റ് ഗ്രേഡ് സെർവന്റ് തസ്തികകളുടെ ഒഴിവുകൾ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പരിഗണിക്കുന്നതല്ല.

(viii) 3.01.2013ലെ ജി.ഒ.(പി.)നമ്പർ 1/2013/എസ്.ജെ.ഡി. പ്രകാരം 3% ഒഴിവുകൾ ഭിന്നശേഷി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1983നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (ഫാമിലി പ്ലാനിംഗ് വോളന്ററി വർക്കേഴ്സിന് ഉയർന്ന പ്രായപരിധി 45 (നാൽപ്പത്തിയഞ്ച്) ആയിരിക്കും. പാർട്ട് ടൈം കണ്ടിൻജന്റ് വിഭാഗം ജീവനക്കാർക്ക് അവരുടെ പാർട്ട് ടൈം സർവ്വീസിന്റെ ദൈർഘ്യത്തോളം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പെൻഷൻ പ്രായം കഴിഞ്ഞവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.)

**കുറിപ്പ് :–** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക.

**7. യോഗ്യതകൾ** ഏഴാം ക്ലാസ്പാസായിരിക്കണം എന്നാൽ യാതൊരു വിധ ബിരുദവും നേടിയിരിക്കുവാൻ പാടില്ല.

**കുറിപ്പ്**: (iii)ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ പ്രകാരം ഏതെങ്കിലും ബിരുദം നേടിയവർ അപേക്ഷിക്കാൻ പാടില്ല. ഇതിനു വിപരീതമായി ബിരുദം നേടിയിട്ടുള്ളത് മറച്ചുവെച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായിട്ടുള്ളതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും ടിയാളുടെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതും അവർക്കെതിരെ തെരഞ്ഞെടുപ്പിലെ ഏത് ഘട്ടത്തിലും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പടെയുള്ള അച്ചടക്ക/ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്. എന്നാൽ 19.04.2018ലെ സ.ഉ.(പി).നം5/2018/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇന്ത്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യുക്കേഷൻ അല്ലെങ്കിൽ നാവിക/വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്തഭടൻമാർ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്നതിന് അർഹരാണ

(iv) താഴെപ്പറയുന്ന തസ്തികകൾക്ക് അടിസ്ഥാന യോഗ്യത കൂടാതെ നല്ല ശാരീരികാരോഗ്യം (Good physique) കൂടി ആവശ്യമാണ്. നല്ല ശാരീരികാരോഗ്യം അധിക യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള തസ്തികകളിലെ ഒഴിവുകളിൽ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. (ഗവൺമെന്റ് സർവ്വീസിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസർ നല്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ആയിരിക്കണം)
1. മേട്രൻ , ബാല മന്ദിർ , കോഴിക്കോട്
2. സാമൂഹ്യ നീതി വകുപ്പിൻ കീഴിലുള്ള സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ വാച്ച് വുമൺ
3. പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിലെ ക്ലീനർ, സിവർ ക്ലീനർ (Sewer cleaner)
4. അച്ചടിവകുപ്പിലെ ഗേറ്റ് കീപ്പർ ഗ്രേഡ് II/ലാസ്കർ ഗ്രേഡ് II

(v) താഴെപ്പറയുന്ന തസ്തികകളിൽ വനിത ഉദ്യോഗാർത്ഥികളെ പരിഗണിക്കുകയില്ല.
1. വാച്ച്മാൻ (എല്ലാ വിഭാഗങ്ങളിലുമുള്ളത്),വാച്ചർ, ചൗക്കിദാർ
2. ക്ലീനർ കം കണ്ടക്ടർ
3. ക്ലീനർ (ബോട്ട് ക്ലീനർ, ട്രാക്ടർ ക്ലീനർ, വാൻ ക്ലീനർ, ലോറി ക്ലീനർ, ആംബുലൻസ് ക്ലീനർ)
4. ലാസ്കർ
5. ഗാർഡ്
6. ഗേറ്റ് കീപ്പർ

(vi)ഭിന്നശേഷി വിഭാഗക്കാരെ താഴെപ്പറയുന്ന തസ്തികകൾക്ക് പരിഗണിക്കുന്നതല്ല.
1. വാച്ചർ /നൈറ്റ് വാച്ചർ /വാച്ച്മാൻ/നൈറ്റ് വാച്ച്മാൻ
2. മാർക്കർ(ടെക്നിക്കൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകൾ)
3. റഗുലർ മാർക്കർ (മൃഗ സംരക്ഷണ വകുപ്പ്)
4. ഗേറ്റ് കീപ്പർ ഗ്രേഡ് II, ലാസ്കർഗ്രേഡ് II (പ്രിന്റിംഗ് വകുപ്പ്)
5. സാമൂഹ്യ നീതി വകുപ്പി കീഴിലുള്ള സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ വാച്ച് വുമൺ
6. ഗാർഡ്
7. ക്ലീനർ കം കണ്ടക്ടർ
8. ക്ലീനർ (ബോട്ട് ക്ലീനർ, ട്രാക്ടർ ക്ലീനർ, വാൻ ക്ലീനർ, ലോറി ക്ലീനർ, ആംബുലൻസ് ക്ലീനർ)

(vii ) സാമൂഹിക നീതി വകുപ്പിലെ വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകൾ ഉൾപ്പെടെ വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള എല്ലാ തസ്തികകളിലും ഉദ്യോഗാർഥികളുടെ സമ്മതപത്രം വാങ്ങിയശേഷം നിയമന ശിപാർശ നൽകുന്നതാണ്.

(viii) ഹിന്ദു മതവിശ്വാസികളെ മാത്രമെ ഹിന്ദു റിലീജിയസ് &ചാരിറ്റബിൾ എൻഡോവ്മെന്റ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് പരിഗണിക്കുകയുള്ളൂ.

(ix) കേരള മുൻസിപ്പൽ കോമൺ സർവീസിലെ LGS തസ്തികയുടെ ഒഴിവുകൾ ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും തയ്യാറാക്കുന്ന റാങ്കുപട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങാതെ തന്നെ നികത്തുന്നതാണ്.

(x) ഈ വിജ്ഞാപനപ്രകാരം ലാസ്റ്റ് ഗ്രേഡ് സർവീസസ്സിലെ എല്ലാ ഉദ്യോഗങ്ങൾക്കുമായി പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ തസ്തികകളുടെ പേര് എഴുതാതെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് എന്നു മാത്രം കാണിച്ച് ഒരു അപേക്ഷ സമർപ്പിച്ചാൽ മതിയാകുന്നതാണ്.

**പ്രൊബേഷൻ:** ഏതൊരു കാറ്റഗറിയിലും നിയമനം ലഭിക്കുന്നയാൾ പ്രസ്തുത തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കും.

# സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

## കാറ്റഗറി നമ്പർ: 549/2019
## സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
### (പട്ടികജാതി/ പട്ടികവർഗ്ഗം മാത്രം)

**1 വകുപ്പ്** : കേരളപബ്ലിക്സർവ്വീസ്കമ്മീഷൻ
**2 ഉദ്യോഗപ്പേര്** : സെലക്ഷൻഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (പട്ടികജാതി/ പട്ടികവർഗ്ഗം മാത്രം)
**3 ശമ്പളം** : ₹ 39500–83000
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികജാതി/പട്ടികവർഗ്ഗം).

**കുറിപ്പ്:–**പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി** : 18–41 (ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെസംബന്ധിച്ചനിലവിലുള്ളമറ്റ്അനുകൂല്യങ്ങളൊന്നും ഈതിരഞ്ഞെടുപ്പിന്ബാധകമല്ല)

**കുറിപ്പ്:–**നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:** പ്ലസ് ടു പാസ്സായിരിക്കണം. അല്ലെങ്കിൽ തത്തുല്യ യോഗ്യത.
ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.ടി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

കുറിപ്പ്:–2002 ജനുവരി മാസത്തിനു മുമ്പ് ടൈപ്പ്റൈറ്റിംഗ് കെ.ജി.ടി.ഇ. പരീക്ഷ പാസായിട്ടുള്ള ഉദ്യോഗാർത്ഥികൾ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് അല്ലെങ്കിൽ തത്തുല്യമായ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, സർവകലാശാലകളോ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിൽ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത കാലാവധിയുള്ള കോഴ്സിനെ തുടർന്ന് നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിന് തത്തുല്യ യോഗ്യതയായി പരിഗണിക്കുകയുള്ളൂ.
മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്(കെ.ജി.ടി.ഇ.) അല്ലെങ്കിൽ തത്തുല്യ യോഗ്യത.
ഇംഗ്ലീഷ് ഷോർട്ട്ഹാന്റ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്(കെ. ജി.ടി.ഇ.)അല്ലെങ്കിൽ തത്തുല്യ യോഗ്യത
മലയാളം ഷോർട്ട്ഹാന്റ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്(കെ. ജി. ടി. ഇ.)അല്ലെങ്കിൽ തത്തുല്യ യോഗ്യത
(G.O.(Ms)No. 21/2011/P&ARD dated 01.07.2011)
ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകളും ഐ.എം. സി. സർട്ടിഫിക്കറ്റുകളും സ്വീകാര്യമല്ല. **കുറിപ്പ്** :2. സ്വീകാര്യമായ അപേക്ഷകൾ സമർപ്പിക്കുന്നവർക്കുവേണ്ടി ഒരു ഡിക്റ്റേഷൻ പരീക്ഷ നടത്തുന്നതാണ്. മിനിറ്റിൽ 80 (എൺപത്) വാക്ക് വീതം 5 മിനിറ്റ് കൊണ്ട് 400(നാന്നൂറ്) വാക്ക് അടങ്ങിയ ഒരു ഇംഗ്ലീഷ് ഗദ്യഭാഗം വായിച്ചു തരുന്നത് അപേക്ഷകർ ഷോർട്ട്ഹാൻഡിൽ എഴുതി എടുക്കേണ്ടതാണ്. പിന്നീട് ഒരു മണിക്കൂർ കൊണ്ട് അതിനെ ലോംഗ് ഹാൻഡിൽ (മഷി ഉപയോഗിച്ച്) എഴുതണം. പരീക്ഷ നടത്തുന്ന സ്ഥലം, തീയതി എന്നിവ പിന്നീട് അറിയിക്കുന്നതാണ്

## കാറ്റഗറി നമ്പർ: 550/2019
## ഓഫീസ് സൂപ്രണ്ട്
### (പട്ടികജാതി/ പട്ടികവർഗ്ഗം മാത്രം)

**1 വകുപ്പ്** : കേരളപബ്ലിക്സർവ്വീസ്കമ്മീഷൻ
2 **ഉദ്യോഗപ്പേര്** : ഓഫീസ് സൂപ്രണ്ട് (പട്ടികജാതി/ പട്ടികവർഗ്ഗം മാത്രം)
**3 ശമ്പളം** : ₹ 36600–79200
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
5 **നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികജാതി/പട്ടികവർഗ്ഗം).

കുറിപ്പ്:–പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 18–41, (ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. രണ്ട് തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ചനിലവിലുള്ളമറ്റ്അനുകൂല്യങ്ങളൊന്നുംഈതിരഞ്ഞെടുപ്പിന്ബാധകമല്ല)

**കുറിപ്പ്:–**നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50വയസ്സ് കവിയാൻ പാടില്ല.

7 **യോഗ്യതകൾ**: പ്ലസ് ടു പാസ്സായിരിക്കണം. അല്ലെങ്കിൽ തത്തുല്യ യോഗ്യത.
ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) ആന്റ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:–**ജനുവരി 2002–ന് മുൻപ് ടൈപ്പ് റൈറ്റിംഗ് (കെ.ജി.റ്റി.ഇ) പാസ്സായിട്ടുള്ളവർ കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗിലുള്ള പ്രത്യേകം സർട്ടിഫിക്കറ്റോ തത്തുല്യ യോഗ്യതയോ ഹാജരാക്കേണ്ടതാണ്.
മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:–** ടൈപ്പ് റൈറ്റിംഗ് പരീക്ഷാ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും നല്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല.

ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഒന്നാം ഭാഷ മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ അണെങ്കിൽ അവർ മലയാളം ടൈപ്പ് റൈറ്റിംഗ് (ലോവർ) യോഗ്യത നേടിയിട്ടില്ലാത്തവരാണെങ്കിലും 11.05.1977–ലെ G.O.(P).No.139/1977/GAD നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടൈപ്പിസ്റ്റ് നിയമനത്തിന് യോഗ്യരായതിനാൽ ഈ വിജ്ഞാപനം അനുസരിച്ച് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം നടത്തുന്ന തീയതി മുതൽ നാല് വർഷത്തിനകം പ്രസ്തുത യോഗ്യത നേടിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതാണ്.

വിമുക്ത ഭടന്മാരെ ടൈപ്പിസ്റ്റ് നിയമനത്തിന് മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ യോഗ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാൽ അവർക്ക് ഈ വിജ്ഞാപനമനുസരിച്ച് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിച്ച് കഴിഞ്ഞാൽ പ്രൊബേഷൻ കാലം പൂർത്തിയാകുന്നതിന് മുമ്പായി അവർ പ്രസ്തുത യോഗ്യത നേടിയിരിക്കേണ്ടതാണ്.

പ്രതിരോധ സേനയിൽ ക്ളർക്ക്/റൈറ്റർ ആയി 15 വർഷത്തെ സേവനകാലമുള്ള വിമുക്ത ഭടന്മാർക്ക് സർക്കാർ സർവ്വീസിൽ ടൈപ്പിസ്റ്റ് ഉദ്യോഗത്തിന് നിയമിക്കപ്പെടുവാൻ മതിയായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്. എന്നാൽ അവർ നിയമനം ലഭിച്ചുകഴിഞ്ഞാൽ പ്രൊബേഷൻ കാലം പൂർത്തിയാക്കുന്നതിന് മുമ്പായി മലയാളം ടൈപ്പ് റൈറ്റിംഗ് യോഗ്യത നേടിയിരിക്കേണ്ടതാണ്.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാംഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C)വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 – ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958– ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 551/2019
## ട്രേസർ (പട്ടിക ജാതി /പട്ടികവർഗ്ഗം )

1 **വകുപ്പ്** : നഗര ഗ്രാമാസൂത്രണ വകുപ്പ്
2 **ഉദ്യോഗപ്പേര്** : ട്രേസർ (പട്ടിക ജാതി / പട്ടികവർഗ്ഗം )
3 **ശമ്പളം** : ₹ 19000-43600
4 **ഒഴിവുകളുടെ എണ്ണം** : പട്ടിക ജാതി/ പട്ടികവർഗ്ഗം 02
5 **നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടിക ജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 18-41
ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.2001 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7 **യോഗ്യതകൾ** : 1.എസ്.എസ്എൽ.സി.പാസായിരിക്കണം

**അല്ലെങ്കിൽ**

തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം .
ii. ബിൽഡിംഗ് , ഡ്രോയിങ് ആൻഡ് എസ്റ്റിമേറ്റിങ് (ഹയർ ) പാസായിരിക്കണം
iii. സർവെയിങ് ആൻഡ് ലെവലിംങ് (ലോവർ )
കൂടാതെ ചുവടെ പറയുന്ന ഏതെങ്കിലും ഒരു വിഷയത്തിൽ കെ .ജി . ടി .ഇ / എം . ജി. ടി. ഇ . പാസായിരിക്കണം
I. ബിൽഡിംഗ് മെറ്റീരിയൽസ് ആൻഡ് കൺസ്ട്രക്ഷൻ (ലോവർ )
ii. ജോമെട്രിക്കൽ ഡ്രോയിങ് (ലോവർ )

**പ്രൊബേഷൻ:** നിയമനം ലഭിക്കുന്ന ഉദ്യോഗർത്ഥികൾ തുടർച്ചയായ മൂന്നു വർഷ കാലയളവിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.

പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25 ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ. ( എം എസ് )1 42/72/പി.ഡി, 29.11.1973ലെ ജി.ഒ. ( എം എസ് ) 309/73/പി.ഡി, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെ ജി.ഒ. (പി )25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 552/2019
## സെക്യൂരിറ്റി ഗാർഡ്
### (സ്പെഷ്യൽറിക്രൂട്ട്മെന്റ് പട്ടികവർഗ്ഗവിഭാഗക്കാരായ വിമുക്ത ഭടൻമാരിൽ നിന്നു മാത്രം )

1 **വകുപ്പ്** : ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
2. **ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ്
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗ വിഭാഗക്കാരായ വിമുക്ത ഭടൻമാരിൽ നിന്നു മാത്രം )
3. **ശമ്പളം** : 5860- 8730/(പരിഷ്കരിച്ചത്)
4. **ഒഴിവുകളുടെ എണ്ണം** : സംസ്ഥാനതലം-പട്ടികവർഗ്ഗം-6
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടിക വർഗ്ഗ വിഭാഗക്കാരായ വിമുക്ത ഭടൻമാരിൽ നിന്നു മാത്രം )

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6. **പ്രായം** : 18-45. ഉദ്യോഗാർത്ഥികൾ 02/01/1974നും 01/01/2001നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 i, ii,iii,iv,vi, & xii എന്നിവ നോക്കുക

7. **യോഗ്യതകൾ** : 1. എസ്.എസ്.എൽ.സി പാസാകാൻ പാടില്ല
(എസ്.എസ്.എൽ.സി പാസ്സായവർ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല)
2. സായുധ സേനയിൽ (കരസേന/നാവികസേന/വ്യോമസേന)
3 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം
3. സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.
4. ലൈറ്റ് മോട്ടോർ വെഹിക്കിൾ ഓടിക്കുന്നതിൽ നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

**കുറിപ്പ്:** സ്ത്രീകളും ഭിന്നശേഷിയുള്ളവരും ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

**കുറിപ്പ്:** b) തിരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും, അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒ.എം.ആർ. ടെസ്റ്റ്, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ, നിയമന ശിപാർശ തുടങ്ങി എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ഉണ്ടായിരിക്കണം.

11. പൊതു വ്യവസ്ഥകളിലെ രണ്ടും മൂന്നും ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 553/2019
## ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

1 **വകുപ്പ്** : ആരോഗ്യ വകുപ്പ്
2 **ഉദ്യോഗപ്പേര്** : ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
3 **ശമ്പളം** : ₹ 22200-48000/
4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| തിരുവനന്തപുരം | 2 (പട്ടികജാതി& പട്ടികവർഗ്ഗം), 3 (പട്ടികവർഗ്ഗം) |
| കൊല്ലം | 2 (പട്ടികജാതി& പട്ടികവർഗ്ഗം), 3 (പട്ടികവർഗ്ഗം) |
| പത്തനംതിട്ട | 2 (പട്ടികജാതി& പട്ടികവർഗ്ഗം), 3 (പട്ടികവർഗ്ഗം) |
| കോട്ടയം | 2 (പട്ടികജാതി& പട്ടികവർഗ്ഗം), 2 (പട്ടികവർഗ്ഗം) |
| ഇടുക്കി | 2 (പട്ടികജാതി& പട്ടികവർഗ്ഗം), 3 (പട്ടികവർഗ്ഗം) |
| എറണാകുളം | 2 (പട്ടികജാതി& പട്ടികവർഗ്ഗം), 3 (പട്ടികവർഗ്ഗം) |
| തൃശ്ശൂർ | 2 (പട്ടികജാതി& പട്ടികവർഗ്ഗം), 3 (പട്ടികവർഗ്ഗം) |
| പാലക്കാട് | 2(പട്ടികജാതി& പട്ടികവർഗ്ഗം), 4 (പട്ടികവർഗ്ഗം) |
| മലപ്പുറം | 2 (പട്ടികജാതി& പട്ടികവർഗ്ഗം), 2 (പട്ടികവർഗ്ഗം) |
| കോഴിക്കോട് | 2 (പട്ടികജാതി& പട്ടികവർഗ്ഗം), 3 (പട്ടികവർഗ്ഗം) |
| കണ്ണൂർ | 2 (പട്ടികജാതി&പട്ടികവർഗ്ഗം), 3 (പട്ടികവർഗ്ഗം) |
| കാസർഗോഡ് | 2 (പട്ടികജാതി& പട്ടികവർഗ്ഗം), 3 (പട്ടികവർഗ്ഗം) |

**കുറിപ്പ്:** (1) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(2) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും ( ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി ) ജില്ലാടിസ്ഥാനത്തിൽ തയ്യറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.25 .05 .1971 ലെ സർക്കാർ ഉത്തരവ് (എം .എസ് )154 / 71 / പി .ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്.ഇപ്രകാരം നിയമിക്കപെടുന്നതിന് പ്രേത്യേക സമ്മതപത്രം നൽകേണ്ടതില്ല.

(3) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചതായോ, തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു എന്നു തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 18-46
ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.2001 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7. **യോഗ്യതകൾ**
11) പൊതുയോഗ്യത : എസ് .എസ് .എൽ .സി പാസായിരിക്കണം. അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.
2) സാങ്കേതിക യോഗ്യത : കേരള നേഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ നൽകിയിട്ടുള്ള ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ് ( 18 മാസം ദൈർഖ്യമുള്ള പുതിയ കോഴ്സ്) ഉണ്ടായിരിക്കണം .

**അല്ലെങ്കിൽ**

ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഒരു അധികാരി നൽകിയ ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ്/ ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരള നേഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിങ് സർട്ടിഫിക്കറ്റ്
3) കേരള നേഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം സാമാന്യ വിദ്യാഭാസ യോഗ്യത ആയി 8ആം സ്റ്റാൻഡേർഡ് പാസ്സായിരുന്നാൽ മതിയാകും. നിശ്ചിതയോഗ്യതയുള്ള പട്ടികവർഗ്ഗത്തിൽ പ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിലും പട്ടികവർഗ്ഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന ക്വാട്ട നികത്തുന്നതിന് ആവശ്യമായ പരിധി വരെയും മാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളു. പട്ടികജാതിയിലുള്ള ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ സാമാന്യ വിദ്യാഭാസ യോഗ്യതയായി എസ്. എസ്. എൽ. സി കോഴ്സ് പൂർത്തിയാക്കിയിരുന്നാൽ മതിയാകും. (എസ് .എസ് .എൽ.സി തോറ്റ ഉദ്യോഗാർത്ഥികളും പരിഗണിക്കപ്പെടുന്നതാണ്).പട്ടിക ജാതിയിലുള്ള ഉദ്യോഗാർത്ഥികൾക്ക് നീക്കി വച്ചിരിക്കുന്ന ക്വാട്ട നികത്തുന്നതിന് ആവശ്യമായ പരിധി വരെ മാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളു

അംഗവൈകല്യമുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള ) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം .എസ് ) നമ്പർ 142/72/P-D,29.11.1973 ലെ ജി.ഒ.(എം .എസ് ) നമ്പർ 309/73/PD, 17.01.1976 ലെ ജി.ഒ.(പി) നമ്പർ 21 / 76 / പി .ഡി ,22 .01 .1994ലെ ജി.ഒ.(പി) 25 / 94 / ജി. എ. ഡി എന്നി സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും , നിയമന കാര്യത്തിൽ അപ്പൊഴപ്പോൾ ഉണ്ടാകുന്ന ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) 17 (എ),17 (ബി) എന്നി ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 554/2019
## ലോവർ ഡിവിഷൻ ക്ലാർക്ക്

1 **വകുപ്പ്** : വിവിധ വകുപ്പുകൾ
2 **ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക്
(04.03.2013 ലെ ജി.ഒ (എം.എസ്) നമ്പർ.120/2013/(138)/ഫിൻ പ്രകാരം ക്ലാർക്ക് എന്ന് പുന:നാമകരണം ചെയ്യപ്പെട്ടത്.
(പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**കുറിപ്പ് :** 1. റവന്യൂവകുപ്പിലെ സംയോജിത തസ്തികയായ ലോവർ ഡിവിഷൻ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് ഉൾപ്പെടുന്നതാണ്.
1. കേരള മുനിസിപ്പിൽ കോമൺ സർവ്വീസിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ ഒഴിവുകളും ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങാതെ തന്നെ നികത്തുന്നതാണ് (നേരിട്ടുള്ള നിയമനത്തിന് മാത്രം).

3 **ശമ്പളം** : ₹ 19000-43600
4 **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
കൊല്ലം 03 (മൂന്ന്) (ST only)
കോട്ടയം 01 (ഒന്ന്) (ST only)
പത്തനംതിട്ട 02 (രണ്ട്) (ST only)
എറണാകുളം 01 (ഒന്ന്) (ST only)
മലപ്പുറം 09 (ഒൻപത്) (ST only)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ GO(P) No.4/61/PD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 18-41
ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.2001 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്**: നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7. **യോഗ്യതകൾ:** എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.

(iii)കേരള സ്റ്റേറ്റ് ആർക്കേവ്സിൽ എൽ.ഡി ക്ലാർക്കായി നിയമനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ സമ്മതപത്രം നൽകേണ്ടതാണ്. ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമ്പോൾ ടി ഉദ്യോഗാർത്ഥിയുടെ പേരിന്റെ നേർക്ക് സ്റ്റേറ്റ് ആർക്കേവ്സിൽ നിയമനത്തിന് അർഹരാണെന്ന് രേഖപ്പെടുത്തിയിരിക്കും. അവർ ഊഴം അനുസരിച്ച് മറ്റു വകുപ്പുകളിലേയ്ക്കും നിയമനത്തിന് അർഹതയുള്ളവരായിരിക്കും. എന്നാൽ ഒരാളുടെ ഊഴം വരുന്നതനുസരിച്ച് സ്റ്റേറ്റ് ആർക്കേവ്സിൽ ഒരിക്കൽ നിയമനത്തിന് ശിപാർശ ചെയ്യപ്പെട്ടുകഴിഞ്ഞാൽ പിന്നെ മറ്റേതെങ്കിലും വകുപ്പുകളിലേയ്ക്കുള്ള നിയമനത്തിന് അയാളെ പരിഗണിക്കുന്നതല്ല. സ്റ്റേറ്റ് ആർക്കേവ്സിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമിക്കപ്പെട്ടുകഴിഞ്ഞാൽ ഇവർ നിശ്ചിത പ്രോബേഷൻ കാലത്ത് ഗവൺമെന്റ് നിശ്ചയിക്കുന്ന 'ഓൾഡ് സ്ക്രിപ്റ്റിൽ' ഉള്ള ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

(iv) ഈ വിജ്ഞാപനം പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നി

ന്നും റവന്യൂവകുപ്പിലെ സംയോജിത തസ്തികയായ ലോവർ ഡിവിഷൻ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ അവർ നേരത്തെ ചെയിൻ സർവ്വെ ടെസ്റ്റ് വിജയിച്ചിട്ടില്ലാത്തവരാണെങ്കിൽ അവരെ ഡിപ്പാർട്ടമെന്റിൽ നിന്നും സർവ്വേ ട്രെയിനിംഗിന് അയയ്ക്കുന്നതാണ്. വില്ലേജ് ആഫീസർ / അപ്പർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകളിലേയ്ക്ക് പ്രമോഷൻ ലഭിക്കുവാൻ കേരള മിനിസ്റ്റീരിയൽ സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള ടെസ്റ്റ് യോഗ്യതകൾ ഇവർ നേടിയിരിക്കേണ്ടതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 555/2019
## ലോവർ ഡിവിഷൻ ക്ലാർക്ക്

**1 വകുപ്പ്** : വിവിധ വകുപ്പുകൾ
**2 ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക്
(04.03.2013 ലെ ജി.ഒ (എം.എസ്) നമ്പർ.120/2013/(138)/ഫിൻ പ്രകാരം ക്ലാർക്ക് എന്ന് പുന:നാമകരണം ചെയ്യപ്പെട്ടത്.
(പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
**3 ശമ്പളം** : ₹19000–43600
**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തിരുവനന്തപുരം 10 (പത്ത്) SR for SC/ST

**കുറിപ്പ് :**1. റവന്യൂവകുപ്പിലെ സംയോജിത തസ്തികയായ ലോവർ ഡിവിഷൻ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് ഇതിൽപ്പെടും.
2. കേരള മുനിസിപ്പിൽ കോമൺ സർവ്വീസിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ ഒഴിവുകളും ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങാതെ തന്നെ നികത്തുന്നതാണ് (നേരിട്ടുള്ള നിയമനത്തിന് മാത്രം).

**കുറിപ്പ്:** (2) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 06.02.2013ലെ GO(P) No.5/13/P&ARD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 GO(P) No12/96/P& ARD എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(2) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

(3) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷകളുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചതായോ, തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു എന്നു തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
(പട്ടികജാതി പട്ടിവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള് അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല
**6. പ്രായം** : 18–41
ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.2001നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).
**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.
**7. യോഗ്യതകൾ** : എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.

3 കേരള സ്റ്റേറ്റ് ആർക്കേവ്സിൽ എൽ.ഡി ക്ലാർക്കായി നിയമനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ സമ്മതപത്രം നൽകേണ്ടതാണ്. ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമ്പോൾ ടി ഉദ്യോഗാർത്ഥിയുടെ പേരിന്റെ നേർക്ക് സ്റ്റേറ്റ് ആർക്കേവ്സിൽ നിയമനത്തിന് അർഹരാണെന്ന് രേഖപ്പെടുത്തിയിരിക്കും. അവർ ഊഴം അനുസരിച്ച് മറ്റു വകുപ്പുകളിലേയ്ക്കും നിയമനത്തിന് അർഹതയുള്ളവരായിരിക്കും. എന്നാൽ ഒരാളുടെ ഊഴം വരുന്നതനുസരിച്ച് സ്റ്റേറ്റ് ആർക്കേവ്സിൽ ഒരിക്കൽ നിയമനത്തിന് ശിപാർശ ചെയ്യപ്പെട്ടുകഴിഞ്ഞാൽ പിന്നെ മറ്റേതെങ്കിലും വകുപ്പുകളിലേയ്ക്കുള്ള നിയമനത്തിന് അയാളെ പരിഗണിക്കുന്നതല്ല. സ്റ്റേറ്റ് ആർക്കേവ്സിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമിക്കപ്പെട്ടുകഴിഞ്ഞാൽ ഇവർ നിശ്ചിത പ്രോബേഷൻ കാലത്ത് ഗവൺമെന്റ് നിശ്ചയിക്കുന്ന 'ഓൾഡ് സ്ക്രിപ്റ്റിൽ' ഉള്ള ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

4 ഈ വിജ്ഞാപനംപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും റവന്യൂവകുപ്പിലെ സംയോജിത തസ്തികയായ ലോവർ ഡിവിഷൻ ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ അവർ നേരത്തെ ചെയിൻ സർവ്വെ ടെസ്റ്റ് വിജയിച്ചിട്ടില്ലാത്തവരാണെങ്കിൽ അവരെ ഡിപ്പാർട്ടമെന്റിൽ നിന്നും സർവ്വേ ട്രെയിനിംഗിന് അയയ്ക്കുന്നതാണ്. വില്ലേജ് ആഫീസർ / അപ്പർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകളിലേയ്ക്ക് പ്രമോഷൻ ലഭിക്കുവാൻ കേരള മിനിസ്റ്റീരിയൽ സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള ടെസ്റ്റ് യോഗ്യതകൾ ഇവർ നേടിയിരിക്കേണ്ടതാണ്.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി) 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 556/2019
## ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ്വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**1 വകുപ്പ്** : സൈനിക ക്ഷേമ വകുപ്പ്
**2 ഉദ്യോഗപ്പേര്** : ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ്(സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
**3 ശമ്പളം** : ₹8500–13210 (PR)
**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
തിരുവനന്തപുരം (വിമുക്ത ഭടന്മാരായ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം) 1 (ഒന്ന്)

**കുറിപ്പ്:** 2. ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ GO (Ms) No.4/61/PD- യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.
3. വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
(വിമുക്ത ഭടൻമാരായ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
**കുറിപ്പ്:** വിമുക്ത ഭടൻമാരായ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള് അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല
**6. പ്രായം** : 18–50 ഉദ്യോഗാർത്ഥികൾ 02.01.1969 01.01.2001നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടാള സേവന കാലാവധി ഉൾപ്പെടെ 50 (അൻപത്)വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു
**കുറിപ്പ്**: i. ഉയർന്ന പ്രായപരിധി യാതൊരു കാരണവശാലും 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല.
ii. വയസ്സിളവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ നോക്കുക.
**7. യോഗ്യതകൾ**: i. ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം. എന്നാൽ യാതൊരുവിധ ബിരുദവും നേടിയിരിക്കുവാൻ പാടില്ല
**കുറിപ്പ്**: 3 ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള വാച്ചർ , വാച്ച്മാൻ, നൈറ്റ് വാച്ച്മാൻ, നൈറ്റ് വാച്ചർ എന്നീ ഉദ്യോഗങ്ങൾക്ക് വികലാംഗരും സ്ത്രീകളും അർഹരല്ല.

4 ഈ വിജ്ഞാപനംപ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുന്ന എല്ലാ തസ്തികകൾക്കുമായി ഒരു പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)

## കാറ്റഗറി നമ്പർ: 557/2019
## അസിസ്റ്റന്റ് പ്രൊഫസർ (മെക്കാനിക്കൽ എഞ്ചിനീയറിംഗ്)
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം (എഞ്ചിനീയറിംഗ് കോളേജുകൾ)
**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ (മെക്കാനിക്കൽ എഞ്ചിനീയറിംഗ്)
**3 ശമ്പളം** : AICTE സ്കെയിൽ
**4 ഒഴിവുകളുടെ എണ്ണം** : എൻ.സി.എ. എസ്.സി.സി.സി (പരിവർത്തിത ക്രിസ്ത്യാനികൾ) 02 (രണ്ട്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 27/02/2019തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 546/2014) കാലയളവിൽ എസ്.സി.സി.സി സമുദായത്തിനുവേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (എസ്.സി.സി.സി. വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).
**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നല്കുന്നതല്ല.
**6. പ്രായം** : 20–42,ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.1999 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
**കുറിപ്പ്:** 1) പ്രായപൂർത്തിയായശേഷം പട്ടികജാതിയിൽ നിന്ന് ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികൾക്ക് 44 വയസ്സുവരെ വയസ്സിളവ് ഉണ്ടായിരിക്കും. പ്രസ്തുത ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
2) സാങ്കേതിക വിദ്യാഭ്യാസം, പൊതുമരാമത്ത്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, വ്യവസായം, ആർക്കിടെക്ചർ ആന്റ് ടൌൺ പ്ലാനിംഗ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും (എസ്.സി.സി.സി. സംവരണ വിഭാഗത്തിൽപ്പെട്ടവർ മാത്രം) ഈ വിഞ്ജാപനപ്രകാരം അപേക്ഷിക്കാവുന്നതാണ്. അവർക്ക് അതാത് വകുപ്പുകളിലെ സേവന ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 01.01.2019ൽ 50 വയസ്സ് കവിയാൻ പാടില്ല.
**7. യോഗ്യതകൾ** : ബന്ധപ്പെട്ട ശാഖയിൽ ബി.ഇ./ ബി.ടെക്., എം.ഇ./എം.ടെക്. ബിരുദങ്ങൾ ഉണ്ടായിരിക്കണം. കൂടാതെ ബി.ഇ./ ബി.ടെക്. അല്ലെങ്കിൽ എം.ഇ./എം.ടെക്. ഇവയിലേതിലെങ്കിലും ഫസ്റ്റ് ക്ലാസ് അല്ലെങ്കിൽ തത്തുല്യ ഗ്രേഡ് ഉണ്ടായിരിക്കണം.
**പ്രൊബേഷൻ :** ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.
**പ്രതിരോധ സേവനം:** മേൽ പറഞ്ഞ ജോലിയിൽ നിയമിക്കപ്പെടുന്നവർ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം, തൽസമയം ഉയർന്ന ജോലിയിലാണെങ്കിൽ തന്നെയും പരിശീലന കാലയളവുൾപ്പെടെ നാല് വർഷമെങ്കിലും ഇന്ത്യയ്ക്കകത്തോ പുറത്തോ പ്രതിരോധ വകുപ്പിലോ പ്രതിരോധ യത്നങ്ങളോടനുബന്ധിച്ചുള്ള ജോലിയിലോ സേവനം അനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. പ്രതിരോധ വകുപ്പിലെ ഈ സേവന ബാധ്യത സർവ്വീസിലെ ആദ്യത്തെ പത്ത് വർഷങ്ങളിൽ മാത്രം ഒതുക്കി നിൽക്കുന്നതാണ്. നാൽപത് വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ഈ നിയമം ബാധകമല്ല.

## കാറ്റഗറി നമ്പർ: 558/2019
## ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : ആരോഗ്യം
**2 ഉദ്യോഗപ്പേര്** : ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
**3 ശമ്പളം** : ₹39500–83000/
**4 ഒഴിവുകളുടെ എണ്ണം** : മുസ്ലീം 01 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.02.2017ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ: 428/2012; ഗസറ്റ് തീയതി:31.07.2012) കാലയളവിൽ മുകളിൽ പറഞ്ഞിരിക്കുന്ന സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതു വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 18.08.2017ലെ ഗസറ്റിൽ 292/2017 കാറ്റഗറി നമ്പർ പ്രകാരം വിജ്ഞാപനം ചെയ്ത ഒന്നാം എൻ.സി.എ വിജ്ഞാപന പ്രകാരം മുസ്ലീം സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാൽ പ്രസിദ്ധീകരിക്കുന്ന രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**കുറിപ്പ്:** 05.01.2015ലെ 01/2015/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മാത്രമേ ടി തസ്തികയിലെ നിയമനത്തിന് യോഗ്യരായി കണ്ടെത്തിയിട്ടുള്ളൂ.ആയതിനാൽ കാഴ്ച വൈകല്യമുള്ള/അന്ധതയുള്ള, ശ്രവണ വൈകല്യമുള്ള വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷി വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾ ടി തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (മുസ്ലീം സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.
**കുറിപ്പ്:** മുസ്ലീം സമുദായത്തിൽ പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.
**6. പ്രായം** : 23–39; ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ).(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക2(i)ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക(ഖണ്ഡിക 2(i) ഒഴികെ))
**7. യോഗ്യതകൾ :**
1.A) യു.ജി.സി അംഗീകൃത യൂണിവേഴ്സിറ്റി/കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനം/ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയിൽ നിന്നും ലഭിച്ച ക്ലിനിക്കൽ സൈക്കോളജിയിലുള്ള എം.എസ്.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത

**അല്ലെങ്കിൽ**

b)യു.ജി.സി അംഗീകൃത യൂണിവേഴ്സിറ്റി/കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനം/ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയിൽ നിന്നും ലഭിച്ച സൈക്കോളജിയിലുള്ള എം.എ / എം.എസ്.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത
2. ക്ലിനിക്കൽ സൈക്കോളജിയിലുള്ള എം.ഫിൽ ബിരുദം അല്ലെങ്കിൽ ആർ.സി.ഐ അംഗീകൃതമായ യൂണിവേഴ്സിറ്റി / കോളേജ് / കേരള സർക്കാർ

ഉടമസ്ഥതയിലുള്ള സ്ഥാപനം / ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ / യു.ജി.സി അംഗീകൃത യൂണിവേഴ്സിറ്റി എന്നിവയിൽ നിന്നും ലഭിച്ച തത്തുല്യമായ 2 (രണ്ട്) വർഷത്തെ കോഴ്സ്
3. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ആയുള്ള റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ രജിസ്ട്രേഷൻ.

## കാറ്റഗറി നമ്പർ: 559/2019
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ വയലിൻ
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ)
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ വയലിൻ
**3. ശമ്പളം** : 36,600 – 79,200/
**4. ഒഴിവുകളുടെ എണ്ണം** : ഈഴവ/തിയ്യ/ബില്ലവ1 (ഒന്ന്)
മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 11.05.2017ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതു വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഈഴവ/തിയ്യ/ബില്ലവ സമുദായത്തിൽപെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).
**കുറിപ്പ്:** ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
**6. പ്രായം** : 22–39 ഉദ്യോഗാർത്ഥികൾ 02/01/1980 നും 01/01/1997 നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ).
*വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക(ഖണ്ഡിക 2(ശ) ഒഴികെയുള്ളവ).
**7. യോഗ്യതകൾ** : ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി യൂണിവേഴ്സിറ്റിയിൽ നിന്നോ/യു.ജി.സി അംഗീകരിച്ചിട്ടുള്ള യൂണിവേഴ്സിറ്റികൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നോ വയലിനിൽ നേടിയിട്ടുള്ള ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.
**കുറിപ്പ്**: 2). 1991 സെപ്തംബർ 19നു മുൻപ് PhD നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് നേടിയാൽ മതിയാകും.
3). തുല്യ യോഗ്യതയുള്ളവരിൽ ബിരുദ തലത്തിലോ, ബിരുദാനന്തര ബിരുദതലത്തിലോ മലയാളം ഒരു വിഷയമായി പഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.
6).17.10.2012 തീയതിയിലെ G.O(p)No.61/2012/sw1 നമ്പർ സർക്കാർ ഉത്തരവുപ്രകാരം ശ്രവണ വൈകല്യമുള്ള ഭിന്നശേഷിവിഭാഗങ്ങൾ ഈ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

## കാറ്റഗറി നമ്പർ: 560/2019
## മേറ്റ് ( മൈൻസ് )
## മൂന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : മേറ്റ് (മൈൻസ്) (എൻസിഎ പട്ടികജാതി )
**3 ശമ്പളം** : ₹9920–20480/
**4 ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന് )
i) മുകളിൽ പറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക /സാദ്ധ്യതാപട്ടികയിൽ ഉൾപ്പെടുത്തുവാൻ സാദ്ധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യതയനുസരിച്ച് തീരുമാനിക്കുന്നതാണ്.
ii) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്കുലിസ്റ്റ് ഈ തസ്തികയുടെ 23–05–2016 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 199/14) കാലയളവിൽ പട്ടിക ജാതി വിഭാഗത്തിന് നീക്കി വച്ചിട്ടുള്ള ഒഴിവിലേക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവിലേക്ക് നിയമനശിപാർശയും ,നിയമനവും നടത്തുന്നത് വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ് . 30–12–2016 തീയതിയിലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒന്നാം എൻ സി എ വിജ്ഞാപനത്തിന്റെയും(കാറ്റഗറിനമ്പർ:506/16),26–07–2018 തീയതിയിലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച രണ്ടാം എൻ.സി.എ വിജ്ഞാപനത്തിന്റെയും (കാറ്റഗറിനമ്പർ:102/18)അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ഉള്ള മൂന്നാം എൻ സി എ വിജ്ഞാപനമാണ്.
iii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.
**5 നിയമന രീതി** :നേരിട്ടുള്ള നിയമനം ( പട്ടികജാതി വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രമുള്ള നേരിട്ടുള്ള നിയമനം) പട്ടികജാതി വിഭാഗത്തിൽപെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ് അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല .
**6 പ്രായം** : 18–41 ; ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.2001 നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ പാർട്ട് രണ്ടിലെ ഖണ്ഡിക 2(I) ലെ ആനുകൂല്യം ഉൾപ്പെടെ
**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത്നിശ്ചിതപ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക2 (ii),(iii),(iv),(vi),(vii),&(xii)നോക്കുക.)
**7 യോഗ്യതകൾ :** മൈൻസ് ആക്ട് അനുസരിച്ചു നേടിയ മേറ്റ്സ് കോംപിറ്റൻസി സർട്ടിഫിക്കറ് (മെറ്റാലിഫെറസ് )
11 (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ v, viii, ix,x,xi&xiii എന്നീ ഉപഖണ്ഡികകളും,ഖണ്ഡിക 5(a), 7ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം ,അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ: 561/2019 – 565/2019
## സെക്യൂരിറ്റി ഗാർഡ്
## മൂന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** ; സെക്യൂരിറ്റി ഗാർഡ്
**3 ശമ്പളം** : ₹ 5850–8730/
**4 ഒഴിവുകളുടെ എണ്ണം** : എൻ.സി.എ

| | | |
|---|---|---|
| ഈഴവ/തിയ്യ/ ബില്ലവ | 2 | കാറ്റഗറി നമ്പർ: 561/19 |
| പട്ടികജാതി | 2 | കാറ്റഗറി നമ്പർ: 562/19 |
| മുസ്ലീം | 2 | കാറ്റഗറി നമ്പർ: 563/19 |
| ലത്തീൻകത്തോലിക്ക/ ആംഗ്ലോ ഇന്ത്യൻ | 1 | കാറ്റഗറി നമ്പർ: 564/19 |
| ധീവര | 1 | കാറ്റഗറി നമ്പർ: 565/19 |

**5 നിയമനരീതി** : വിമുക്ത ഭടന്മാരിൽ നിന്നും നേരിട്ടുള്ള നിയമനം. ( ഈഴവ / തിയ്യ / ബില്ലവ , പട്ടികജാതി, മുസ്ലീം,ലത്തീൻകത്തോലിക്ക/ ആംഗ്ലോ ഇന്ത്യൻ , ധീവര സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം)
**കുറിപ്പ്:** ടി സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.
**6 പ്രായം** : പട്ടികജാതി : 18–50 (ഉദ്യോഗാർത്ഥികൾ 02.01.1969 നും 01.01.2001 നും ഇടയിൽ ജനിച്ചവരാകണം. (രണ്ടു തീയതികളും ഉൾപ്പെടെ) ഈഴവ / തിയ്യ / ബില്ലവ , മുസ്ലീം,ലത്തീൻകത്തോലിക്ക/ ആംഗ്ലോ ഇന്ത്യൻ , ധീവര : 18–49 (ഉദ്യോഗാർത്ഥികൾ 02.01.1970 നും 01.01.2001 നും ഇടയിൽ ജനിച്ചവരാകണം. (രണ്ടു തീയതികളും ഉൾപ്പെടെ)
**7. യോഗ്യതകൾ :** (1) എസ്.എസ്.എൽ.സി ഫെയിൽഡ് (എസ്.എസ്.എൽ.സി പാസ്സായ ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കില്ല.
(2) കരസേന / നാവികസേന / വായുസേന എന്നീ വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിൽ മൂന്നു വർഷത്തിൽ കുറയാതെയുള്ള സേവനം.
(3) സൈക്ലിംഗ്
(4) പ്രാബല്യത്തിലുള്ള എൽ.എം.വി ഡ്രൈവിംങ് ലൈസൻസ്.
**കുറിപ്പ്:** (1) മുകളിൽ പറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക / സാദ്ധ്യതാപട്ടികയിൽ ഉൾപ്പെടുത്തുവാൻ സാദ്ധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യതയനുസരിച്ച് തീരുമാനിക്കുന്നതാണ്.
(2) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 09.05.2016 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 469/2010) കാലയളവിൽ ഉത്ഭവിച്ച ഈഴവ / തിയ്യ / ബില്ലവ , പട്ടികജാതി , മുസ്ലീം,ലത്തീൻകത്തോലിക്ക/ ആംഗ്ലോ ഇന്ത്യൻ , ധീവര വിഭാഗങ്ങൾക്ക് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 28.02.2017 , കാറ്റഗറി നമ്പർ 14/2017 to 18/2017), രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 26.07.2018 , കാറ്റഗറി നമ്പർ 104/2018 to 108/2018) എന്നിവ പ്രകാരം ഈഴവ / തിയ്യ / ബില്ലവ , പട്ടികജാതി , മുസ്ലീം,ലത്തീൻകത്തോലിക്ക/ ആംഗ്ലോ ഇന്ത്യൻ , ധീവര സമുദായങ്ങളിലുള്ള അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിലുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനമാണിത്.
(3) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമനശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.
(4) സ്ത്രീകളും ഭിന്നശേഷിക്കാരും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ യോഗ്യരല്ല.
11. (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ v,vii,viii, ix, x, xi & xiii &xiv ഉപഖണ്ഡികകളും 5,5a,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)

## കാറ്റഗറി നമ്പർ: 566/2019 – 573/2019
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (അറബിക്)
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (അറബിക്)
**3. ശമ്പളം** : ₹ 29,200–62,400/ (പരിഷ്കരിച്ചത്)
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | | |
|---|---|---|
| കാറ്റഗറി നമ്പർ 566/2019 | ഈഴവ/തീയ്യ/ബില്ലവ | |
| | കൊല്ലം | 01 (ഒന്ന്) |
| | എറണാകുളം | 03 (മൂന്ന്) |
| | തൃശൂർ | 2 (രണ്ട്) |
| | പാലക്കാട് | 01 (ഒന്ന്) |
| | മലപ്പുറം | 6 (ആറ്) |
| | കോഴിക്കോട് | 02 (രണ്ട് ) |
| | വയനാട് | 01 (ഒന്ന്) |
| | കണ്ണൂർ | 02 (രണ്ട്) |
| | കാസറഗോഡ് | 04 (നാല്) |
| കാറ്റഗറി നമ്പർ 567/2019 | പട്ടികജാതി | |
| | തിരുവനന്തപുരം | 01 (ഒന്ന്) |
| | പാലക്കാട് | 01 (ഒന്ന്) |
| | മലപ്പുറം | 04 (നാല്) |
| | വയനാട് | 01 (ഒന്ന്) |
| | കോഴിക്കോട് | 01 (ഒന്ന്) |
| | കണ്ണൂർ | 01 (ഒന്ന്) |
| | കാസറഗോഡ് | 04 (നാല്) |
| കാറ്റഗറി നമ്പർ 568/2019 | ലത്തീൻ കത്തോലിക്ക /ആംഗ്ലോ ഇൻഡ്യൻ | |
| | തിരുവനന്തപുരം | 01 (ഒന്ന്) |
| | പാലക്കാട് | 01 (ഒന്ന്) |
| | മലപ്പുറം | 02 (രണ്ട്) |
| | കോഴിക്കോട് | 01 (ഒന്ന്) |
| | കാസറഗോഡ് | 02 (രണ്ട്) |
| കാറ്റഗറി നമ്പർ 569/2019 | ഒ.ബി.സി | |
| | പാലക്കാട് | 01 (ഒന്ന്) |
| | മലപ്പുറം | 02 (രണ്ട്) |
| | വയനാട് | 01 (ഒന്ന്) |
| | കാസറഗോഡ് | 01 (ഒന്ന്) |
| കാറ്റഗറി നമ്പർ 570/2019 | വിശ്വകർമ്മ | |
| | കൊല്ലം | 01 (ഒന്ന്) |
| | എറണാകുളം | 01 (ഒന്ന്) |
| | മലപ്പുറം | 02 (രണ്ട്) |
| | കാസറഗോഡ് | 01 (ഒന്ന്) |
| കാറ്റഗറി നമ്പർ 571/2019 | ഹിന്ദു നാടാർ | |
| | കാസറഗോഡ് | 01 (ഒന്ന്) |
| കാറ്റഗറി നമ്പർ 572/2019 | എസ്.സി.സി.സി | |
| | പാലക്കാട് | 01 (ഒന്ന്) |
| | മലപ്പുറം | 01 (ഒന്ന്) |
| | കോഴിക്കോട് | 01 (ഒന്ന്) |
| കാറ്റഗറി നമ്പർ 573/2019 | ധീവര | |
| | പാലക്കാട് | 01 (ഒന്ന്) |
| | കോഴിക്കോട് | 01 (ഒന്ന്) |
| | കാസറഗോഡ് | 01 (ഒന്ന്) |

**കുറിപ്പ്** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ അയയ്ക്കുന്നതല്ല
(iii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും ഓരോ സമുദായത്തിനായി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 18/08/2018 | 199/16 |
| കൊല്ലം | 25/09/2018 | 199/16 |
| എറണാകുളം | 31/10/2018 | 199/16 |
| തൃശൂർ | 31/10/2018 | 199/16 |
| പാലക്കാട് | 31/10/2018 | 199/16 |
| മലപ്പുറം | 25/09/2018 | 199/16 |
| കോഴിക്കോട് | 10/10/2018 | 199/16 |
| വയനാട് | 26/06/2018 | 199/16 |
| കണ്ണൂർ | 03/09/2018 | 199/16 |
| കാസറഗോഡ് | 31/05/2018 | 199/16 |

(iv) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.
(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി, ഈഴവ/തീയ്യ/ബില്ലവ, ഒ.ബി.സി, ലത്തീൻ കത്തോലിക്ക /ആംഗ്ലോ ഇൻഡ്യൻ, എസ്.സി.സി.സി, ധീവര, ഹിന്ദു നാടാർ , വിശ്വകർമ്മ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).
**6. പ്രായം** : 18–43. ഈഴവ/തീയ്യ/ബില്ലവ, ഒ.ബി.സി, ലത്തീൻ കത്തോലിക്ക /ആംഗ്ലോ ഇൻഡ്യൻ, എസ്.സി.സി.സി, ധീവര,

**(ശേഷം പേജ് 18ൽ)**

# 2019 പിന്നിട്ട വഴികളിലൂടെ

തയ്യാറാക്കിയത് : ബാലകൃഷ്ണൻ എൻ, ലിനുരാജ് എം ആർ

## 2019 ലെ കേരളം

### കൈവരിച്ച നേട്ടങ്ങൾ

- നീതി ആയോഗ് പുറത്ത്വിട്ട സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക 2019 ൽ ഒന്നാമതെത്തിയ ഇന്ത്യൻ സംസ്ഥാനം - കേരളം (പഠനഫലത്തെ സഹായിക്കുന്ന വിധത്തിൽ ഭരണ നടപടിക്രമങ്ങളിലെ മികവിലും കേരളമാണ് ഒന്നാമത്). 2016-17 ൽ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സൂചിക തയ്യാറാക്കിയത്. 76.63% സ്കോർ നേടിയാണ് കേരളം മുന്നിലെത്തിയത്.
- സേവ് ദ ചിൽഡ്രൻ എന്ന രാജ്യാന്തര സംഘടന ബാല സംരക്ഷണ മേഖലയിലെ പ്രവർത്തന മികവിന് ഏർപ്പെടുത്തിയ ദേശീയ പുരസ്കാരം സംസ്ഥാന ബാലവകാശ കമ്മീഷന് ലഭിച്ചു.
- സി.എൻ.എൻ.ആഗോള വിനോദ സഞ്ചാരപട്ടികയിൽ ദക്ഷിണേഷ്യയിൽ നിന്ന് ഉൾപ്പെട്ട ഏക പ്രദേശം- കേരളം
- വിദ്യാഭ്യാസ രംഗത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ ഒന്നാമതെത്തിയ സംസ്ഥാനം-കേരളം
- സംസ്ഥാന സർക്കാരിന്റെ മികച്ച ജില്ലാ പഞ്ചായത്തിനുള്ള പുരസ്കാരം നേടിയത്- തിരുവനന്തപുരം
- സംസ്ഥാനങ്ങളിലെ ആരോഗ്യ സൂചികയിൽ രാജ്യത്ത് ഏറ്റവും മുന്നിലെത്തിയ സംസ്ഥാനം - കേരളം (ഉത്തർപ്രദേശാണ് ഏറ്റവും പിന്നിൽ). കഴിഞ്ഞ വർഷവും കേരളം തന്നെയായിരുന്നു മുന്നിൽ
- ഇന്ത്യയിൽ ആദ്യമായി ഗോത്ര ഭാഷകൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കിയ സംസ്ഥാനം - കേരളം
- ഏറ്റവും നന്നായി കടുവ സംരക്ഷണ കേന്ദ്രങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകാരം ലഭിച്ച സംസ്ഥാനം - കേരളം
- ടൂറിസം രംഗത്തെ രാജ്യാന്തര ബഹുമതിയായ പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റെ(പാറ്റാ) മൂന്ന് പുരസ്കാരങ്ങൾ നേടിയത് - കേരള ടൂറിസം (ഉത്തരവാദിത്വ ടൂറിസം മിഷന്റെ കീഴിലുള്ള കുമരകം എത്നിക് റസ്റ്റോറന്റിനും, മികച്ച പരസ്യ പ്രചാരണ പരിപാടിക്കുള്ള അംഗീകാരത്തിന് കേരള ടൂറിസത്തിന്റെ പരസ്യ പ്രചാരണപരിപാടിയായ 'കം ഔട്ട് ആൻഡ് പ്ലേ'യ്ക്കും, ലോകത്തെ ഏറ്റവും മികച്ച ടൂറി




സം വെബ്സൈറ്റിനുള്ള പുരസ്കാരം കേരള ടൂറിസം വെബ്സൈറ്റിനും ലഭിച്ചു.
- സംസ്ഥാനത്തെ ആദ്യത്തെ കാട്ടാന ഉദ്യാനം എവിടെയാണ് സ്ഥാപിക്കുന്നത്-ചിന്നക്കനാൽ (ഇടുക്കി ജില്ല)
- രാജ്യത്തെ മികച്ച ബാലസൗഹൃദ പഞ്ചായത്ത് - വടക്കാഞ്ചേരിയിലെ കോലേഴി ഗ്രാമപഞ്ചായത്ത്
- രാജ്യത്തെ ഏറ്റവും മികച്ച പ്രാഥമിക ആരോഗ്യകേന്ദ്രമായി തിരഞ്ഞെടുക്കപ്പെട്ടത് - കയ്യൂർ (കാസർകോട് ജില്ല)
- രാജ്യത്തെ ആദ്യത്തെ സമ്പൂർണ സൗരോർജ പഞ്ചായത്ത്- പോത്തനിക്കാട് (എറണാകുളം ജില്ല)

**ലോകം 2020 ലേക്ക് കടക്കുകയാണ്. 2019 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള പി.എസ്.സി. ബുള്ളറ്റിനുകളിലെ സമകാലികം പംക്തിയിലൂടെ ഒരു തിരിഞ്ഞുനോട്ടം നടത്തുകയാണിവിടെ.**

- ജില്ലാ സഹകരണബാങ്കുകളെ സംസ്ഥാന സഹകരണബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് നിലവിൽ വന്നു. മലപ്പുറം




ജില്ലാബാങ്ക് ഒഴികെയുള്ള 13 ബാങ്കുകളാണ് കേരള ബാങ്കിന്റെ ഭാഗമാകുന്നത്. ഡിസംബർ 6 ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ കേരള ബാങ്കിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ജനറൽ മാനേജർ പി.എസ്. രാജനെ കേരള ബാങ്കിന്റെ സി.ഇ.ഒ.യായി സർക്കാർ നിയമിച്ചു.
- രാജ്യത്തെ മികച്ച കടുവാ സങ്കേതത്തിനുള്ള ദേശീയ കടുവസംരക്ഷണ അതോറിറ്റിയുടെ അവാർഡ് പെരിയാർ കടുവാ സങ്കേതത്തിന് ലഭിച്ചു. പെരിയാർ ടൈഗർ റിസർവും മഹാരാഷ്ട്രയിലെ പെഞ്ച് കടുവാ സങ്കേതവും ഒന്നാംസ്ഥാനം പങ്കിടുകയായിരുന്നു.
- തിരുവനന്തപുരം, പാളയത്ത് സ്ഥിതി ചെയ്യുന്ന വി.ജെ.ടി. (വിക്ടോറിയ ജൂബിലി ടൗൺഹാൾ) ഹാളിന്റെ പുതിയ പേര് - അയ്യൻകാളി ഹാൾ (വിക്ടോറിയ രാജ്ഞിയുടെ കിരീടധാരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സ്മരണയ്ക്ക് 1896 ൽ ശ്രീമൂലം തിരുന്നാളിന്റെ കാലത്ത് നിർമ്മിച്ചു.)
- പൊതുസ്ഥാപനങ്ങളിൽ കൃത്രിമ ഭൂജല പരിപോഷണം പൂർത്തീകരിച്ച സംസ്ഥാനത്തെ ആദ്യ നിയോജകമണ്ഡലമായി കാട്ടാക്കട മാറി. ലോകശ്രദ്ധ ആകർഷിച്ച 'വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി' എന്ന ജലസുരക്ഷ പദ്ധതിയുടെ പ്രവർത്തനഫലമായാണ് ഈ നേട്ടം കൈവരിച്ചത്.
- കാർഷിക സർവകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സെല്ലിന്റെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങളുടെ ഫലമായി ഭൗമസൂചക പദവി ലഭിച്ച ഉത്പന്നം - തിരൂർ വെറ്റില (ഭൗമസൂചകപദവി ലഭിച്ച മറ്റ് ഉത്പന്നങ്ങൾ - വയനാടൻ ഗന്ധകശാല, വയനാടൻ ജീരകശാല, പൊക്കാളി അരി, കൈപ്പാട് അരി, വാഴക്കുളം പൈനാപ്പിൾ, മദ്ധ്യകേരളത്തിലെ ശർക്കര, നിലമ്പൂർ തേക്ക്, മറയൂർ ശർക്കര, ചെങ്ങാലിക്കോടൻ നേന്ത്രക്കായ)
- കേരളത്തിൽ സർക്കാർ ആഭിമുഖ്യത്തിലുള്ള ആദ്യത്തെ ടെന്നീസ് അക്കാദമി തിരുവനന്തപുരത്ത് സ്ഥാപിച്ചു
- റോബോട്ടിനെ (കെ.പി. ബോട്ട്) സേവനത്തിന് ഉപയോഗിച്ച ആദ്യ പൊലീസ് സേനയായി കേരള പൊലീസ്
- ഏഷ്യയിലെ ആദ്യത്തെ ആയുർവേദ സ്പോർട്സ് ആശുപത്രിയായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആൻഡ് റിസർച്ച് എവിടെയാണ്-തൃശ്ശൂർ
- കേരള ഓട്ടോമൊബൈൽസ് നിർമ്മിച്ച കേരളത്തിന്റെ ഇ-ഓട്ടോറിക്ഷ - നീം ജി നിരത്തിലിറക്കി
- മഹാകവി അക്കിത്തത്തിന് ജ്ഞാനപീഠം. അക്കിത്തം സാഹിത്യത്തിന് നൽകിയ സമഗ്രസംഭാവന പരിഗണിച്ചാണ് 55-ാം ജ്ഞാനപീഠപുരസ്കാരം സമ്മാനിക്കുന്നത്. ജ്ഞാനപീഠം നേടുന്ന ആറാമത്തെ മലയാളിയാണ് ഇദ്ദേഹം. അക്കിത്തം അച്യുതൻ നമ്പൂതിരി എന്നാണ് മുഴുവൻ പേര്. കേരള സാഹിത്യഅക്കാദമി പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം, മൂർത്തിദേവി പുരസ്കാരം, വയലാർ അവാർഡ്, മാതൃഭൂമി പുരസ്കാരം, കബീർ സമ്മാൻ തുടങ്ങി ബഹുമതികൾ ലഭിച്ചിട്ടുണ്ട്. 2017 ൽ രാജ്യം പദ്മശ്രീ നൽകി ആദരിച്ചു.. ജി. ശങ്കരക്കുറുപ്പ് (1965), എസ്.കെ. പൊറ്റക്കാട് (1980), തകഴി ശിവശങ്കരപിള്ള (1984), എം.ടി. വാസുദേവൻ നായർ (1995), ഒ.എൻ.വി. കുറുപ്പ് (2007) എന്നിവർക്ക് ജ്ഞാനപീഠം ലഭിച്ചിട്ടുണ്ട് കൂടാതെ ഒ.എൻ.വി. സാഹിത്യ പുരസ്കാരത്തിനും അർഹനായി.
- സ്ത്രീ ശാക്തീകരണത്തിനും പാർശ്വവൽകൃതരുടെ ഉന്നമനത്തിനും പ്രവർത്തിക്കുന്ന വനിതകൾക്ക് അംഗീകാരമായി ഏർപ്പെടുത്തുന്ന പുരസ്കാരം ആരുടെ പേരിലാണ് അറിയപ്പെടുക - ദാക്ഷായണി വേലായുധൻ (ഇന്ത്യൻ ഭരണഘടനാ നിർമാണ സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മലയാളിയായ ദളിത് വനിത)
- പ്രവാസി ഭാരതീയപുരസ്കാരത്തിന് അർഹരായ മലയാളികൾ - ഗീത ഗോപിനാഥ്, വി.ടി.വിനോദ്
- ശ്രീമദ് വാല്മീകി രാമായണം സംസ്കൃതത്തിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തതിന് കേന്ദ്ര സാഹിത്യ അക്കാദമിയുടെ വിവർത്തന പുരസ്കാരത്തിന് ഡോ. എം.ലീലാവതി അർഹയായി
- ഇസാഫ് സ്ത്രീ രത്ന പുരസ്കാരത്തിന് അർഹയായത്- രേഖ കാർത്തികേയൻ (ആഴക്കടൽ മത്സ്യബന്ധന ലൈസൻസ് നേടിയ ആദ്യ വനിതാ മത്സ്യത്തൊഴിലാളി)
- ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണം നേടിയ മലയാളി-പി.യു.ചിത്ര
- ഷാങ്ഹായ് അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ മികച്ച കലാമൂല്യമുള്ള പുരസ്കാരം നേടിയ 'വെയിൽ മരങ്ങൾ' സംവിധാനം ചെയ്തത് - ഡോ. ബിജു
- സിംഗപ്പൂർ സൗത്ത് ഏഷ്യൻ അന്താരാഷ്ട്ര ചലച്ചിത്ര മേള





യിൽ മികച്ച നടനുള്ള പുരസ്കാരം നേടിയത് - ഇന്ദ്രൻസ് (ഡോ. ബിജു സംവിധാനം ചെയ്ത വെയിൽ മരങ്ങളിലെ അഭിനയത്തിനാണ് പുരസ്കാരം)
- മാനവശേഷിമന്ത്രാലയത്തിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫെയിം വർക്കിൽ കേരളത്തിൽ നിന്ന് ഏറ്റവും ഉയർന്ന റാങ്ക് നേടിയ കോളേജ്-യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
- കേരള സർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച വാഴുവേലിൽ തറവാട് ആരുടെ ജന്മഗൃഹമാണ് - സുഗതകുമാരി
- കേന്ദ്രസാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം നേടിയ മലയാളികൾ- ഡോ.കെ.എൻ.പണിക്കർ, ആറ്റൂർ രവിവർമ

### പുരസ്കാരങ്ങൾ

- വയലാർ പുരസ്കാരം - വി ജെ ജെയിംസ്
- എഴുത്തച്ഛൻ പുരസ്കാരം - ആനന്ദ്
- വള്ളത്തോൾ പുരസ്കാരം - സക്കറിയ
- കേരള സാഹിത്യ അക്കാദമി പുരസ്കാരം (നോവൽ) - കെ വി മോഹൻ കുമാർ
- കേരള സാഹിത്യ അക്കാദമി പുരസ്കാരം (കഥ) - കെ രേഖ
- കേരള സാഹിത്യ അക്കാദമി പുരസ്കാരം (കവിത) - വി എം ഗിരിജ
- ജെ സി ഡാനിയേൽ പുരസ്കാരം - ഷീല

# നടപ്പിലാക്കിയ പദ്ധതികൾ

- ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികളെ രാജ്യത്തെ മികച്ച സർവകലാശാലകളിൽ പ്രവേശനം നേടാൻ പ്രാപ്തരാക്കുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതി-ധനുസ്സ്
- കുടുംബനാഥൻ രോഗബാധിതനായി കിടപ്പിലാകുകയോ മരിക്കുകയോ ചെയ്യുന്ന കുടുംബങ്ങൾക്ക് ആശ്വാസമായി കേരള വനിത ശിശുവികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതി - അതിജീവിക.
- ജൈവകൃഷി മാതൃകയിൽ മത്സ്യകൃഷി ജനകീയമാക്കാനുള്ള സംസ്ഥാനഫിഷറീസ് വകുപ്പിന്റെ പദ്ധതി-മുറ്റത്തൊരു മീൻതോട്ടം
- ഓട്ടിസം ബാധിതരുടെ സമഗ്രപുരോഗതിക്കായി കേരള സാമൂഹിക സുരക്ഷാമിഷൻ ആരംഭിച്ച പദ്ധതി-സ്പെക്ട്രം
- ഭിന്നലിംഗക്കാരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്നതിനായി സംസ്ഥാന സാമൂഹിക നീതി വകുപ്പ് ആരംഭിച്ച പുതിയ പദ്ധതി-മഴവില്ല്
- പ്രളയത്തിൽ നശിച്ച കാർഷിക മേഖലയെ പുനരുജീവിപ്പിക്കാൻ കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതി-പുനർജനി
- പ്രസവത്തിനുശേഷം മാതാവിനെയും കുഞ്ഞിനെയും തിരികെ വീട്ടിൽ എത്തിക്കുന്നതിന് കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതി - മാതൃയാനം
- കേരള ജല അതോറിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച കുപ്പിവെള്ള പദ്ധതി - തെളിനീർ

# പൊതുവിവരങ്ങൾ

- കേരളത്തിന്റെ പുതിയ ഗവർണ്ണറായി ആരിഫ് മുഹമ്മദ് ഖാൻ സെപ്തംബർ 6 ന് ചുമതലയേറ്റു. രാജീവ് ഗാന്ധിയുടെയും വി.പി. സിങ്ങിന്റെയും മന്ത്രിസഭകളിൽ അംഗമായിരുന്നു ആരിഫ് ഖാൻ.
- 2018ലെ മഹാപ്രളയത്തെ അതിജീവിച്ച കേരളം 2019ലെ ഓഗസ്റ്റിലെ പേമാരിയും ഉരുൾപൊട്ടലും സൃഷ്ടിച്ച ദുരന്തത്തെ



യും അതിജീവിച്ച് മുന്നേറുന്നു. വയനാട്ടിലെ പുത്തുമലയിലും മലപ്പുറത്തെ കവളപ്പാറയിലും നേരിട്ട ഉരുൾപൊട്ടൽ നിരവധി ജീവനുകൾ അപഹരിച്ചു. 2018ലെ പ്രളയ ദുരന്തത്തെ തുടർന്ന് കേരള സർക്കാർ ആവിഷ്കരിച്ച നവകേരള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.
- ഒറ്റത്തവണ ഉപയോഗത്തിനുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണവും വിൽപനയും 2020 ജനുവരി ഒന്നുമുതൽ കേരളത്തിൽ നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി.
- എസ്. മണികുമാർ കേരള ഹൈക്കോടതിയിലെ പുതിയ ചീഫ് ജസ്റ്റിസ്. മദ്രാസ് ഹൈക്കോടതി ജഡ്ജിയായിരുന്നു.
- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം പി.എസ്.സി. പുറപ്പെടുവിച്ചു. മൂന്നു സ്ട്രീമുകളിലായാണ് വിജ്ഞാപനം. പ്രാഥമിക പരീക്ഷ ഫെബ്രുവരി 22 ന് നടക്കും.
- നിർഭയദിനമായ ഡിസംബർ 29 ന് കേരള സംസ്ഥാന വനിത-ശിശു വികസന ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ കേരളത്തിലെ തിരഞ്ഞെടുത്ത 100 പട്ടണവീഥികളിൽ രാത്രി 11 മുതൽ ഡിസംബർ 30 വെളുപ്പിന് 2 വരെ സ്ത്രീകൾ നിർഭയമായി നടന്നു. 'പൊതു ഇടം എന്റേതും' എന്ന പേരിലാണ് സ്ത്രീനടത്തം സംഘടിപ്പിച്ചത്. വനിതാദിനമായ മാർച്ച് 8 വരെയുള്ള ആഴ്ചകളിൽ തുടർപ്രവർത്തനങ്ങൾ നടത്തും.
- ഈ നൂറ്റാണ്ടിലെ രണ്ടാമത്തെ വലയസൂര്യഗ്രഹണം ഡിസംബർ 26 ന് കേരളത്തിൽ ദൃശ്യമായി. കാസർകോഡ് ജില്ലയിലെ ചെറുത്തൂരാണ് ആദ്യം ഗ്രഹണം ദൃശ്യമായത്. 2010 ജനുവരി 15 നാണ് ഇതിനുമുമ്പ് കേരളത്തിൽ വലയഗ്രഹണം കാണാനായത്. 2031 മെയ് 21 ന് ഇനി അടുത്ത വലയസൂര്യഗ്രഹണം കാണാം.

# വേർപാടുകൾ

- കേരള കോൺഗ്രസ് നേതാവും മുൻമന്ത്രിയുമായ കെ.എം. മാണി അന്തരിച്ചു ; രാജ്യത്ത് ആദ്യമായി കർഷകതൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചു (1980). ഏറ്റവും കൂടുതൽ കാലം എം.എൽ.എ.-(51 വർഷം). ഏറ്റവും കൂടുതൽ കാലം മന്ത്രി-(24 വർഷം). ഏറ്റവും കൂടുതൽ കാലം മന്ത്രിസഭകളിൽ അംഗം-(12). ഏറ്റവും കൂടുതൽ കാലം ധനമന്ത്രി-(11 വർഷം 8 മാസം). ഏറ്റവും കൂടുതൽ കാലം നിയമമന്ത്രി-(21 വർഷം). ഏറ്റവും കൂടുതൽ പ്രാവശ്യം മന്ത്രിയായി സത്യപ്രതിജ്ഞ-(11). ഒരു മണ്ഡലത്തിൽ നിന്ന് (പാലാ) ഏറ്റവും കൂടുതൽ വിജയം-(13). കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ ബജറ്റ്-(13). എന്നീ വിശേഷണങ്ങൾക്ക് അർഹനാണ്.
- പ്രശസ്ത മലയാള സാഹിത്യകാരി അഷിത അന്തരിച്ചു(ഹൈക്കു കവിതകൾ മലയാളത്തിന് പരിചിതമാക്കി



യത് അഷിതയാണ്).
- ന്യൂസ് പേപ്പർ ബോയ് എന്ന മലയാള സിനിമയിലൂടെ ലോകത്തെ ഏറ്റവും പ്രായം കുറഞ്ഞ സിനിമാ സംഗീത സംവിധായകൻ എന്ന വിശേഷണത്തിന് അർഹനായിരുന്ന ആദ്യകാല സിനിമാ സംഗീത സംവിധായകൻ എ. രാമചന്ദ്രൻ അന്തരിച്ചു
- പ്രശസ്ത സംഗീതജ്ഞനും പുല്ലാങ്കുഴൽ പ്രതിഭയുമായിരുന്ന ഗുരുവായൂർ എസ്. കൃഷ്ണൻ അന്തരിച്ചു
- കേരള സംസ്ഥാന മുൻ മന്ത്രിമാരായിരുന്ന തോമസ് ചാണ്ടി, വി.ജെ.തങ്കപ്പൻ, ദാമോദരൻ കാളാശ്ശേരി എന്നിവർ അന്തരിച്ചു
- പ്രശസ്ത മാപ്പിളപ്പാട്ട് ഗായകനായിരുന്ന എരിഞ്ഞോളി മൂസ അന്തരിച്ചു.
- മുൻ അഡിഷണൽ ചീഫ് സെക്രട്ടറിയും പ്രശസ്ത എഴുത്തുകാരനുമായിരുന്ന ഡി. ബാബു പോൾ അന്തരിച്ചു.
- പ്രശസ്ത പഞ്ചവാദ്യ കലാകാരനായിരുന്ന അന്നമട പരമേശ്വര മാരാർ അന്തരിച്ചു
- പ്രശസ്ത ഛായാഗ്രാഹകനായിരുന്ന എം.ജെ. രാധാകൃഷ്ണൻ അന്തരിച്ചു
- പാകിസ്ഥാനിലെ മലയാളിയായ ഇടതുപക്ഷ രാഷ്ട്രീയ നേതാവും മനുഷ്യാവകാശ പ്രവർത്തകനും മാദ്ധ്യമപ്രവർത്തകനുമായ ബിയ്യത്ത് മൊഹിയുദ്ദീൻ കുട്ടി (ബി.എം. കുട്ടി) അന്തരിച്ചു
- കഥകളിയിൽ പച്ചവേഷത്തിലും കത്തിവേഷത്തിലും ഒരുപോലെ തിളങ്ങാൻ കഴിവുണ്ടായിരുന്ന പ്രശസ്ത കഥകളി ആചാര്യൻ കോട്ടയ്ക്കൽ ചന്ദ്രശേഖര വാരിയർ അന്തരിച്ചു
- പ്രശസ്ത ചലച്ചിത്രതാരം സത്താർ അന്തരിച്ചു
- മലയാള സിനിമയിൽ സജീവമായിരുന്ന ആദ്യകാല നടി ടി.പി. രാധാമണി അന്തരിച്ചു.
- സംസ്കൃതപണ്ഡിതനായിരുന്ന പള്ളിപ്പുറം കൊടിക്കുന്നത്ത് പിഷാരത്ത് കെ.പി. അച്യുതപിഷാരടി അന്തരിച്ചു.
- കാഞ്ചൻജംഗ കീഴടക്കിയ ആദ്യ മലയാളി വനിതയായ ചിന്നമ്മ ജോൺ അന്തരിച്ചു (1962 മെയ് 15 നാണ് ഈ നേട്ടം കൈവരിച്ചത്)
- കഥകളി കലാകാരിയായ ചവറ പാറുകുട്ടി അന്തരിച്ചു
- പ്രശസ്ത മലയാള ചലച്ചിത്ര സംവിധായകൻ ലെനിൻ രാജേന്ദ്രൻ അന്തരിച്ചു. 1987 ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്, പ്രത്യേക ജൂറി പുരസ്കാരമായി നേടി; ചിത്രം



- സ്വാതി തിരുന്നാൾ, 1992 ൽ മികച്ച ചിത്രത്തിന് (ദൈവത്തിന്റെ വികൃതികൾ) കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടി. 2006 ൽ മികച്ച സംവിധായകനുള്ള സംസ്ഥാന ചലച്ചിത്ര പുരസകാരം നേടി; ചിത്രം - രാത്രിമഴ
- മലയാളകവി ആറ്റൂർ രവിവർമ്മ അന്തരിച്ചു. 2012 ൽ കേരള സർക്കാർ എഴുത്തച്ഛൻ പുരസ്കാരം നൽകി ആദരിച്ചു. ആറ്റൂർ രവിവർമ്മയുടെ കവിതകൾ എന്ന കവിതാ സമാഹാരത്തിന് 2001 ൽ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്.
- മലയാള ചലച്ചിത്ര ഛായാഗ്രാഹകൻ കെ. രാമചന്ദ്രബാബു അന്തരിച്ചു. നാലു പ്രാവശ്യം ഛായാഗ്രഹണത്തിന് സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയിട്ടുണ്ട്. ഇന്ത്യൻ സൊസൈറ്റി ഓഫ് സിനിമാട്ടോഗ്രാഫേഴ്സ് എന്ന സംഘടന രൂപീകരിച്ചിട്ടുണ്ട്.

# 2019 ലെ ഇന്ത്യ

- ലോകത്തിലെ ഏറ്റവും മലിനമായ തലസ്ഥാന നഗരമായി ഡൽഹി മാറി.
- മുന്നാക്ക സാമ്പത്തിക സംവരണത്തിനായി ഭരണഘടനയുടെ ഏതെല്ലാം വകുപ്പുകളാണ് ഭേദഗതി ചെയ്തത്-15, 16
- മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തിക പിന്നാക്കവിഭാഗക്കാർക്ക് ജോലിയിലും വിദ്യാഭ്യാസത്തിലും 10% സംവരണം വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ബിൽ എത്രാമത്തെ ഭരണഘടനാ ഭേദഗതിബില്ലാണ് -124 (ലോകസഭ 2019 ജനുവരി എട്ടിനും രാജ്യസഭ ജനുവരി ഒമ്പതിനും പാസാക്കിയ ബിൽ ജനുവരി 12 ന് രാഷ്ട്രപതി ഒപ്പുവച്ചു)
- സമീപകാലത്ത് രാജ്യം കണ്ട ഏറ്റവും വലിയ ഭീകരാക്രമണം നടന്ന പുൽവാമ ഏത് സംസ്ഥാനത്താണ്-ജമ്മു കാശ്മീർ (ഈയിടെ ആക്രമണത്തിൽ 44 സി.ആർ.പി.എഫ്. ജവാൻമാർ മരണപ്പെട്ടു)
- ലോകത്തിലെ ഏറ്റവും നീളം കൂടിയ സസ്പെൻഷൻ ബ്രിഡ്ജ് ഇന്ത്യൻ ആർമി നിർമിച്ചത് ഏത് നദിയിലാണ് - സിന്ധു (ജമ്മു കശ്മീരിൽ)
- നൂറ് യുദ്ധക്കപ്പലുകൾ നിർമിച്ച ആദ്യ ഇന്ത്യൻ കപ്പൽ നിർമാണശാല - കൊൽക്കത്ത (Garden Reach Ship Builders and Engineers Ltd)
- ഇരുപത് വർഷത്തിനു ശേഷം ഇന്ത്യയിൽ വീശിയ ശക്തമായ ചുഴലിക്കാറ്റ് - ഫോനി
- ഫോനി (ചുഴലിക്കാറ്റ്) എന്ന ബംഗ്ളാദേശി വാക്കിനർഥം- പാമ്പിന്റെ പത്തി
- പത്രസ്വാതന്ത്ര്യത്തിൽ തുടർച്ചയായ മൂന്നാം വർഷവും ഒന്നാം സ്ഥാനത്തെത്തിയ രാജ്യം- നോർവേ (ഫിൻലൻഡും സ്വീഡനുമാണ് തൊട്ടടുത്ത്)
- പത്രസ്വാതന്ത്ര്യത്തിൽ ഇന്ത്യയുടെ സ്ഥാനം - 140 (പാകിസ്ഥാൻ-142, ബംഗ്ലാദേശ്-150)
- 2019-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിലെ പോളിങ് ശതമാനം- 77.68 (സർവീസ് വോട്ട് കണക്കാക്കാതെ)
- 2019-ലെ മിസ് ഇന്ത്യയായി തിരഞ്ഞെടുക്കപ്പെട്ട സുമൻ റാവു ഏത് സംസ്ഥാനക്കാരിയാണ് - രാജസ്ഥാൻ
- കനത്ത മഴയെത്തുടർന്ന് തകർന്ന തിവാരെ അണക്കെട്ട് ഏത് സംസ്ഥാനത്താണ് - മഹാരാഷ്ട്ര
- ഭൗമ സൂചക പദവി നേടിയ ഇന്ത്യയിലെ ആദ്യത്തെ ചെരുപ്പ് - കോലാപ്പൂരി ചെരുപ്പ് (കർണ്ണാടക-മഹാരാഷ്ട്ര)
- കേന്ദ്ര ബജറ്റ് അവതരിപ്പിച്ച രണ്ടാമത്തെ വനിത - നിർമ്മല സീതാരാമൻ (1970-ൽ ഇന്ദിരാഗാന്ധിയാണ് ലോക്സഭയിൽ ആദ്യമായി ബജറ്റ് അവതരിപ്പിച്ച വനിത)
- ഏത് അയൽ രാജ്യത്തെ സിവിൽ സർവീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനാണ് ആ രാജ്യത്തെ സിവിൽ സർവീസ് കമ്മിഷൻ ഇന്ത്യയുമായി 2019 ജൂണിൽ കരാറിൽ ഏർപ്പെട്ടത് - മാലിദ്വീപ്
- തമിഴ്നാട്ടിലെ തിരുനെൽവേലി വിഭജിച്ച് രൂപം നൽകിയ പുതിയ ജില്ല - തെങ്കാശി
- ഈയിടെ ഭൗമസൂചിക പദവി നേടിയ കാർഷിക ഉൽപന്നം - കൊടൈക്കനാൽ 'മലവെള്ളുള്ളി'
- ഭരണഘടനയുടെ 370-ാം വകുപ്പുപ്രകാരം ജമ്മുകാശ്മീരിനുണ്ടായിരുന്ന പ്രത്യേക പദവി നീക്കം ചെയ്തു. 370-ാം വകുപ്പ് റദ്ദ് ചെയ്തുകൊണ്ട് കേന്ദ്രസർക്കാർ 2019 ആഗസ്ത് 5 ന് നിയമം പാസ്സാക്കി. ജമ്മു കാശ്മീർ എന്ന സംസ്ഥാനത്തിന് പകരം ജമ്മു ആൻഡ് കാശ്മീർ, ലഡാക്ക് എന്ന രണ്ടു പുതിയ കേന്ദ്രഭരണപ്രദേശങ്ങൾക്ക് സർക്കാർ രൂപം നൽകി.
- 1955 ലെ ദേശിയ പൗരത്വനിയമം ഭേദഗതി ചെയ്തുകൊണ്ട് ദേശീയ പൗരത്വ ഭേദഗതി ബിൽ (സി.എ.എ.) 2019 കേന്ദ്ര സർക്കാർ പാസ്സാക്കി. 2014 ഡിസംബർ 31 ന് മുമ്പ് പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് ഇന്ത്യയിൽ എത്തിച്ചേർന്ന മുസ്ലീങ്ങൾ ഒഴികെയുള്ള മതവിഭാഗങ്ങളിലെ ജനങ്ങൾക്ക് ഇന്ത്യൻ പൗരത്വം നൽകുന്നതാണ് ഭേദഗതി നിയമം. 11 വർഷം ഇന്ത്യയിൽ കഴിയുന്ന മുസ്ലീങ്ങൾ അടക്കമുള്ളവർക്ക് പൗരത്വം ഉറപ്പാക്കുന്ന 1955 ലെ നിയമം ഇതോടെ ഇല്ലാതായി. ഇതിന്റെ ഭാഗമായി ദേശീയ ജനസംഖ്യ രജിസ്റ്റർ (എൻ.പി.ആർ.) പുതുക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഈ നടപടികൾ പൂർത്തിയാക്കി ദേശീയ പൗരത്വ രജിസ്റ്റർ (എൻ.ആർ.സി.) നിർമ്മിക്കുന്നതിനുള്ള തയ്യാറെടുപ്പുകളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്.
- ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 102 ആയി താഴ്ന്നു. 117 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം അയൽപക്ക രാജ്യങ്ങളായ നേപ്പാൾ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നിവയ്ക്കും താഴെയാണ്. 2000 ത്തിൽ 113 രാജ്യങ്ങളിൽ 83-ാം സ്ഥാനമുണ്ടായിരുന്നു ഇന്ത്യയ്ക്ക്.

(തുടരും)

(പേജ് 15ൽ നിന്ന്)

ഹിന്ദു നാടാർ , വിശ്വകർമ്മ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2001 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

18-45. പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർഥികളും പ്രായപൂർത്തിയായശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ എസ്.സി.സി.സി ഉദ്യോഗാർഥികളും 02.01.1974നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം .(രണ്ടു തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ].

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് ) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ).

**7. യോഗ്യതകൾ :** 1) അറബി ഭാഷയിലുള്ള ബിരുദമോ പാർട്ട് മൂന്നിൽ പാറ്റേൺ രണ്ടിലെ ഐച്ഛിക വിഷയങ്ങളിൽ അറബി ഒരു വിഷയമായെടുത്ത് നേടിയ ബിരുദമോ ഉണ്ടായിരിക്കണം. പ്രസ്തുത ബിരുദം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ ബി.എഡ്./ബി.റ്റി/ എൽ .റ്റി.യും ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിലും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P)No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No.206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) അറബി ഭാഷയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബി.എഡ്/ബി.റ്റി/എൽ .റ്റി യോഗ്യതയുള്ളപക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(iii) ബി.എഡ്. ബന്ധപ്പെട്ട ഭാഷയിൽ (അറബിക്) ആയിരിക്കണം.

(iV) യോഗ്യതകൾ രേഖപ്പെടുത്തുമ്പോൾ ബിഎ/എംഎ/ബി.എഡ് എന്നിവ ഏതു വിഷയത്തിലാണ് ലഭിച്ചിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിരിക്കണം.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം-3 കാണുക:**

## കാറ്റഗറി നമ്പർ: 574/2019
## മ്യൂസിക് ടീച്ചർ (ഹൈസ്ക്കൂൾ)
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | | | |
|---|---|---|---|
| 1 | **വകുപ്പ്** | : വിദ്യാഭ്യാസം | |
| 2 | **ഉദ്യോഗപ്പേര്** | : മ്യൂസിക് ടീച്ചർ (ഹൈസ്ക്കൂൾ) | |
| 3 | **ശമ്പളം** | : ₹25200-54000/ | |
| 4 | **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ | |
| | പാലക്കാട് | മുസ്ലിം | 1 (ഒന്ന്) |
| | കോഴിക്കോട് | മുസ്ലിം | 2 (രണ്ട്) |

**കുറിപ്പ്:** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം മുകളിൽ സൂചിപ്പിച്ച ജില്ലകൾക്ക് പ്രത്യേകം റാങ്ക് പട്ടിക തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞപനപ്രകാരം പ്രസിദ്ധീകരിക്കുന്ന NCA റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പാലക്കാട് | 31.01.2018 | 530/2013 |
| കോഴിക്കോട് | 31.01.2018 | 530/2013 |

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്)നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ(എം.എസ്) നമ്പർ 4/61/ പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16-3-1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) ഉദ്യോഗാർത്ഥികൾ തങ്ങളുടെ സംവരണ സമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ വിജ്ഞാപനപ്രകാരം ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം. (മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** :18-43. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
(പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**7 യോഗ്യതകൾ :** 1 കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും ലഭിച്ചതോ അംഗീകരിച്ചതോ ആയ മ്യൂസിക് ബിരുദം.

**അല്ലെങ്കിൽ**

(a) കേരളത്തിലെ ഗവൺമെന്റ് അല്ലെങ്കിൽ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**കൂടാതെ**

(b) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന വോക്കൽ മ്യൂസിക്കിലുള്ള ഗാന പ്രവീണ/ഗാന ഭൂഷണ പരീക്ഷ അല്ലെങ്കിൽ കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന വയലിൻ, വീണ എന്നിവയിലുള്ള ഗാനഭൂഷണം ഡിപ്ലോമ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകിയ മ്യൂസിക് സീനിയർ സർട്ടിഫിക്കറ്റ്.

**അല്ലെങ്കിൽ**

മദ്രാസിലെ സെൻട്രൽ കോളേജ് ഓഫ് കർണാടിക് മ്യൂസിക് നൽകിയ സംഗീത വിദ്വാൻ ടൈറ്റിൽ.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകിയ ഗാന പ്രവീണ/ ഗാന ഭൂഷണം (മൃദംഗം)

2 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ: ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം-4 കാണുക:**

## കാറ്റഗറി നമ്പർ: 575/2019 - 578/2019
## ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (ഹൈസ്ക്കൂൾ)
## (മലയാളം മാധ്യമം)
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | | | | |
|---|---|---|---|---|
| 1 | **വകുപ്പ്** | : വിദ്യാഭ്യാസം | | |
| 2 | **ഉദ്യോഗപ്പേര്** | : ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (ഹൈസ്ക്കൂൾ)(മലയാളം മാധ്യമം) | | |
| 3 | **ശമ്പളം** | : ₹ 25200-54000/ | | |
| 4 | **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ | | |
| കാറ്റഗറി നമ്പർ 575/2019 | ധീവര | | ആലപ്പുഴ | 01 (ഒന്ന്) |
| കാറ്റഗറി നമ്പർ 576/2019 | ഹിന്ദു നാടാർ | | കൊല്ലം | 01 (ഒന്ന്) |
| | | | കണ്ണൂർ | 01 (ഒന്ന്) |
| കാറ്റഗറി നമ്പർ 577/2019 | എസ്.ഐ.യു.സിനാടാർ | | വയനാട് | 01 (ഒന്ന്) |
| കാറ്റഗറി നമ്പർ 578/2019 | എസ്.സി.സി.സി | | ആലപ്പുഴ | 01 (ഒന്ന്) |
| | | | കാസർഗോഡ് | 01 (ഒന്ന്) |

**കുറിപ്പ്:** (iii) ഈ വിജ്ഞാപനപ്രകാരം മുകളിൽ സൂചിപ്പിച്ച ജില്ലകൾക്ക് പ്രത്യേകം റാങ്ക് പട്ടിക തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞപനപ്രകാരം പ്രസിദ്ധീകരിക്കുന്ന NCA റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ആലപ്പുഴ | 18.12.2018 | 346/2014 |
| കൊല്ലം | 31.10.2018 | 346/2014 |
| കണ്ണൂർ | 21.11.2018 | 346/2014 |
| വയനാട് | 21.11.2018 | 346/2014 |
| കാസർഗോഡ് | 30.03.2009 | 62/2006 |

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്)നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ(എം.എസ്) നമ്പർ 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16-3-1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) ഉദ്യോഗാർത്ഥികൾ തങ്ങളുടെ സംവരണ സമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ വിജ്ഞാപനപ്രകാരം ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം. (മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18-43. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ)

18-45 പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ എസ്.സി.സി.സി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**7 യോഗ്യതകൾ :**1 കേരളത്തിലെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2 a) കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ജയിച്ചിരിക്കണം.

**കുറിപ്പ്:** i) കർണ്ണാടകം, തമിഴ് നാട് എന്നീ സംസ്ഥാനങ്ങളുടെ സർട്ടിഫിക്കറ്റ് ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ യോഗ്യതയും മേൽ യോഗ്യതയ്ക്ക് പകരമായി സ്വീകരിക്കുന്നതാണ്.
(GO (MS) No 213/2010/G.Edn dated 1.11.2010)

ii) GO(MS) No. 247/2011/G.Edn തീയതി 07.12.2011 എന്ന ഉത്തരവ് പ്രകാരം കർണ്ണാടക സെക്കന്ററി എഡ്യൂക്കേഷൻ എക്സാമിനേഷൻ ബോർഡിന്റെ ഡി.പി.എഡ് കോഴ്സ് പ്രസ്തുത ബോർഡിന്റെ സി.പി.എഡ് കോഴ്സിനു തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**അല്ലെങ്കിൽ**

b) കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡ് നടത്തുന്ന ഫിസിക്കൽ എഡ്യൂക്കേഷനിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ് കോഴ്സ് ജയിച്ചിരിക്കണം അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

c) കേരളത്തിലെ ഏതെങ്കിലും സർവകലാശാല നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ റഗുലർ പഠനത്തിലൂടെ നേടിയ ഫിസിക്കൽ എഡ്യൂക്കേഷനിലുള്ള ബി.പി.എഡ്, എം.പി.എഡ് തുടങ്ങിയ ബിരുദങ്ങളിൽ ഏതെങ്കിലും നേടിയിരിക്കണം.
[മുകളിൽ (a), (b) & (c) എന്നിവ G.O(MS)No.48/2001/G.Edn. തീയതി 9.2.2001 പ്രകാരം].

**അല്ലെങ്കിൽ**

d) എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷാ യോഗ്യതയോ ഉള്ള വിമുക്ത ഭടന്മാർക്ക് (ആർമി/നേവി/എയർഫോഴ്സ്) താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

i) ആംഡ് ഫോഴ്സിലെ ഫിസിക്കൽ ട്രെയിനിംഗ് കോഴ്സ് (അസിസ്റ്റന്റ് ഇൻസ്ട്രക്റ്റേഴ്സ് ബേസിക് കോഴ്സ് ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ).

**അല്ലെങ്കിൽ**

ii) ആർമി ഫിസിക്കൽ ട്രെയിനിംഗ് കോർപ്സ് ഇൻസ്ട്രക്റ്റേഴ്സ് കോഴ്സ്.

**അല്ലെങ്കിൽ**

iii) നേവൽ ഫിസിക്കൽ ട്രെയിനിംഗ് കോർപ്സ് ഇൻസ്ട്രക്റ്റേഴ്സ് കോഴ്സ്.

**അല്ലെങ്കിൽ**

iv) എയർഫോഴ്സ് ഗ്രൗണ്ട് ട്രെയിനിംഗ് ഇൻസ്ട്രക്റ്റേഴ്സ് കോഴ്സ്.

3 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**കുറിപ്പ് :** ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം-4 കാണുക:**

## കാറ്റഗറി നമ്പർ: 579/2019
## ഫുൾടൈം ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) L.P.S
## മൂന്നാം എൻ.സി.എ. വിജ്ഞാപനം

| | | |
|---|---|---|
| 1 | **വകുപ്പ്** | : വിദ്യാഭ്യാസം |
| 2. | **ഉദ്യോഗപ്പേര്** | : ഫുൾടൈം ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) L.P.S |
| 3. | **ശമ്പളം** | : ₹ 25200-54000/ |
| 4. | **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |
| | പട്ടികജാതി | എറണാകുളം 01 (ഒന്ന്) |

(31.10.2017 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 452/17 ആയും 29.12.2018 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 354/18 ആയും വിജ്ഞാപനം ചെയ്തിട്ടും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതു കൊണ്ടുള്ള മൂന്നാം എൻ സി എ വിജ്ഞാപനം)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ

സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം എറണാകുളം ജില്ലയിലേയ്ക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ സി എ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്. പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| എറണാകുളം | 22.11.2012 | 144/09 |

(iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി സംവരണ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായം** : 18–45. പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1974 നും 01.01.2001 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ].

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :**

1 കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബിക് ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (അറബിക്) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് 3 അറബിക് (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർസെക്കൻഡറി ബോർഡ് നടത്തുന്ന പ്ലസ്ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1. കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.
2. കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ലോവർ) പരീക്ഷപാസ്സായിരിക്കണം.
3. കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.
4. കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബിക് പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:** മേൽപ്പരാമർശിച്ച യോഗ്യതകൾക്കു പുറമെ14.01.2019ലെ സ.ഉ.(കൈ) നം/8/19/പൊവിവ പ്രകാരം കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബി എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി ഡബിൾ മെയിൻ ഡിഗ്രി യോഗ്യതയും ടി തസ്തികയ്ക്കുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

2 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** 1) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

3) 30.11.2009ലെ GO (MS) No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെൻറ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് അനുബന്ധം–4 കാണുക:**

## കാറ്റഗറി നമ്പർ: 580/2019 – 583/2019

### ഫുൾടൈം ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (എൽ.പി.എസ്)

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഫുൾടൈം ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) L.P.S

**3. ശമ്പളം** : ₹ 25200–54000/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | | | |
|---|---|---|---|
| കാറ്റഗറി നമ്പർ 580/2019 | ധീവര | കോഴിക്കോട് | 1 (ഒന്ന്) |
| കാറ്റഗറി നമ്പർ 581/2019 | എസ്.സി.സി.സി | കോഴിക്കോട് | 1 (ഒന്ന്) |
| കാറ്റഗറി നമ്പർ 582/2019 | പട്ടിക വർഗ്ഗം | കോഴിക്കോട് | 3 (മൂന്ന്) |
| കാറ്റഗറി നമ്പർ 583/2019 | ഹിന്ദു നാടാർ | കോഴിക്കോട് | 1 (ഒന്ന്) |

**കുറിപ്പ്:** ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

iii) ഈ വിജ്ഞാപനപ്രകാരം കോഴിക്കോട് ജില്ലയിലേയ്ക്ക് ഓരോ സമുദായത്തിനായി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കോഴിക്കോട് | 03.08.2015 | 12/2012 |

(iv) സംസ്ഥാന/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും നിയമപ്രകാരം സ്ഥാപനത്തിന്റെ റെക്കാർഡുകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ സർക്കാർ ഉദ്യോഗസ്ഥൻ പരിചയ സർട്ടിഫിക്കറ്റ് കൗണ്ടർ സൈൻ ചെയ്തിരിക്കേണ്ടതാണ്.

## തിരുത്ത്

ഡിസംബർ 15 ലക്കത്തിൽ പേജ് നമ്പർ 20 ൽ ഇരുപതാം നൂറ്റാണ്ട് എന്ന പംക്തിയിലെ മൂന്നാമത്തെ ഖണ്ഡികയിൽ സിക്കിം സംസ്ഥാനത്തിലെ ഇപ്പോഴത്തെ മുഖ്യമന്ത്രി പവാൻ ചാമ്ലിങ് എന്നത് പ്രേം സിങ് തമാങ് എന്നും, ഇപ്പോഴത്തെ ഗവർണർ ശ്രീനിവാസ് ദാദാസാഹിബ് പാട്ടീൽ എന്നത് ഗംഗാ പ്രസാദ് എന്നും തിരുത്തി വായിക്കേണ്ടതാണ്.

## അനുബന്ധം 1

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975).

(iii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞപക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനക്കാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ.(എം.എസ്) നം 315/62 എഡ്യു. തീയതി 14.05.62)

(iv) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) 466/70/എഡ്യൂ തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## അനുബന്ധം 2

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ജി.ഒ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. (ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966)

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞപക്ഷം അഞ്ചുവർഷം സർവ്വീസിലുള്ള ലബോറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിത യോഗ്യതയുള്ളപക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കുന്നതാണ്.അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്ത സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ്മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ (എം.എസ്.) നമ്പർ 315/62/എഡ്യു. തീയതി 14/05/1962).

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975) ഈ മുൻഗണന 12/02/1970 ലെ ജി.ഒ.(എം.എസ്) 50/70/PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ ' വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## അനുബന്ധം 3

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975).

**(iii)** ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) 466/70/എഡ്യൂ തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ (ഖണ്ഡിക 2(i)ഒഴികെ) പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്'ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക2 കാണുക).

### അനുബന്ധം 4

I) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്)നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966] . ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ ' താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ 'എന്നതിന് ' ഉണ്ട് ' എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 122/75/എഡ്യൂ തീയതി 27/05/1975]. ഈ മുൻഗണന 12.02.1970ലെ ജി.ഒ.(എം.എസ്) നമ്പർ 50/70/പി.ഡിയിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്.ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്.യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

# ഡിപ്പാർട്ട്മെൻറൽ ടെസ്റ്റ് ജനുവരി 2020 – വിജ്ഞാപനം

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2020 ജനുവരി മാസത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിലെ വിവിധ ജില്ലാ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്താൻ നിശ്ചയിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് ഓൺലൈൻ മുഖേന അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ 2020 ജനുവരി 15 രാത്രി 12 മണി വരെ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനു മുൻപു തന്നെ e-payment സംവിധാനം ഉപയോഗിച്ച് ഫീസ് അടയ്ക്കുന്നതിലും അപേക്ഷ സമർപ്പിക്കുന്നതിലും പരീക്ഷാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓൺലൈൻ മുഖേനയല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in ലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷം പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. മുൻ പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനു വേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള പരീക്ഷാർത്ഥികൾ ഒരു കാരണവശാലും വീണ്ടും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. അവർ പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. സർവ്വീസിലുള്ള അന്ധരായ പരീക്ഷാർത്ഥികൾക്ക് വേണ്ടി നടത്തുന്ന വാചാ പരീക്ഷ (Viva – Voce) ക്ക് (G.O.(P)No.31/11/P&ARD dated 7-9-2011 പ്രകാരം) അപേക്ഷിക്കുവാൻ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ആയതിനാൽ അന്ധരായ പരീക്ഷാർത്ഥികൾ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കേണ്ടതില്ല.

2. Second Class Language Test in Malayalam (Tamil/Kannada), Minortiy Language Test (Tamil/Kannada) എന്നിവ വിവരണാത്മക (Descriptive) രീതിയിലും വകുപ്പുതല പരീക്ഷയുടെ ബാക്കിയുള്ള എല്ലാ ടെസ്റ്റുകൾക്കും 2012 ജൂലൈ മുതൽ Objective രീതിയിലുമാണ് പരീക്ഷ നടത്തുന്നത്. 2019 ജനുവരി മുതൽ Alpha Code ബാധകമായിട്ടുള്ള ONLINE പരീക്ഷയാണ് നടത്തുന്നത്. ഓരോ പേപ്പറിന്റെയും പരമാവധി മാർക്ക് 100 ഉം വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് 40% ഉം ആണ്. Negative Mark ബാധകമാണ്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 (മൂന്നിലൊന്ന്) മാർക്ക് നഷ്ടമാകുകയും ചെയ്യും. വകുപ്പുതല പരീക്ഷകൾക്ക് നിലവിലുള്ള with books/without books രീതി തുടരുന്നതാണ്.

2.1 പരീക്ഷകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലായി നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. അതാത് മേഖലകളിലെ പരീക്ഷാകേന്ദ്രങ്ങളുടെ ലഭ്യതയ്ക്കനുസൃതമായി പരീക്ഷാകേന്ദ്രം അനുവദിക്കുന്നതാണ്. വിവിധ മേഖലകളിലുൾപ്പെടുന്ന ജില്ലകൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം മേഖല (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ)
2. എറണാകുളം മേഖല (കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകൾ)
3. കോഴിക്കോട് മേഖല (മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകൾ)

പരീക്ഷാർത്ഥികൾക്ക് അതാതു മേഖലകളിൽ ഉൾപ്പെടുന്ന ജില്ലകൾ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കാവുന്നതാണ്. ലക്ഷദ്വീപിലെ പരീക്ഷാർത്ഥികൾക്ക് കോഴിക്കോട്/എറണാകുളം മേഖലകളിലേക്ക് ഓൺലൈൻ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

2.1 (a) KSR Part I, Rule 12 (7) നോട്ട് 2 പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷയിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് പരീക്ഷാ ദിവസം/ദിവസങ്ങൾ പ്രസ്തുത പരീക്ഷാകേന്ദ്രത്തിലേക്കും തിരിച്ചുമുള്ള യാത്രയ്ക്ക് ആവശ്യമായ സമയം ഉൾപ്പെടെ ഡ്യൂട്ടിയായി പരിഗണിക്കുവാൻ വ്യവസ്ഥയുണ്ട്. KSR Part II, Rule 77-79 പ്രകാരം വകുപ്പുതല പരീക്ഷയിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് അർഹമായ യാത്രാബത്ത അനുവദനീയമാണ്.

2.2 വകുപ്പുതല പരീക്ഷയിൽ അപേക്ഷിക്കുന്നതിന് മുൻപായി പരീക്ഷാർത്ഥികൾ ഓൺലൈനായി Department Test One-time Regitsration ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ഓരോ പരീക്ഷാർത്ഥിയും തങ്ങളുടെ വ്യക്തിപരമായ വിവരങ്ങളായ ജനനത്തീയതി, മേൽവിലാസം,ഔദ്യോഗിക പദവി, ഔദ്യോഗിക മേൽവിലാസം മുതലായവ നൽകുന്നതിനോടൊപ്പം നിർദ്ദേശിക്കപ്പെട്ട രീതിയിൽ തങ്ങളുടെ ഫോട്ടോഗ്രാഫും അപ് ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് ഒരു 'User ID' നൽകുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തന്നെ 'password' ഉം 'User ID' ഉം തെരെഞ്ഞെടുക്കാവുന്നതാണ്. ഇവ രണ്ടും രഹസ്യമായി സൂക്ഷിക്കേണ്ടതും അപേക്ഷയിലൂടെ നൽകുന്ന വ്യക്തി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും പരീക്ഷാർത്ഥികളുടെ ചുമതലയാണ്. ഒരു പരീക്ഷാർത്ഥി യാതൊരു കാരണവശാലും ഒന്നിൽ കൂടുതൽ രജിസ്ട്രേഷൻ / പ്രൊഫൈൽ സൃഷ്ടിക്കാൻ പാടില്ല. പ്രൊഫൈലിൽ ആധാർ കാർഡിന്റെ വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

2.3 തങ്ങളുടെ 'User ID,' 'Password' എന്നിവ ഉപയോഗിച്ച് ഓരോ പ്രാവശ്യവും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് പരീക്ഷാർത്ഥികൾക്ക് വകുപ്പുതല പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാൻ പരീക്ഷാർത്ഥി ഒറ്റ പ്രൊഫൈൽ തന്നെ ഉപയോഗിക്കേണ്ടതാണ്. ഒറ്റ പ്രൊഫൈലിൽ നിന്നും ഏത് വകുപ്പുതല പരീക്ഷയ്ക്കും അപേക്ഷിക്കാൻ കഴിയും.

a രജിസ്ട്രേഷന് ഉപയോഗിക്കേണ്ട ഫോട്ടോയുടെ സവിശേഷതകൾ

1. ഫോട്ടോ 31.12.2010 ന് ശേഷം എടുത്തവയായിരിക്കണം
അപേക്ഷകന്റെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയിൽ പ്രിന്റ് ചെയ്യുകയോ മറ്റു വിധത്തിൽ രേഖപ്പെടുത്തുകയോ ചെയ്തിരിക്കണം.
2. പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള കളർ/ ബ്ലാക്ക് ആന്റ് വൈറ്റ് പാസ്സ്പോർട്ട് സൈസ് ഫോട്ടോയായിരിക്കണം അപ് ലോഡ് ചെയ്യേണ്ടത്.
3. 200 പിക്സെൽ ഉയരവും, 150 പിക്സെൽ വീതിയും ഉള്ളതും jpg ഫോർമാറ്റിലുള്ളതും 30kb ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ ആണ് upload ചെയ്യേണ്ടത്. അപ്രകാരമല്ലാത്ത ഇമേജുകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോ ആയിരിക്കണം (ഫോട്ടോയിലുള്ള വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിൽ പശ്ചാത്തലം plain ആയിരിക്കണം)
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം
7. തൊപ്പി, (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി / ശിരോവസ്ത്രം എന്നിവയൊഴിച്ച്) ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതോ മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്ക വിധത്തിലുള്ളതോ മുഖം വ്യക്തമല്ലാത്തതോ ആയ ഫോട്ടോകൾ എന്നിവ ഉപയോഗിക്കാൻ പാടില്ല.
8. മൊബൈൽ ഫോൺ, Web Cam എന്നിവ ഉപയോഗിച്ച് എടുക്കുന്ന ഫോട്ടോയും Polaroid & Computer Generated Photo എന്നിവയും സ്വീകരിക്കുന്നതല്ല.
9. ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ ആയിരിക്കണം.
10. ആദ്യ ഘട്ടത്തിൽ രജിസ്ട്രേഷൻ നടത്തിയപ്പോൾ പഴയ മാതൃകയിലുള്ള ഫോട്ടോ അപ് ലോഡ് ചെയ്തവർ ഇനി പരീക്ഷ എഴുതുന്നതിന് അപേക്ഷിക്കുമ്പോൾ പുതിയ മാതൃകയിലുള്ള ഫോട്ടോ അവസാന തീയതിക്കു മുൻപായി അപ് ലോഡ് ചെയ്യേണ്ടതാണ്.

1–10 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഫോട്ടോയിലുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

b വകുപ്പുതല പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ ആദ്യമായി ക്ഷണിച്ച 2011 ജനുവരിക്ക് മുമ്പായി ഒരു പാർട്ടിന്റെ ഭാഗികമായി പേപ്പറുകൾ ജയിച്ചിട്ടുള്ളവർ ശേഷിക്കുന്ന പേപ്പറുകൾക്കും സർട്ടിഫിക്കറ്റിനും ഫീസ് ഒടുക്കി ഓൺലൈൻ മുഖേന അപേക്ഷിക്കേണ്ടതാണ്. 2011 ജനുവരി മുതൽ സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും എന്നാൽ പരീക്ഷ തോൽക്കുകയും ചെയ്തവർ വീണ്ടും സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കേണ്ടതില്ല. 2011 ജനുവരിയിലെ വകുപ്പുതല പരീക്ഷ മുതൽ അപേക്ഷിക്കുകയും വിവിധ കാരണങ്ങളാൽ അപേക്ഷ നിരസിക്കപ്പെടുകയോ Paper disallow ആവുകയോ ചെയ്തിട്ടുള്ളവരും സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും ഒരു തവണ പോലും പരീക്ഷ എഴുതാതിരിക്കുകയും ചെലാൻ verify ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ളവരും e-payment സംവിധാനം ഉപയോഗിച്ച് പുതിയ നിരക്കിൽ സർട്ടിഫിക്കറ്റ് ഫീസ് വീണ്ടും ഒടുക്കേണ്ടതാണ്.

c. പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ അവരുടെ ഫോട്ടോയോടുകൂടിയ Admission Ticket ലഭ്യമാക്കുന്നതും ആയത് download ചെയ്ത് (മേലധികാരി യഥാവിധി സാക്ഷ്യപ്പെടുത്തി) പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

d. വകുപ്പുതല പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിവരെയും തങ്ങൾ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ (ഉദാ: പേപ്പറുകൾ, ടെസ്റ്റ്, മേഖല മുതലായവ) മാറ്റി നൽകുന്നതിന് പരീക്ഷാർത്ഥികൾക്ക് അനുവാദം ഉണ്ടായിരിക്കുന്നതാണ്. അവസാന തീയതിയിൽ നിലവിലുള്ള ഫോട്ടോയും മറ്റു വിവരങ്ങളും അടങ്ങിയ അപേക്ഷകളാവും പരിഗണിക്കുക. Online Application പൂരിപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം വിശദമായി വായിക്കേണ്ടതാണ്. വിജ്ഞാപനം കമ്മീഷന്റെ വെബ് സൈറ്റിലും കമ്മീഷന്റെ ജില്ലാ/മേഖലാ ആഫീസുകൾ എന്നിവിടങ്ങളിലും ലഭ്യമാണ്.

e. പരീക്ഷയ്ക്കുള്ള സമയവിവരപ്പട്ടിക യഥാസമയം ഗസറ്റിൽ പരസ്യപ്പെടുത്തുന്നതാണ്. സമയവിവരപ്പട്ടികകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ് സൈറ്റ്, ജില്ലാ/മേഖലാ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും പരീക്ഷാർത്ഥികൾക്ക് റഫറൻസിന് ലഭിക്കുന്നതാണ്. കൂടാതെ ഓരോ പരീക്ഷാർത്ഥിക്കും ആവശ്യമായി വരുന്ന പരീക്ഷകളുടെ സമയവിവരപ്പട്ടിക (ടൈംടേബിൾ) അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്. വ്യക്തിപരമായി പരീക്ഷാർത്ഥികൾക്ക് സമയവിവര പട്ടികകൾ തപാലിൽ അയയ്ക്കുന്നതല്ല.

3. കമ്മിഷന്റെ 5.3.2003 ലെ നമ്പർ 17 തീരുമാനപ്രകാരം വകുപ്പുതല പരീക്ഷ കേരള സംസ്ഥാന സർവ്വീസിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

4. അപേക്ഷാഫീസ് : 2019 മെയ് മുതൽ വകുപ്പുതല പരീക്ഷാഫീസ് നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരീക്ഷാർത്ഥികൾ പുതുക്കിയ നിരക്കിൽ ഫീസ് ഒടുക്കേണ്ടതാണ്. (സ.ഉ.(അച്ചടി.) നം. 28/2019 ധന ഉത്തരവ് തീയതി 8.3.2019)

ഓൺലൈൻ ബാങ്കിംഗ് സംവിധാനം ഉപയോഗിച്ചുള്ള e-payment മുഖേനയാണ് പരീക്ഷാ ഫീസും, സർട്ടിഫിക്കറ്റ് ഫീസും ഒടുക്കേണ്ടത് (ചെലാൻ ഉപയോഗിച്ച് ട്രഷറികളിൽ നേരിട്ടോ / ഇ ചെലാൻ മുഖേനയോ പണമൊടുക്കുന്നത് സ്വീകാര്യമല്ല) e-payment മുഖേന പണമൊടുക്കുന്നതിന് പരീക്ഷാർത്ഥികളുടെ പ്രൊഫൈലിലെ "Make Payment" എന്ന ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്. ടി ഓപ്ഷൻ വഴി പരീക്ഷാർത്ഥിക്ക് ട്രഷറി വകുപ്പിന്റെ സൈറ്റിലേക്ക് പ്രവേശിച്ച് ഓൺലൈൻ ആയി പണം ഒടുക്കാവുന്നതാണ്. ഇതിനായി പരീക്ഷാർത്ഥിക്കോ/ബന്ധപ്പെട്ടവർക്കോ ഏതെങ്കിലും ബാങ്കിന്റെ Online Banking Account ആവശ്യമാണ്. ട്രഷറി സൈറ്റിൽ നിന്നും പണം ഒടുക്കുന്നതിനായി ബാങ്കിംഗിലേക്ക് പ്രവേശിക്കുമ്പോൾ ലഭ്യമാകുന്ന GR Number (Government Reference No.) കുറിച്ചെടുത്ത് സൂക്ഷിക്കേണ്ടതാണ്. പണം ഒടുക്കിക്കഴിഞ്ഞാൽ പരീക്ഷാർത്ഥിയുടെ പ്രൊഫൈലിൽ GR Number ഉൾപ്പെടെ payment details കാണാവുന്നതാണ്.

4.1 e-payment ഇടപാട് പൂർത്തിയാകുന്നതിനിടയിൽ നെറ്റ് വർക്ക് തകരാർ ഉൾപ്പെടെ സാങ്കേതിക തടസ്സങ്ങൾ കാരണം Account -ൽ നിന്നും പണം debit ആകുകയും ഇടപാട് പൂർത്തിയാകാതെയും വന്നാൽ നേരത്തെ കുറിച്ചെടുത്ത GR Number ഉപയോഗിച്ച് ബാങ്ക്/ ട്രഷറിയെ സമീപിച്ച് പണം ഒടുക്കിയത് സംബന്ധിച്ച വ്യക്തത വരുത്താവുന്നതാണ്.

4.2 ഓരോ പേപ്പറിലും 160/ (നൂറ്റി അറുപത്) രൂപാ എന്ന നിരക്കിലാണ് പരീക്ഷാഫീസ്. ഈ അടിസ്ഥാനത്തിൽ എത്ര പേപ്പറുകൾ ഉണ്ട് എന്ന് കണക്കാക്കി മുഴുവൻ പരീക്ഷാഫീസും ഒടുക്കേണ്ടതാണ്. 2019 ജൂലൈയിലെ വകുപ്പുതല പരീക്ഷ മുതൽ ഒരു സർട്ടിഫിക്കറ്റിന് 210/ (ഇരുന്നൂറ്റി പത്ത്) രൂപ നിരക്കിൽ എത്ര സർട്ടിഫിക്കറ്റിനാണോ അപേക്ഷിക്കുന്നത് അത്രയും തുക സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഒടുക്കേണ്ടതാണ്. പരീക്ഷാ ഫീസ്, സർട്ടിഫിക്കറ്റ് ഫീസ് ഇനങ്ങളിൽ ഒടുക്കേണ്ടുന്ന തുക Default ആയി കാണാവുന്നതാണ്. ജനുവരി 2011 മുതൽ വകുപ്പുതല പരീക്ഷയ്ക്ക് അപേക്ഷിക്കുകയും, സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും ചെയ്തവർ അതേ പ്രൊഫൈലിലൂടെ അപേക്ഷിച്ചാൽ മാത്രമേ ഒടുക്കിയ സർട്ടിഫിക്കറ്റ് ഫീസ് സാധുവായി പരിഗണിക്കുകയുള്ളൂ. (അല്ലാതെയുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്). ഒരിക്കൽ അടച്ച പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

4.3 ഒരു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കപ്പെട്ട പണം മറ്റൊരു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റുവാൻ കഴിയുന്നതല്ല. അതായത് സർട്ടിഫിക്കറ്റ് ഫീസിനായി ഒടുക്കിയ പണം പരീക്ഷാഫീസായോ തിരിച്ചോ വകയിരുത്തുവാൻ സാധിക്കില്ല.

**നോട്ട്:** (എ) നേരിട്ടുള്ള നിയമനം വഴിയോ ബൈട്രാൻസ്ഫർ മുഖാന്തിരമോ നിയമിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ പ്രൊബേഷന്റെയോ ട്രെയിനിംഗിന്റെയോ പൂർത്തീകരണത്തിനോ, ഏതെങ്കിലും തസ്തികയിൽ ഇൻക്രിമെന്റോ സ്ഥിരപ്പെടുത്തലോ ലഭിക്കുന്നതിനോ, ഉയർന്ന തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം കിട്ടുന്നതിനോ ഒരു പോസ്റ്റിൽ പിഴ കൂടാതെ തുടരുന്നതിനോ ഏതെങ്കിലും ടെസ്റ്റ് പാസ്സായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ (obligatory test) പ്രസ്തുത ടെസ്റ്റുകൾക്കും സർവ്വീസിലുള്ള ആളുകൾക്ക് പുതുതായി ഏതെങ്കിലും ടെസ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ടെസ്റ്റുകൾക്കും G.O.(MS)166/76/PD dated 04-06-1976 അനുസരിച്ച് ജീവനക്കാർക്ക് അതാത് വകുപ്പിലെ ഉദ്യോഗക്കയറ്റങ്ങൾക്ക് (Line of Promotion) ഉള്ള തസ്തികകളിലേക്ക് ആവശ്യമായ വകുപ്പുതല പരീക്ഷകൾക്കും അപേക്ഷകരിൽ നിന്ന് ഫീസ് ഈടാക്കുന്നതല്ല. (Free Chance). ഈ സൗജന്യം ഓരോ ടെസ്റ്റിനെ സംബന്ധിച്ചിടത്തോളവും ഒരാൾക്ക് ഒന്നിൽ കൂടുതൽ തവണ ലഭിക്കുന്നതല്ല. (G.O.(MS)26/76/PD dated 25-01-1976). രണ്ടാമത്തെ തവണ മുതൽ ഫീസ് ഈടാക്കുന്നതാണ്.

ഒരു പരീക്ഷയ്ക്ക് free chanceൽ അപേക്ഷിക്കുകയും എന്നാൽ ഏതെങ്കിലും കാരണവശാൽ പരീക്ഷ എഴുതാതിരിക്കുകയും ചെയ്താൽ അതും ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ള തവണയായി കണക്കാക്കപ്പെടുന്നതാണ്. ഓരോ ടെസ്റ്റിനും മുഴുവനായിട്ടാണ് ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ളത്. അല്ലാതെയുള്ള പലപേപ്പറുകളുള്ള ഓരോ ടെസ്റ്റിന്റെയും ഓരോ പേപ്പറുകളായിട്ടല്ല. (G.O.(MS)29/75/PD dated 6-2-1975). ഉദാഹരണമായി അക്കൗണ്ട് ടെസ്റ്റിന് ചേരുന്ന ഒരാൾക്ക് (4 പേപ്പറിനും കൂടി ചേർന്നാലും ഇല്ലെങ്കിലും ) ഒരു പ്രാവശ്യം മാത്രമേ ഫീസ് സൗജന്യം കിട്ടുകയുള്ളൂ. ആ പരീക്ഷയിൽ എല്ലാ പേപ്പറുകളും ജയിക്കാൻ സാധിച്ചിട്ടില്ലായെങ്കിൽ അടുത്ത തവണ മുതൽ തോറ്റ പേപ്പറുകൾക്കും അപേക്ഷിക്കാതിരുന്ന പേപ്പറുകൾക്കും ഫീസ് ഒടുക്കി അപേക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞ ആനുകൂല്യങ്ങൾ G.O.(MS)249/70/PD dated 22-7-1970 അനുസരിച്ച് ഗവണ്മെന്റ് സർവ്വീസിലുള്ള ടൈപ്പിസ്റ്റുകൾക്കും സ്റ്റെനോഗ്രാഫർമാർക്കും G.O.(MS)274/71/PD dated 27-8-1971 അനുസരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എസ്.എസ്.എൽ.സി സ്റ്റാൻഡേർഡ് (S.S.LC Standard) ലുള്ള ക്ലറിക്കൽ പരീക്ഷയ്ക്ക് ഇരിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള താഴ്ന്ന വരുമാനക്കാരായ സർക്കാർ ജീവനക്കാർക്കും G.O.(Rt.) No.706/75/PD dated 21-7-1975 അനുസരിച്ച് കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ജീവനക്കാർക്കും G.O. (Ms.) No.302/75/G.Edn. Dated 17-12-1975 അനുസരിച്ച് വകുപ്പുതല പരീക്ഷ ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള കേരളത്തിലെ എയ്ഡഡ് ഹൈസ്ക്കൂളിലേയും എയ്ഡഡ് ട്രെയിനിംഗ് സ്കൂളിലെ ഹെഡ് മാസ്റ്റർമാർക്കും മറ്റ് ജീവനക്കാർക്കും G.O.(Ms.)No.146/76/G.Edn. Dated 04.08.1976 അനുസരിച്ച് ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വകുപ്പുതല പരീക്ഷകൾക്കും കേരളത്തിലെ പ്രൈമറി സ്കൂളുകളിലെയും അപ്പർ പ്രൈമറി സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാർക്കും പി.ഡി ടീച്ചർമാർക്കും G.O(P)No.150/77/PW dated 17-09-1977 അനുസരിച്ച് പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും തുടർന്ന് ഉദ്യോഗക്കയറ്റം കിട്ടുന്നതിനും നിർബന്ധമാക്കപ്പെട്ടിരിക്കുന്ന പി.ഡബ്ല്യൂ.ഡി മാന്വൽ പരീക്ഷയ്ക്കും (P.W.D Manual Test) ലഭിക്കുന്നതാണ്.

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും യൂണിവേഴ്സിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, കെ.എസ്.ആർ.റ്റി.സി, വാട്ടർ അതോറിട്ടി തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ കേരള പഞ്ചായത്ത് കോമൺ സർവ്വീസിലുള്ള ജീവനക്കാർക്ക് G.O.(MS)No.215/86/LAD dated 28-10-1986 പ്രകാരവും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ജീവനക്കാർക്ക് G.O(Rt.) No.101/78/AD dated 16.01.1978 പ്രകാരവും ഒബ്ലിഗേറ്ററിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ള വകുപ്പുതല പരീക്ഷകൾക്ക് ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ട്രഷറി, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ വകുപ്പുകളിലെ ജീവനക്കാർക്ക് ഒഴികെയുള്ളവർക്ക് Account Test (Higher)– ന് ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. വിദ്യാഭ്യാസ വകുപ്പിലെ Higher Secondary School Teacher, Vocational Higher Secondary School Teacher, Non Vocational Higher Secondary School Teacher, ആരോഗ്യ വകുപ്പിലേയും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും Staff Nurse, Head Nurse എന്നീ തസ്തികകളിൽ ജോലി നോക്കുന്നവർക്ക് വകുപ്പുതല പരീക്ഷ നിർബന്ധം അല്ലാത്തതിനാൽ ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

വകുപ്പുതല പരീക്ഷകൾക്ക് ഓൺ ലൈൻ മുഖേന അപേക്ഷ സമർപ്പിക്കുമ്പോൾ "Free Chance" എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുന്ന സമയത്ത് "Yes" എന്നു രേഖപ്പെടുത്തുന്നു എന്നതു കൊണ്ട് മാത്രം പരീക്ഷാർത്ഥിക്ക് ഫ്രീ ചാൻസ് ലഭിക്കുന്നതിന് അർഹത ഉണ്ട് എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനാ വേളയിൽ "Free Chance"-ൽ പരീക്ഷ എഴുതുന്നതിന് അർഹതയില്ലാത്ത പരീക്ഷാർത്ഥികളുടെ അപേക്ഷ നിരസിക്കുന്നതാണ്. ആയതിനാൽ "Free Chance" ലഭിക്കുന്നതിന് (ഫീസ് അടയ്ക്കാതെ പരീക്ഷ എഴുതുന്നതിന്) തങ്ങൾക്ക് അർഹത ഉണ്ട് എന്ന് ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രം ആയതിലേക്ക് അപേക്ഷിക്കേണ്ടതാണ്.

(ബി) ഫീസ് സൗജന്യത്തിന് അർഹരായിട്ടുള്ളവർ പ്രസ്തുത വിവരം അപേക്ഷയിൽ രേഖപ്പെടുത്തുന്നതു കൂടാതെ Admission Ticketലെ സർട്ടിഫിക്കറ്റ് തങ്ങളുടെ വകുപ്പു മേധാവിയേയോ ആഫീസ് മേധാവിയേയോ കൊണ്ട് സർട്ടിഫൈ ചെയ്യിക്കേണ്ടതും ബന്ധപ്പെട്ട കോളത്തിൽ ✓മാർക്ക് ചെയ്യിക്കേണ്ടതുമാണ്.

5 Annexure – A യിൽ 6 ആയി കൊടുത്തിരിക്കുന്ന പി.ഡബ്ല്യൂ.ഡി. മാന്വൽ പരീക്ഷ, പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനും തുടർന്നുള്ള ഉദ്യോഗക്കയറ്റത്തിനും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള അക്കൗണ്ട് ടെസ്റ്റ് ലോവറിനും പി. ഡബ്ല്യൂ.ഡി പരീക്ഷയ്ക്കും പുറമേ നിർബന്ധമാക്കിയിട്ടുള്ളതാണ്. (G.O(P)No.150/77/PW dated 17-09-1977)

(F) Annexure – A യിൽ പോലീസ് ടെസ്റ്റ് 19, 20 എന്നിവ പ്രത്യേകം ടെസ്റ്റുകൾ തന്നെയായിരിക്കും (G.O(MS)No.146/82/Home (A) Department dated 16-12-1982)

6. Annexure - A യിൽ 24ൽ കൊടുത്തിരിക്കുന്ന കേരള ജയിൽ ഓഫീസേഴ്സ് ടെസ്റ്റ് മൂന്നാം പേപ്പർ (പ്രാക്ടിക്കൽ) പരീക്ഷയ്ക്ക് ജയിൽ ഐ.ജി അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും അതായത് 30-09-1993 വരെ RICAൽ നിന്നും / SICAൽ നിന്നും 1-10-1993 മുതൽ 13-10-2003 വരെ SICAൽ നിന്നു മാത്രവും 14-10-2003 മുതൽ RICA-ൽ നിന്നും / SICA ൽ നിന്നും ആംഡ് ആന്റ് സ്ക്വാഡ് ഡ്രില്ലിൽ (റൈഫിൾ ഷൂട്ടിംഗ്, റിവോൾവർ ഷൂട്ടിംഗ് മുതലായവ) പരിശീലനം വിജയകരമായി പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് മാത്രമേ അപേക്ഷിക്കുവാൻ അർഹതയുള്ളൂ. തമിഴ് നാട്ടിലെ വെല്ലൂരിലുള്ള RICA യുടെ പേര് APCA (Academy of Prisons & Correctional Adminitsration) എന്നാക്കി മാറ്റിയിട്ടുള്ളതിനാൽ ടി സ്ഥാപനത്തിൽ നിന്നും സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളവർക്കും പ്രായോഗിക പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അല്ലാതെയുള്ളവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ട്രെയിനിംഗ് നേടിയിട്ടുള്ള സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി ജോയിന്റ് സെക്രട്ടറി, വകുപ്പുതല പരീക്ഷാവിഭാഗം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം എന്ന വിലാസത്തിൽ വകുപ്പുതല പരീക്ഷയുടെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയ്ക്കു മുൻപായി ലഭിക്കത്തക്ക വിധം അയച്ചുതരേണ്ടതാണ്.

1. R.N. 44588/85 Reg. No. KL/TV (N)34/2018-20
2. Licence No. for posting without pre payment - KL/TV(N)/WPP/165/2018-20



അല്ലാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അവരെ പ്രായോഗിക പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. മേൽ പറഞ്ഞിരിക്കുന്ന ടെസ്റ്റിന്റെ പ്രായോഗിക പരീക്ഷ തിരുവനന്തപുരത്തോ, തൃശൂരോ, കണ്ണൂരോ സൗകര്യപ്രദമായ മറ്റേതെങ്കിലും കേന്ദ്രത്തിൽ വച്ചോ നടത്തുന്നതായിരിക്കും പ്രായോഗിക പരീക്ഷ നടത്തുന്ന സ്ഥലവും തീയതിയും യഥാവസരം പ്രസിദ്ധപ്പെടുത്തുന്നതാണ്.

6. (എ) വകുപ്പുതല പരീക്ഷയുടെ ഭാഗമായി നട ത്തിയിരുന്ന ജയിൽ സബോർഡിനേറ്റ് ആഫീസേഴ്സിന്റെ പ്രായോഗിക പരീക്ഷ 22.05.2019ലെ സ.ഉ.(കൈ) 54/2019/ആഭ്യന്തരം പ്രകാരം സ്പെഷ്യൽ ടെസ്റ്റ് ആയി നടത്തുന്നതാണ്. അതിലേയ്ക്കായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്

7. Annexure – A യിൽ 31മതായി കൊടുത്തിരിക്കുന്ന കേരള പഞ്ചായത്ത് ടെസ്റ്റ്, പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിലെ യു.ഡി ക്ലാർക്കുമാർ, ഹെഡ് ക്ലാർക്കുമാർ, പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവർക്കു വേണ്ടി G.O.(MS.)No.154/75/LA & SWD dated 9-7-1975 പ്രകാരം നടത്തുന്ന പൊതുപരീക്ഷയാണ്. മുമ്പ് നടത്തിയിരുന്ന കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റ് പ്രസ്തുത ഉത്തരവ് പ്രകാരം നിർത്തലാക്കി കഴിഞ്ഞു. കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റിന്റെ എല്ലാ പേപ്പറുകളും ഇതിനകം തന്നെ ജയിച്ചിട്ടുള്ളവരെ പഞ്ചായത്ത് ടെസ്റ്റ് എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് ടെസ്റ്റിലെ ഏതെങ്കിലും പേപ്പറുകൾ ജയിക്കുവാൻ ഉള്ളവർ പഞ്ചായത്ത് ടെസ്റ്റിലെ തദനുസൃതമായ (Corresponding) പേപ്പറിന് ചേർന്ന് ജയിച്ചാൽ മതിയാകുന്നതാണ്.

(എ) Annexure – A യിൽ 8മതായി കൊടുത്തിരിക്കുന്ന Account Test (Lower) for the Ministerial and Executive Staff of KSEB വകുപ്പുതല പരീക്ഷയുടെ 3മത്തെ പേപ്പറിൽ പുതിയ സിലബസ് പ്രകാരം മാറ്റം വന്നിട്ടുള്ളതിനാൽ പ്രസ്തുത ടെസ്റ്റ് പഴയ സിലബസിൽ ഭാഗികമായി പാസ്സായവർക്ക് (പഴയ സിലബസ്സിൽ 3മത്തെ പേപ്പർ പാസ്സായവർ ഉൾപ്പെടെ) 3 മത്തെ പേപ്പർ പുതിയ സിലബസിൽ അപേക്ഷിക്കാവുന്നതും അത് വിജയിക്കുന്ന മുറയ്ക്ക് പുതിയ സിലബസിൽ ഉള്ള സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്.

(ബി) Annexure – A യിൽ 24–ാമതായി കൊടുത്തിരിക്കുന്ന Kerala Jail Officers Test- ന്റെ ഒന്നാമത്തെ പേപ്പർ പഴയ സിലബസ്സിൽ പാസ്സായവർക്ക് ടി പേപ്പർ പുതിയ സിലബസ്സിൽ അപേക്ഷിച്ചു വിജയിക്കുന്ന മുറയ്ക്ക് പുതിയ സിലബസ്സിൽ ഉള്ള സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

8. എല്ലാ ടെസ്റ്റുകളും ഭാഗികമായി പാസ്സാകാവുന്നതാണ്. അതുകൊണ്ട് പരീക്ഷാർത്ഥികൾക്ക് അവർ പാസ്സാകേണ്ട ടെസ്റ്റുകൾ മുഴുവനായോ ഒന്നോ അതിലധികമോ പേപ്പറുകൾക്ക് മാത്രമായോ ചേരുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും ONLINE മാതൃകയിലുള്ള ടെസ്റ്റുകളുടെ സമയം അക്കൗണ്ട് ടെസ്റ്റ് (ലോവർ) കെ.എസ്.ആർ, അക്കൗണ്ട് ടെസ്റ്റ് (ഹയർ) കെ.എസ്.ആർ, അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടിവ് ഓഫീസേഴ്സ് പേപ്പർ II (കെ.എസ്.ആർ) എക്സൈസ് ടെസ്റ്റ് പാർട്ട് എ & പാർട്ട് ബി എന്നിവ ഒഴികെ) ഒന്നര മണിക്കൂർ ആയിരിക്കുന്നതാണ്. (അക്കൗണ്ട് ടെസ്റ്റ് (ലോവർ) കെ.എസ്.ആർ, അക്കൗണ്ട് ടെസ്റ്റ് (ഹയർ) കെ.എസ്.ആർ, അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടിവ് ഓഫീസേഴ്സ് പേപ്പർ II (കെ.എസ്.ആർ), എക്സൈസ് ടെസ്റ്റ് (പാർട്ട് എ & പാർട്ട് ബി) എന്നീ പരീക്ഷകൾക്ക് രണ്ട് മണിക്കൂർ ആയിരിക്കും സമയ ദൈർഘ്യം.

9. ഉദ്യോഗനിയമനത്തിനുള്ള തെരഞ്ഞെടുപ്പു പരീക്ഷകൾ മലയാളം ഒഴിച്ചുള്ള പ്രാദേശിക ഭാഷകളിൽ എഴുതുന്നവർക്കു വേണ്ടി (G.O.(Ms.) No.142/66/PD dated 31-3-1966, G.O.(P)No.356/82/GAD dated 3-11-1982, G.O .(P) No. 164/84/GAD dated 31-5-1984) നടപ്പാക്കിയ മലയാളം സെക്കന്റ് ക്ലാസ്സ് ലാംഗ്വേജ് ടെസ്റ്റ് (Second Class Language Test in Malayalam) അനുബന്ധം 'എ' (Annexure – A) യിൽ 42മതായി ചേർത്തിട്ടുണ്ട്. സിലബസ്, മാർക്ക്, സമയക്രമം തുടങ്ങിയ വിശദവിവരങ്ങൾ അനുബന്ധം 'സി' (Annexure -C) യിൽ കൊടുത്തിരിക്കുന്നു.

9. (എ) ന്യൂനപക്ഷ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പ്രസ്തുത ഭാഷയിൽ പ്രായോഗിക പരിജ്ഞാനം ആവശ്യമാണെന്നതിനാൽ 12.9.1968 ലെ G.O.(MS.)No.290/68/PD പ്രകാരം ഏർപ്പെടുത്തിയ മൈനോറിറ്റി ലാംഗേജ് ടെസ്റ്റ് (തമിഴ്/കന്നട) അനുബന്ധം 'എ' (Annexure – A) യിൽ 43മതായി ചേർത്തിട്ടുണ്ട്. 19.12.1987 ലെ G.O(MS.)No.283/87/LAD പ്രകാരം കേരള മുൻസിപ്പൽ സർവ്വീസ് ജീവനക്കാർക്കും മൈനോറിറ്റി ലാംഗേജ് ടെസ്റ്റ് എഴുതാവുന്നതാണ്. സിലബസ്, മാർക്ക്, സമയക്രമം തുടങ്ങിയ വിശദവിവരങ്ങൾ അനുബന്ധം 'ഡി' (Annexure -D) യിൽ കൊടുത്തിരിക്കുന്നു.

10. Annexure – A യിൽ 47 മതായി കൊടുത്തിരിക്കുന്ന കേരള ചുമട്ടു തൊഴിലാളി നിയമങ്ങളെ സംബന്ധിച്ച വകുപ്പുതല പരീക്ഷ കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ യു.ഡി ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേനയോ തസ്തിക മാറ്റം മുഖേനയോ നിയമനം ലഭിക്കുന്നതിനായി Manual of Office Procedure, അക്കൗണ്ട് ടെസ്റ്റ് (ലോവർ) എന്നിവയ്ക്കു പുറമേ നിർബന്ധമായും ജയിച്ചിരിക്കേണ്ടതാണ്. (G.O(Rt.)No.3022/2008/തൊഴിൽ dated 31-12-2008)

11. എല്ലാ ടെസ്റ്റുകൾക്കും ജയിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ മാർക്ക് ഓരോ പേപ്പറിനും 40 % (നാൽപ്പത് ശതമാനം) ആണ്.

12. റവന്യൂ ടെസ്റ്റുകൾ 2011 ജൂലൈ മുതൽ പുതിയ സിലബസിൽ മാത്രമേ എഴുതാൻ അനുവദിക്കുകയുള്ളൂ. മുൻപ് ഭാഗികമായി പഴയ സിലബസ്സിൽ പാസ്സായിട്ടുള്ളവർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പുതിയ സിലബസിൽ നാല് പേപ്പറുകളും എഴുതി പാസ്സാകേണ്ടതാണ്. എന്നാൽ ജനുവരി 2011 വരെയുള്ള നോട്ടിഫിക്കേഷനുകൾ പ്രകാരം വില്ലേജ് ആഫീസേഴ്സ് മാന്വൽ പരീക്ഷ പാസ്സായിട്ടുള്ളവർ പുതിയ സിലബസ്സ് പ്രകാരമുള്ള റവന്യൂ ടെസ്റ്റിന്റെ നാലാമത്തെ പേപ്പറിന് വീണ്ടും പരീക്ഷ എഴുതേണ്ടതില്ല. പരീക്ഷാർത്ഥികൾ വില്ലേജ് ഓഫീസ് മാന്വൽ പരീക്ഷ മുൻപ് പാസ്സായിട്ടുള്ളതായി സ്ഥിരീകരണം നൽകുമ്പോൾ റവന്യൂ ടെസ്റ്റിന്റെ 4 പേപ്പറുകളും ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

13. Free Chanceന് ആവശ്യപ്പെടുന്ന, അന്യത്ര സേവനത്തിൽ (On Deputation) തുടരുന്ന ജീവനക്കാർ Parent Department ലെ ആഫീസ് മേധാവി / വകുപ്പ് മേധാവിയെക്കൊണ്ട് അഡ്മിഷൻ ടിക്കറ്റിലെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(എ) ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ അംഗമായിട്ടുള്ള സർക്കാർ ജീവനക്കാർ വകുപ്പുതല പരീക്ഷയ്ക്ക് ഹാജരാക്കുന്ന അഡ്മിഷൻ ടിക്കറ്റിലെ സാക്ഷ്യപ്പെടുത്തലുകൾ ബന്ധപ്പെട്ട ജനപ്രതിനിധി തന്നെ നിർവ്വഹിച്ചാലും മതിയാകും. അവരുടെ പേര്, പദവി മുതലായവ ഉൾക്കൊള്ളുന്ന സീലുകൾ യഥാസ്ഥാനത്ത് നിർബന്ധമായും പതിച്ചിരിക്കണം.

14. ഓരോ ടെസ്റ്റും അതാതു വകുപ്പിലെ ഉദ്യോഗസ്ഥർ പാസ്സായിരിക്കണമെന്ന് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിൻ പ്രകാരം നിർബന്ധമാക്കിയിട്ടുള്ളതാണ്. (ജയിൽ ടെസ്റ്റ്, കേരള സ്റ്റേറ്റ് പ്രൊബേഷൻ ടെസ്റ്റ്, രജിസ്ട്രേഷൻ ടെസ്റ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, ഫോറസ്റ്റ് ടെസ്റ്റ്, പഞ്ചായത്ത് ടെസ്റ്റ്, കോഓപ്പറേറ്റീവ് ടെസ്റ്റ്, എസ്.സി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസിലെ അംഗങ്ങൾക്കുള്ള ടെസ്റ്റ് എന്നിവ അതാതു വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് മാത്രമുള്ളതാണ്. കേരള സ്റ്റേറ്റ് പ്രൊബേഷൻ ടെസ്റ്റ് സാമൂഹ്യക്ഷേമവകുപ്പിലെ ഡിസ്ട്രിക്ട് പ്രൊബേഷൻ ആഫീസർമാരെ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിവിധ വകുപ്പുകളിലുള്ളവർക്ക് അതാതു വകുപ്പുകളിൽ നിർബന്ധിതമാക്കിയിട്ടുള്ള എല്ലാ ടെസ്റ്റുകളും എഴുതുവാൻ കഴിയത്തക്കവിധമാണ് കമ്മീഷൻ ടൈംടേബിൾ തയ്യാറാക്കുന്നത്. എന്നാൽ ഏതെങ്കിലും വകുപ്പിൽ നിർബന്ധിതമല്ലാത്ത പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ ടൈംടേബിൾ പ്രകാരം പ്രസ്തുത പരീക്ഷ എഴുതുവാൻ സാധിക്കുമെങ്കിൽ മാത്രം അപേക്ഷിക്കേണ്ടതാണ്. അല്ലാതെ അതിനായി ടൈംടേബിളിൽ മാറ്റം വരുത്തുന്നതല്ല.

15. 31.07.1986ലെ GO(Ms) No. 249/86/GAD അനുസരിച്ച് ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് (I.F.S) ലുള്ള ജൂനിയർ മെമ്പർമാർക്ക് യൂണിഫൈഡ് അക്കൗണ്ട് ടെസ്റ്റ് പ്രത്യേകം നടത്തുന്നതിനാൽ 15-12-1978 – GO(Ms) No. 549/78/GAD അനുസരിച്ചുള്ള അക്കൗണ്ട് ടെസ്റ്റ് (ലോവർ) നാല് പേപ്പറുകൾ ബാധകമായിരിക്കുന്നതല്ല. പ്രസ്തുത സർവ്വീസിലുള്ളവർ പ്രത്യേക വിജ്ഞാപന പ്രകാരം യൂണിഫൈഡ് അക്കൗണ്ട് ടെസ്റ്റിന് അപേക്ഷിച്ചു കൊള്ളേണ്ടതാണ്. ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് (I.F.S) ലുള്ള ജൂനിയർ മെമ്പർമാർ 'ഫോറസ്റ്റ് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ആന്റ് കൺട്രോളിംഗ് സ്റ്റാഫ് ' എന്ന പരീക്ഷയ്ക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കേണ്ടതില്ല. ടി പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 19.2.1985 തീയതിയിലെ GO (Ms) No. 74/85/GAD അനുസരിച്ച് പ്രത്യേകം പ്രസിദ്ധപ്പെടുത്തുന്നതാണ്.

16. Annexure-'A' യിൽ 15 മതായി കൊടുത്തിരിക്കുന്ന മുൻസിപ്പൽ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് , മുൻസിപ്പൽ ഡിപ്പർട്ട്മെന്റിൽ ജോലി ചെയ്യുന്ന ക്ലാർക്കുമാർക്കുവേണ്ടി 12.7.1978 തീയതിയിലെ G.O (Rt.)2072/78/LA &S.W.D, 25-5-1979 തീയതിയിലെ G.O(Rt.)1712/79/LA & S.W.D, 20-2-1981 തീയതിയിലെ G.O(M.S)3681/ LA & S.W.D എന്നീ ഉത്തരവുകൾ പ്രകാരം നടത്തുന്ന പരീക്ഷയാണ്. ഈ പരീക്ഷയുടേയും കേരള മുൻസിപ്പൽ ടെസ്റ്റ് മൂന്നാം പേപ്പറിന്റേയും സിലബസ് ഒന്നു തന്നെയാണ്.

17. പരീക്ഷാ ഹാളിൽ ബുക്കുകളുടെ സഹായത്തോടുകൂടി ഉത്തരമെഴുതാവുന്ന ടെസ്റ്റുകൾ (with books) ഏതെല്ലാമാണെന്ന് അനുബന്ധത്തിൽ സിലബസ് വിവരിക്കുന്നിടത്ത് വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ടെസ്റ്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങളും ( ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ മാത്രം) അവയിൽ വരുത്തിയിട്ടുള്ള ഭേദഗതികളും തൽസംബന്ധമായി ഗവണ്മെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ആക്ട് ആന്റ് റൂൾസ് മാത്രം ഉപയോഗിക്കാവുന്നതാണ്. സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് നിശ്ചിത പേപ്പറിന് നിർദ്ദിഷ്ട കാലാവധിക്ക് അനുവദിക്കുന്ന സ്വകാര്യ പ്രസിദ്ധീകരണങ്ങൾ മാത്രമേ തദനുസൃതമായി പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ അനുവാദമുള്ളൂ. ഇപ്രകാരം Time Table Notification ൽ വ്യക്തമായി പറഞ്ഞിട്ടുള്ളതല്ലാതെ സ്വകാര്യ പ്രസാധകർ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള സർവ്വീസ് റൂൾസ് തുടങ്ങിയ ഒരു സ്വകാര്യ പ്രസിദ്ധീകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല.. കുറിപ്പുകളോ വിവരങ്ങളോ അടങ്ങിയ ബുക്കുകളും ഗൈഡുകളും, അംഗീകൃത പുസ്തകങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ടൈം ടേബിൾ വിജ്ഞാപനത്തിൽ അനുവദിച്ചിട്ടുള്ള ഒഴികെ) എന്നിവയും പരീക്ഷാഹാളിൽ കൊണ്ടു വരുന്നതിന് അനുവദിക്കുന്നതല്ല. ഈ നിർദ്ദേശങ്ങൾക്ക് വിപരീതമായി പെരുമാറുന്ന പരീക്ഷാർത്ഥികളുടെ പരീക്ഷ അസാധുവാക്കപ്പെടുന്നതാണ്. അതിനോടൊപ്പം തന്നെ കമ്മീഷന് ഉചിതമെന്ന് തോന്നുന്ന മറ്റ് ശിക്ഷാ നടപടികളും സ്വീകരിക്കുന്നതാണ്. സിലബസിന്റെ നേർക്ക് (with books) എന്ന് എഴുതിയിട്ടില്ലാത്ത പരീക്ഷകൾ ബുക്കുകളുടെ സഹായമില്ലാതെ എഴുതേണ്ടതാണ്. മറ്റ് നിർദ്ദേശങ്ങൾ അഡ്മിഷൻ ടിക്കറ്റിനൊപ്പം ലഭിക്കുന്നതും അവ വായിച്ച് കൃത്യമായി പാലിക്കേണ്ടതുമാണ്.

17. (എ) മൊബൈൽ ഫോൺ, ബ്ലൂടൂത്ത്, വാക്ക്മാൻ, കാൽക്കുലേറ്റർ, സ്മാർട്ട് വാച്ച് തുടങ്ങി വിവരവിനിമയത്തിനുള്ള എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങളും പരീക്ഷാ ക്യാമ്പസിൽ കർശനമായി നിരോധിച്ചിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ പരീക്ഷാഹാളിനുള്ളിൽ കൈവശം വയ്ക്കുന്ന പരീക്ഷാർത്ഥികളുടെ പരീക്ഷ അസാധുവാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ കമ്മീഷൻ കൈക്കൊള്ളുന്നതാണ്.

18. പരീക്ഷാ ചുമതല വഹിക്കുന്ന ചീഫ് സൂപ്രണ്ടിനോടോ അസിസ്റ്റന്റ് സൂപ്രണ്ടിനോടോ അഡീഷണൽ ചീഫ് സൂപ്രണ്ടിനോടോഅപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിക്കുകയോ ഖണ്ഡിക 17 ലെ നിർദ്ദേശങ്ങൾക്ക് വിപരീതമായി പരീക്ഷാഹാളിൽ ബുക്കുകൾ കൊണ്ടു വരികയോ ചെയ്യുന്നവരുടെ പരീക്ഷ അസാധുവാക്കപ്പെടുന്നതാണ്. അതിനു പുറമേ അവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന കാലത്തോളം ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ എഴുതുന്നതിൽ നിന്നും വിലക്കുന്നതാണ്. മേൽപ്പറഞ്ഞ നടപടികൾക്കു പുറമേ മറ്റ് ഉചിതമായ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പു മേധാവികളോടും വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറോടും ശുപാർശ ചെയ്യുന്നതാണ്. കമ്മിഷനംഗങ്ങളെയോ, കമ്മീഷന്റെ സ്റ്റാഫിൽപ്പെട്ട ആരെയെങ്കിലുമോ, പരീക്ഷകനെയോ പരീക്ഷ സംബന്ധിച്ച കാര്യങ്ങൾക്കായി സ്വാധീനിക്കുവാൻ ശ്രമിക്കുകയോ അതിന് മറ്റാരെയെങ്കിലും നിയോഗിക്കുകയോ ചെയ്യുന്നവർക്കും മേൽപ്പറഞ്ഞ ശിക്ഷ നൽകുന്നതാണ്.

19. ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി വരെ പരീക്ഷാർത്ഥികൾക്ക് പേപ്പറുകൾ/മേഖല എന്നിവ മാറ്റുവാനുള്ള അവസരം അവരുടെ പ്രൊഫൈലിൽ ലഭ്യമാകുന്നതാണ്. പരീക്ഷാപേപ്പറുകൾ പരീക്ഷാർത്ഥികൾ സ്വയം തെരഞ്ഞെടുക്കുന്നതിനാൽ അവസാന തീയതിക്കു ശേഷം യാതൊരു കാരണവശാലും അനുവദിക്കപ്പെട്ട പേപ്പറുകളിൽ മാറ്റം നൽകുന്നതല്ല.

(എ) പരീക്ഷയുടെ സെന്ററുകൾ മാറ്റിക്കിട്ടണമെന്നുള്ള അപേക്ഷകൾ സാധാരണഗതിയിൽ പരിഗണിക്കുന്നതല്ല. എന്നാൽ ട്രാൻസ് ഫർ/ട്രെയിനിംഗ് മൂലം മാറ്റിക്കിട്ടണമെന്ന് ആഗ്രഹിക്കുന്നവർ അഡ്മിഷൻ ടിക്കറ്റ് കിട്ടിയതിനു ശേഷം ബന്ധപ്പെട്ട ഉത്തരവ് സഹിതം പരീക്ഷ തുടങ്ങുന്നതിനു മുമ്പ് തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വകുപ്പുതല പരീക്ഷാവിഭാഗം ജോയിന്റ് സെക്രട്ടറിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്. അത്തരം കേസുകളിൽ ലഭ്യതയ്ക്കനുസരിച്ച് പരീക്ഷാകേന്ദ്രങ്ങൾ മാറ്റി നൽകുന്നതാണ്. കമ്മീഷന്റെ ആഫീസിൽ നിന്നും ലഭിക്കുന്ന രേഖാമൂലമായ അനുവാദം കൂടാതെ സെന്ററുകളും പേപ്പറുകളും മാറി എഴുതുന്ന പരീക്ഷാർത്ഥികളുടെ പരീക്ഷാഫലം അസാധുവാക്കപ്പെടുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തങ്ങളുടെ ഇഷ്ടപ്രകാരം പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഒരു കാരണവശാലും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ Region, Region-ൽ ഉൾപ്പെടുന്ന ജില്ലകൾ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കാവുന്നതും തെരഞ്ഞെടുത്ത Region തന്നെയാണ് Online Application ൽ രേഖപ്പെടുത്തിയതെന്നും ഉറപ്പുവരുത്തേണ്ടതാണ്. അപേക്ഷകൾ അയയ്ക്കുന്ന സമയത്ത് പരീക്ഷാർത്ഥികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വകുപ്പുതല പരീക്ഷാ സംബന്ധമായുള്ള കത്തിടപാടുകൾ എല്ലാം ജോയിന്റ് സെക്രട്ടറി (വകുപ്പുതല പരീക്ഷാ വിഭാഗം), കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം, പിൻകോഡ് 695 004 എന്ന വിലാസത്തിൽ ആയിരിക്കേണ്ടതാണ്.

20. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സ്പെഷ്യൽ റൂൾ ഭേദഗതിയെ തുടർന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിട്ടു നിയമിക്കുന്ന പ്രിവന്റീവ് ആഫീസർമാർക്ക് പ്രൊബേഷനുവേണ്ടി നടത്തുന്ന വകുപ്പുതല പരീക്ഷകൾ (Excise Test Part A-I &II Papers, Part B-III Paper (MOP) എക്സൈസ് ഗാർഡ് തസ്തികയിലുള്ളവർക്ക് പ്രിവന്റീവ് ആഫീസർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് ബാധകമാക്കിയും എക്സൈസ് ഗാർഡുമാർക്ക് നടത്തിവന്നിരുന്ന "Departmental Test for Excise Guards as Preventive Officers" എന്ന പരീക്ഷ നിർത്തലാക്കിയും 20-8-2011 ലെ G.O.(P)No.26/2011/P&ARD പ്രകാരം സർക്കാർ ഉത്തരവുപുറപ്പെടുവിച്ചിരുന്നു. 2012 ജനുവരിയിലെ വകുപ്പുതല പരീക്ഷകൾ മുതൽ ടി ഉത്തരവിന് പ്രാബല്യം നൽകി നടപ്പിലാക്കി വരികയാണ്. ആയതിനാൽ വകുപ്പുതല പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന എക്സൈസ് ഗാർഡ് തസ്തികയിലുള്ളവർ പ്രിവന്റീവ് ആഫീസർ തസ്തികയിലുള്ളവർക്ക് കമ്മീഷൻ ഇപ്പോൾ നടത്തി വരുന്ന വകുപ്പുതല പരീക്ഷകളുടെ പേപ്പറുകൾ തെരഞ്ഞെടുക്കേണ്ടതാണ്.

21. താഴെ പറയുന്ന ന്യൂനതകളുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

1. മതിയായ അപേക്ഷാ ഫീസ് ഇല്ലാത്ത അപേക്ഷകൾ.
2. പരീക്ഷാഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനുള്ള അർഹത ഇല്ലാതെ സൗജന്യ അവസരം ലഭിക്കുന്നതിന് അപേക്ഷിച്ചവരുടെ അപേക്ഷകൾ.
3. ഒരു സർട്ടിഫിക്കറ്റിനാവശ്യമായ പേപ്പറുകൾക്ക് മുഴുവനായോ ഭാഗികമായോ സൗജന്യ അവസരം ഒരു തവണ രേഖപ്പെടുത്തുകയും പിന്നീട് സൗജന്യ അവസരത്തിന് അപേക്ഷിക്കുകയും ചെയ്തിട്ടുള്ളവർ.
4. നിർദ്ദേശ പ്രകാരമല്ലാത്ത ഫോട്ടോയോടുകൂടിയ അപേക്ഷകൾ.

പ്രസ്തുത ന്യൂനതകൾ ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ അറിയിപ്പൊന്നും കൂടാതെ അപേക്ഷ നിരസിക്കുവാനും പരീക്ഷാഫലം അസാധുവാക്കുവാനും കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

22. താഴെ പറയുന്ന ന്യൂനതകളുള്ളവരുടെ പരീക്ഷാഫലം അസാധുവാക്കുന്നതാണ്.

1. അഡ്മിഷൻ ടിക്കറ്റിലെ സാക്ഷ്യപ്പെടുത്തലുകൾ യഥാവിധി നിർവ്വഹിക്കാതിരിക്കുക.
2. ഫീസ് സൗജന്യം അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാതിരിക്കുകയും ചെയ്യുക.
3. അഡ്മിഷൻ ടിക്കറ്റ് പ്രകാരം അനുവദിക്കാത്ത പേപ്പറുകൾക്ക് പരീക്ഷ എഴുതുക.
4. അഡ്മിഷൻ ടിക്കറ്റിലെ ഫോട്ടോയ്ക്കു മുകളിൽ മറ്റു ഫോട്ടോ ഒട്ടിച്ച് പരീക്ഷയ്ക്കു ഹാജരാകുക.

23 അഡ്മിഷൻ ടിക്കറ്റ്

പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് തിരിച്ചറിയൽ കാർഡ് എന്നിവ പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതും പരിശോധനയ്ക്കായി അധികൃതർക്ക് കൈമാറേണ്ടതുമാണ്. അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത പക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. അഡ്മിഷൻ ടിക്കറ്റ് സാക്ഷ്യപ്പെടുത്തുമ്പോൾ പരീക്ഷാർത്ഥിയുടെ ഒപ്പ്, ഫോട്ടോ, പേര് എന്നിവയും ഫ്രീചാൻസ് അവകാശപ്പെടുകയാണെങ്കിൽ ആയതും പരിശോധിച്ച് മേലധികാരി ബന്ധപ്പെട്ട കോളങ്ങളിൽ ✓ മാർക്ക് ചെയ്തുവെന്നും ഓഫീസ് മുദ്രയോടൊപ്പം സാക്ഷ്യപ്പെടുത്തുന്ന മേലധികാരിയുടെ ഒപ്പ്, പേര് , തസ്തികയുടെ പേര് എന്നിവയോരോന്നും വ്യക്തമായിത്തന്നെ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ഉറപ്പു വരുത്തേണ്ടതാണ്. ആഫീസ് സീൽ മേലധികാരിയുടെ ഔദ്യോഗിക പദവിക്ക് തെളിവായി സ്വീകരിക്കുന്നതല്ല. അപേക്ഷകൻ തന്നെ ആഫീസ് മേലധികാരിയാണെങ്കിൽ അദ്ദേഹത്തിന്റെ മേലധികാരിയുടെ മേലൊപ്പും വാങ്ങിക്കേണ്ടതാണ്. ഇവയിൽ ഏതെങ്കിലുമൊന്ന് വിട്ടുപോകുന്നതിനാലും അപൂർണ്ണമോ, അവ്യക്തമോ ആയ സാക്ഷ്യപ്പെടുത്തലുകൾ കാരണം പരീക്ഷാർത്ഥികൾക്ക് പരീക്ഷ എഴുതുവാനുള്ള അവസരം നഷ്ടമാകുന്നതാണ്.

24. വകുപ്പുതല പരീക്ഷകൾക്ക് ഓൺലൈനായി സമർപ്പിച്ച അപേക്ഷകളുടെ ആദ്യഘട്ട സൂക്ഷ്മ പരിശോധനയിൽ സാധുവായി കണ്ടെത്തുന്നവരെ മാത്രം സോപാധികമായി പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതാണ്. പരീക്ഷാഹാളിലെ വിദഗ്ധ പരിശോധനയിൽ ഏതെങ്കിലും തരത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നവരുടെ പരീക്ഷാഫലം അസാധുവാക്കുന്നതാണ്.

25. അപേക്ഷകൾ വിജയകരമായി സമർപ്പിച്ചു (Successfully uploaded/Received) എന്നതുകൊണ്ട് അപേക്ഷകൾ അന്തിമമായി സ്വീകരിക്കപ്പെട്ടു എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയതിന് ശേഷം മാത്രമേ അപേക്ഷകളുടെ സ്വീകാര്യത സംബന്ധിച്ച് അറിയുവാൻ സാധിക്കുകയുള്ളൂ.

26. പരീക്ഷാർത്ഥികൾ Region തിരഞ്ഞെടുക്കുന്ന സമയത്തും e-payment ആയി ഫീസ് ഒടുക്കുന്ന സമയത്തും നൽകുന്ന 'Alert' കൃത്യമായി ശ്രദ്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

27. അപേക്ഷകൻ ഒരു പ്രൊഫൈലിലൂടെ തന്നെ അപേക്ഷ സമർപ്പിച്ച് ബന്ധപ്പെട്ട പേപ്പറുകൾ വിജയിച്ചാൽ മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. രണ്ട് പ്രൊഫൈൽ വഴി അപേക്ഷ നൽകി വിജയിച്ച ശേഷം സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടാൽ നൽകുന്നതല്ല. ഒരു പരീക്ഷയുടെ എല്ലാ പേപ്പറുകളും ഒറ്റ പ്രൊഫൈൽ വഴി തന്നെ അപേക്ഷിച്ചു വിജയിച്ചിരിക്കണം. ഒരു പരീക്ഷാർത്ഥി ഒന്നിൽ കൂടുതൽ പ്രൊഫൈൽ സൃഷ്ടിക്കാൻ പാടുള്ളതല്ല.

28. ഏതെങ്കിലും കാരണവശാൽ വകുപ്പുതല പരീക്ഷകൾ റദ്ദാക്കുകയോ, മാറ്റിവെയ്ക്കുകയോ ചെയ്യുന്ന പക്ഷം ആയത് സംബന്ധിച്ച വിവരങ്ങൾ പത്ര ദൃശ്യമാധ്യമങ്ങൾ വഴി മാത്രം അറിയിക്കുന്നതാണ്. പരീക്ഷാർത്ഥികൾക്ക് വ്യക്തിഗത മെമ്മോ നൽകുന്നതല്ല.

**അപേക്ഷകൾ 2020 ജനുവരി 15 രാത്രി 12 മണി വരെ സ്വീകരിക്കുന്നതാണ്.**

**വിവിധ ഡിപ്പാർട്ടുമെന്റൽ പരീക്ഷകളെ സംബന്ധിക്കുന്ന അനുബന്ധങ്ങൾക്ക് (എ, ബി, സി, ഡി) വെബ്സൈറ്റ് സന്ദർശിക്കുക**

Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.